# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII As. 2 No. 303

22nd May 1950

സിനിമാപംക്തി

# ശാന്താറാം

—൦

ഭാരതീയ ചലച്ചിത്രവ്യവസായത്തിന്റെ പുരോഗതിക്ക് ഗണ്യമായി സഹായിച്ചിട്ടുള്ള ഒരു പ്രമുഖ ഡയറക്ടറാണ് ശാന്താറാം. "രാമരാജ്യം" "സിക്കന്തർ" "[illegible]" "[illegible]" "[illegible]" "ശകുന്തള" മുതലായ പ്രഖ്യാതചിത്രങ്ങളെല്ലാം ശാന്താറാമാണ് സംവിധാനം ചെയ്തിട്ടുള്ളത്. അദ്ദേഹം ഒരു സർവ്വകലാശാലാബിരുദധാരിയല്ല. എങ്കിലും മനോജ്ഞമായ ഭാവനാവൈഭവവും അകൃത്രിമസുന്ദരമായ വിനോദഭാവനകളും അദ്ദേഹം ഡയറക്ടുചെയ്തിട്ടുള്ള ചിത്രങ്ങളിൽ സമൃദ്ധമായി കാണാം. അദ്ദേഹത്തിന്റെ എല്ലാ ചിത്രങ്ങളും ആദർശസൗരഭ്യം പൊഴിയുന്നതും സംസ്കാരസമ്പന്നവുമാണ്.

ശാന്താറാമിന്റെ ഓരോ ചിത്രവും പ്രേക്ഷകലോകത്തിന് ഓരോ പുതിയ സന്ദേശം [illegible]...

## ഡയറക്ഷൻ

## ഫിലിംവാർത്തകൾ

## വിഷയവിവരം

പേജ്


1. സിനിമാപംക്തി 2
2. ചിത്രങ്ങൾ 3
3. ഈ ആഴ്ചയിലെ നക്ഷത്രഫലം
തകഴി കെ. രാമവാര്യർ 4
4. സംസ്കാരത്തിന്റെ മാനദണ്ഡം
മനുഷ്യത്വം — എസ്. കെ. നായർ 5
5. സർക്കാർപാട്ടുകളിലെ ഭരണഭാഷ
എൻ. രാഘവൻ അയ്യമ്പിള്ള 5
6. ഭാരതവും സ്വാതന്ത്ര്യസമ്പാദനവും
[illegible] പി. ഗോവിന്ദപ്പിള്ള 6
7. ശാസ്ത്രീയത
[illegible] ആർ. നരേന്ദ്രനാഥ് 7
8. ചിത്രങ്ങൾ 8-9
9. [illegible] (ചെറുകഥ)
കെ. എൻ. ദാമോദരൻനായർ 10
10. മഴയുടെ ആരംഭത്തിൽ (കവിത)
പാട്ടത്തിൽ വാസുദേവമേനോൻ 11
11. കർഷകനോട്
പുത്തൂർ എൻ. ദിവാകരൻ ,,
12. കാർട്ടൂൺ 12
13. വിജ്ഞാനവീഥി
എം. ആർ. കൃഷ്ണപിള്ള ,,
14. [illegible]
പി. ദാമോദരൻപിള്ള 13
15. സ്വാതന്ത്ര്യം അവകാശം — നവനാ 14
16. ഗ്രന്ഥാവലോകനം 15
17. ഹാസ്യപംക്തി ,,
18. സ്ത്രീകളും കലകളും (വനിതാപംക്തി)
മിസ്സിസ് സരോജിനിനായർ 16


മുഖചിത്രം—പത്മനാഭസ്വാമിക്ഷേത്രം തിരുവിതാംകൂർ [illegible] ശ്രീപത്മനാഭസ്വാമിക്ഷേത്രഗോപുരത്തിന്റെ മുകളിൽ നിന്ന് എടുക്കപ്പെട്ടത്.

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം ൧൧൨൫ ഇടവം ൯-ാംനു തിങ്കളാഴ്ച 22nd May 1950. | ലക്കം ൩൦൩


## സർദാർ പട്ടേലിൻെറ തിരു-കൊച്ചി സന്ദർശനം









മുകളിൽ ഇടത്തു്: സർദാർപട്ടേൽ തിരുവിതാംകൂർ സർവ്വകലാശാലാസ്റ്റേഡിയത്തിൽ പ്രസംഗിക്കുന്നതു്. വലതുവശം:—സർദാർ പട്ടേൽ ബോൾഗാട്ടിയിൽ; ഇടത്തുനിന്നു വലത്തോട്ടു്: വി. പി. മേനോൻ, കൊച്ചീ മഹാരാജാവു്, പട്ടേലിൻെറ പ്രൈവറ്റു സെക്രട്ടറി ശ്രീ ശങ്കറിൻെറ പത്നി, സർദാർ പട്ടേൽ, ശ്രീ. ശങ്കറിൻെറ പുത്രി ലീലാശങ്കർ, രാജപ്രമുഖൻ, കമഡോർ എല്ലിസൻ. താഴെ—എറണാകുളം കാളേജു് ഗ്രൌണ്ടിൽ ഒരുലക്ഷത്തോളം വരുന്ന ജനക്കൂട്ടത്തെ അഭിമുഖീകരിച്ചുകൊണ്ടു് സർദാർ പട്ടേൽ പ്രസംഗിച്ചയവസരത്തിലെടുത്ത ചിത്രം. സർദാറിനരികിലായി രാജപ്രമുഖനും അതിനടുത്തു് പ്രൈവറ്റുസെക്രട്ടറി ശങ്കറുമിരിക്കുന്നു. താഴെ ഇടത്തു്: എംപ്ലോയീസ് സ്റ്റേറ്റു് ഇൻഷ്വറൻസ് കോർപ്പറേഷൻ അംഗങ്ങളുടെ ബഹുമാനാർത്ഥം മേ ൬-ാംനു ന്യൂഡെൽഹിയിലെ ഗവമെൻറു് ഹൗസിൽവച്ചു് ഒരു സ്വീകരണസൽക്കാരം നൽകിയ തൊഴിലാളി മന്ത്രി ശ്രീ. ജഗജ്ജീവൻറാം സൽക്കാരത്തിൽ പങ്കുകൊണ്ടു പ്രധാനമന്ത്രിയുമായി ഹസ്തദാനം ചെയ്തു് സംഭാഷണം നടത്തുന്നു. സമീപത്തു് കാർപ്പൊറേഷൻ പ്രസിഡൻറു് ഡാ: കന്യാൽ നിൽക്കുന്നു.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

8-10 125 മുതൽ 14-10-125 വരെ
22-5-1950 „ 28-5-1950 „

തകഴി കെ. രാമവാര്യർ

അശ്വതി—ശാരീരികമാനസികക്ലേശങ്ങൾക്കിടയുണ്ട്. കാര്യസിദ്ധിക്കുവേണ്ടി നല്ലവണ്ണം പ്രയത്നിക്കും, പ്രവൃത്തികൾ പുരോഗതിയെ പ്രാപിച്ചുതുടങ്ങും. ചില കലഹങ്ങളിൽ ഉൾപ്പെടേണ്ടതായിവരും. കളത്രപരമായ വിഷമതകളും ഉണ്ടാകും.

ഭരണി—ധനക്കുഴപ്പം ശത്രുതയ്ക്കിടവരുത്തും. മനസ്സുഖക്കുറവുകളും വ്യയംവർദ്ധനവും ചെയ്യും. ഗൃഹാവശ്യങ്ങൾക്കു അമിതമായി പണം വേണ്ടിവരും. ഉന്മേഷരഹിതനായി ചിന്താഗ്രസ്തനായി കഴിഞ്ഞുകൂടും.

കാർത്തിക—സന്താനങ്ങളാൽ സന്തോഷവും സുഖവും ലഭിക്കും. ശത്രുക്കളുമായുള്ള ഇടപാടുകൾ സമാധാനത്തിൽ കലാശിക്കും. പ്രവർത്തനം ആദായത്തിലെത്തും. പരക്ഷേമതാല്പര്യത്താൽ പണം ചെലവാകാനിടയില്ലെങ്കിലും കാര്യങ്ങൾ മുറയ്ക്കു നടക്കും.

രോഹിണി—സഹോദരസഹായവർഗ്ഗങ്ങൾ കാരണമായി സ്വൈരതയ്ക്കു ഭംഗവും വ്യവസായത്തിന് അഭിവൃദ്ധിക്കുറവും നഷ്ടവും നേരിടും. പതിനൊന്നാംതീയതിക്കുശേഷം എല്ലാത്തിനും ഗുണകരമായ പരിവർത്തനം കണ്ടുതുടങ്ങും.

മകയിരം—സ്നേഹിതന്മാരുടെ സഹായത്താലും ആത്മാർത്ഥമായ പ്രവൃത്തികൊണ്ടും പല നല്ല കാര്യങ്ങളും നടപ്പിലാക്കാൻ കഴിയും. വ്യാപാരാദി അനുകൂലമെങ്കിലും ലാഭം കുറവായിരിക്കും. ഗൃഹസുഖവും മനസ്സുഖവും ലഭിക്കും. സന്താനാരിഷ്ടത കാണും.

തിരുവാതിര—സ്ത്രീകൾക്കാകമാനം ചിത്തശല്യം വളരും. ഉദരാമയങ്ങൾ പിടിപെടാനിടയുണ്ട്. ചുമതലയേറിയ പല കാര്യങ്ങളിലും അലച്ചിലുകളും ക്ലേശവും കൂടിയിരിക്കും. അപവാദവും സ്ഥാനചലനവും ഉണ്ടാകും. രക്തശുദ്ധി കുറയും.

പുണർതം—പ്രവൃത്തികളിൽ വിജയവും അഭിമാനവും വരുമാനവും സിദ്ധിക്കും. പൊതുജനക്ഷേമത്തെ മുൻനിർത്തി പല കാര്യങ്ങളിലും പ്രവേശിക്കും. ജലദോഷവും നീർവീഴ്ചകളും ഉണ്ടാകും. ദിനചര്യകൾ തെറ്റും.

പൂയം—സ്വജനവിരോധം അധികൃതവിദ്വേഷം വിരുദ്ധപ്രവൃത്തികളിൽ ആസക്തി സഭ്യേതരസഹവാസം പരസ്പരവിരുദ്ധമായ ചിന്താഗതി വാതരോഗപീഡ ധനത്തിന് വിഷമത ഇവ ഫലം. വാരാന്ത്യം ഗുണഫലമായിരിക്കും.

ആയില്യം—വേണ്ടപ്പെട്ടവരെക്കൊണ്ടു കാര്യലാഭമുണ്ടാകും. സാമൂഹ്യപ്രവർത്തനങ്ങളിൽ പ്രവേശിക്കും. ഉന്നതവ്യക്തികളുടെ ആനുകൂല്യത്താൽ വരുമാനം വർദ്ധിക്കും. കളത്രസുഖം കുറവായിരിക്കും.

മകം—നല്ല കാര്യങ്ങളിൽ പ്രവേശിച്ച് പൊതുജനപ്രീതിയാർജ്ജിക്കും. സൃഷ്ടിപരമായ വിമർശനങ്ങൾ പലതും നടത്തും. ദേശീയകാര്യങ്ങളിൽ പ്രതിപത്തി ജനിക്കും. കുടുംബത്തിൽ അന്തഃഛിദ്രം വളരും. അപവാദവും അസ്വാസ്ഥ്യവും പ്രത്യക്ഷപ്പെടും. പണക്കുഴപ്പം കൂടിവരും.

പൂരം—അകാരണമായി അനർത്ഥങ്ങൾക്കിടവരുത്തും. മേലധികാരികളുടെ വിരോധത്തിനിടവരും. വ്യവസായങ്ങളിൽ അലസതമൂലം നഷ്ടം സംഭവിക്കും. പൊതുവെ മനഃസ്വസ്ഥതകുറവായിരിക്കും. രക്തകോപവും വായുക്ഷോഭവും ഉണ്ടാകും. പരിവർത്തനവും നേരിടും.

ഉത്രം—വ്യാപാരത്തിന് അഭ്യുദയപരമായ ലക്ഷണങ്ങൾ കണ്ടുതുടങ്ങും. സ്ഥാപിതതാല്പര്യക്കാരുടെ ഗൂഢപ്രവർത്തനം കാര്യനടത്തിപ്പിന് വിഘാതമായേക്കും. ഉററസ്നേഹിതരുടെയും പൊതുജനപിന്തുണയുണ്ടായിരിക്കും.

അത്തം—സാങ്കേതികകാരണങ്ങളാൽ കാര്യനഷ്ടമുണ്ടാകും. ആശ്രിതരാൽ ഉണ്ടാകുന്ന ദുരിതങ്ങൾ തരണംചെയ്യുവാൻ തീവ്രയത്നങ്ങൾ വേണ്ടിവരും. പ്രതീക്ഷകൾക്കു കടകവിരുദ്ധമായി പലതും സംഭവിക്കും. എന്നാൽ അഭിമാനപൂർവ്വം കാര്യങ്ങൾ നടത്തുന്നതിനുള്ള സാഹചര്യങ്ങളുണ്ടാകും.

ചിത്തിര—ലളിതകലകളിൽ പ്രതിപത്തി വളരും. അന്യരുടെ കാര്യങ്ങൾക്കു വേണ്ടി പ്രയത്നിക്കും. തൊഴിൽപരമായ പുഷ്ടിയും ഗുണവും പ്രതീക്ഷിക്കാം. പലരുടെയും വിമർശനങ്ങൾക്കിടയാകും.

ചോതി—നല്ലകാര്യങ്ങൾക്കുവേണ്ടി ധാരാളം പണം ചെലവാക്കും. ഭാര്യയുടെ നിമിത്തമായി ദുഃഖവും വ്യയവും വർദ്ധിക്കും. പ്രവൃത്തികളിൽ ആദായവും ശ്രദ്ധയും കുറവായിരിക്കും.

വിശാഖം—സ്വപ്രവർത്തനങ്ങളിൽ യഥാവസരമിടപെട്ട ആദായമുണ്ടാകും. പല നിഗൂഢപ്രവർത്തനത്തിലുമിടപെടുന്ന കൂട്ടർ വഞ്ചിക്കുവാൻ സമീപിക്കും. തെററിദ്ധാരണകൾ വേണ്ടപ്പെട്ടവർക്കുണ്ടാകും. കുടുംബജനങ്ങൾക്ക് അരിഷ്ടതയും വേർപാടുകളും ഉണ്ടാകും.

അനിഴം—വിദ്യാഭ്യാസവിഷയത്തിലും വ്യവഹാരങ്ങളിലും വ്യാപാരരംഗത്തിലും അനുകൂലസാഹചര്യങ്ങൾ സംജാതമാകും. സ്നേഹിതരുടെ സ്നേഹാദരങ്ങൾ സിദ്ധിക്കും. വഞ്ചനകൾ സംഭവിക്കാതെ സൂക്ഷിക്കണം.

തൃക്കേട്ട—സ്വപ്രവൃത്തികൾക്കു തന്നെയും സമയം തികയാതെ വിഷമിക്കും. വിവാദങ്ങളാൽ മനഃസുഖം കുറയും. അനാരോഗ്യത്തിനും സന്താനാരിഷ്ടതയ്ക്കുമിടയുണ്ട്. കളത്രവിരഹത്തിനും ബന്ധുവിരോധത്തിനും വഴിതെളിയും.

മൂലം—ചുമതലയേറിയ പല കാര്യങ്ങളിൽ മനസ്സു പുകഞ്ഞുകൊണ്ടിരിക്കും. തന്റെ സ്ഥാനം സമുദായകാര്യത്തിലുയരുന്നതിനും സാമ്പത്തികനഷ്ടങ്ങൾ സംഭവിക്കാതിരിപ്പാനും ശ്രദ്ധിക്കും. കർമ്മപുഷ്ടിയും ആശ്രിതസഹായവും സിദ്ധിക്കും.

പൂരാടം—ആത്മാർത്ഥമായി സ്നേഹിച്ചവർ അകലുവാൻ സംഗതിയാകും. പ്രവർത്തനങ്ങളിൽ പലവിധ തടസ്സങ്ങളുണ്ടാകും. ആഗ്രഹംപോലെ കാര്യങ്ങൾ പുരോഗമിക്കയില്ല. എപ്പോഴും ഒരു നഷ്ടത്തിന്റെ പ്രതീതിയുണ്ടായിക്കൊണ്ടിരിക്കും.

ഉത്രാടം—പണത്തിന്റെ ഞെരുക്കം എല്ലാ കാര്യങ്ങളിലും അനുഭവപ്പെടും. കാര്യമില്ലാത്ത സംഗതികളിൽ ചെന്നുപെട്ടു വിഷമിക്കും. സ്വകൃത്യങ്ങൾ നിർവ്വഹിക്കാതിരിക്കും. സൽക്കാരനിരതനായിരിക്കും. അവ്യവസ്ഥിതമായ ചില ലാഭങ്ങളും ലഭിക്കും.

തിരുവോണം—ക്ലേശനിർഭരമായ കാര്യങ്ങൾ തരണംചെയ്യുവാൻ കഴിവുണ്ടാകും. അഭിപ്രായങ്ങൾ തുറന്നു പറയുന്നതിനാൽ പല കാര്യങ്ങളും അനുകൂലമായി പരിണമിക്കും. ശാരീരികമായ ചില അസുഖങ്ങൾ ഉണ്ടാകും.

അവിട്ടം—ആലോചനക്കുറവുമൂലം നഷ്ടവും ഇതരന്മാരിൽനിന്നും അപവാദവും പരുഷമായ പെരുമാററംകൊണ്ടു സ്വജനവൈരവും ഭരണീയന്മാരുടെ ഭിന്നിപ്പും ശരീരത്തിന് അസ്വാസ്ഥ്യവും ഉണ്ടാകും.

ചതയം—പല വിഷമതകൾക്കും കാരണമുണ്ടാകും. സ്നേഹിതരുടെ സഹായം ലഭിക്കും. സ്വന്തം താല്പര്യങ്ങൾ നിറവേറാൻ തന്നെയും പ്രയാസങ്ങൾ നേരിടും. ശാരീരികമാനസികസുഖങ്ങൾ ഇല്ലെന്നു വിചാരിക്കും.

പൂരുരുട്ടാതി—ദിനചര്യയുടെ ഭേദനിമിത്തം അസുഖവും യാത്രാക്ലേശവും സ്നേഹിതവിരോധവും ഉണ്ടാകും. ചിരപ്രതീക്ഷിതങ്ങളായ ചില കാര്യങ്ങൾ നടപ്പിലാകും. പണക്കുഴപ്പം പ്രതീക്ഷിതകാര്യങ്ങൾക്കു വിഘ്നം വരുത്തും. ദൃഷ്ടിദോഷമുണ്ടാകുവാൻ ചിലർ മുതിരും.

ഉത്രട്ടാതി—പ്രവൃത്തികളിൽ വിജയവും ഉത്തമസ്നേഹിതരുടെ സംസർഗ്ഗവും ആതിഥ്യവും സഹായാനുകൂല്യവും ഉണ്ടാകും. തൊഴിൽപരമായ അഭിവൃദ്ധിയും ആദായവും ലഭിക്കും. സന്താനങ്ങളുടെ അഹിതമായ പ്രവൃത്തികൾ ചിത്തശല്യത്തിനു ഹേതുവായിത്തീരും.

രേവതി—അധികൃതകാര്യങ്ങളാൽ സന്തോഷവും വ്യവഹാരാദികളിൽ വ്യഗ്രതയും പരിസരം പുഷ്ടിപ്പെടുത്തുന്നതിന് പണിയെടുക്കലും ആദായങ്ങൾ കണക്കുപറഞ്ഞുവാങ്ങുകയും ആത്മസ്നേഹിതരാൽ ആദായമാർഗ്ഗം തെളിയുകയും ഗൃഹകാര്യങ്ങളിൽ പണച്ചെലവുനേരിടുകയും കളത്രസുഖം കുറയുകയും ഫലം.

—o—

# കോഴിക്കോട്ടെ പ്രക്ഷേപണനിലയം ഉൽഘാടനം പ്രമാണിച്ച

## സർദാർ കെ. എം. പണിക്കരുടെ സന്ദേശം

കോഴിക്കോട്ടു നഗരത്തിൽ ഒരു പ്രക്ഷേപണകേന്ദ്രം ആരംഭിക്കുന്നതു് കേരളീയരായ എല്ലാവർക്കും സന്തോഷപ്രദമായ സംഗതിയാണെന്നുള്ളതിനു സംശയമില്ല. കേരളഭാഷയുടെ അഭിവൃദ്ധിക്കും, കേരളീയസംസ്കാരത്തിന്റെ വളർച്ചയ്ക്കും ഈ കാലത്തു അത്യാവശ്യമായ ഒരു കാര്യമാണു പ്രക്ഷേപണം. ഭാരതത്തിന്റെ നാനാഭാഗങ്ങളിലും, സിലോൺ, ബർമ്മ, മലയാ മുതലായ അയൽരാജ്യങ്ങളിലും അധിവസിക്കുന്ന മലയാളികൾക്കു സ്വന്തം ഭാഷയിൽതന്നെ വാർത്താവിതരണങ്ങളും, കാവ്യസംഗീതനാടകാദികളും, കേൾക്കുവാൻ സാധിക്കുന്നതു് എത്ര സന്തോഷകരമാണെന്നു വിദേശങ്ങളിൽ അധികകാലം താമസിച്ചിട്ടുള്ളവർക്കു മാത്രമേ അറിയാൻ സാധിക്കുകയുള്ളു. അതുപോലെതന്നെ കേരളീയരുടെ ഐക്യം പുലർത്തുന്നതിനും, ഗ്രാമങ്ങളിൽ വിദ്യാഭ്യാസപരമായ പ്രവൃത്തികൾ വപുലപ്പെടുത്തുന്നതിനും ഈ പ്രക്ഷേപണകേന്ദ്രം ഉപയുക്തമായിത്തീരുമെന്നുള്ളതും തീർച്ചതന്നെ.

കോഴിക്കോട്ടു നഗരത്തിൽ ഈ കേന്ദ്രം സ്ഥാപിച്ചതു എല്ലാംകൊണ്ടും ഉചിതമായി എന്നുള്ളതിനു തർക്കമില്ല. കോഴിക്കോട്ടിന്റെ പുരാതനമാഹിമ ആരോടും പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ചൈനതൊട്ടു യൂറോപ്പുവരെ ഈ നഗരത്തിന്റെ കീർത്തി ഒരുകാലത്തു വ്യാപിച്ചിരുന്നു. ചെങ്ങ്ഹോ എന്ന ചൈനീസ മഹാനാവികൻ നൂറു കപ്പലുമായി കോഴിക്കോട്ടുവന്നെത്തതും, വാസ്ക്കോഡിഗാമയും പടക്കപ്പലുകളും യൂറോപ്പിൽനിന്നു ആദ്യമായി കോഴിക്കോട്ടെത്തിയതും ചരിത്രപ്രധാനമായ സംഗതികളാണു്. സാഹിത്യത്തിലും ലളിതകലകളിലും കോഴിക്കോട്ടിനു അത്യുന്നതമായ സ്ഥാനമുണ്ടെന്നു പറയേണ്ടതില്ലല്ലോ. നാട്യകലയിൽ പ്രാഗത്ഭ്യമർഹിക്കുന്ന കൃഷ്ണനാട്ടം കോഴിക്കോട്ടാണു ഉത്ഭവിച്ചതു്. മാനവേദൻ, കാക്കശ്ശേരി, ഉദ്ദണ്ഡശാസ്ത്രികൾ മുതലായ സാഹിത്യകേസരികൾ കോഴിക്കോട്ടിനോടു ബന്ധപ്പെട്ടവരാണല്ലോ. ഇങ്ങിനെ എല്ലാംകൊണ്ടും പ്രശസ്തമായ ഒരു നഗരത്തിൽ ഈ പ്രക്ഷേപണകേന്ദ്രം സ്ഥാപിതമായതു കേരളീയർക്കു അഭിമാനകരമാണു്. ഈ കേന്ദ്രത്തിനു സർവ്വവിധമായ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.



മേ ൧൪-ാംനു കോഴിക്കോട്ടു ഉൽഘാടനം ചെയ്യപ്പെട്ട പ്രക്ഷേപണനിലയം. ഇതു് ഇന്ത്യയിലെ ൨൧-ാമത്തെ പ്രക്ഷേപണകേന്ദ്രമാണു്.

സന്ധ്യയും
അഗ്നിഹോത്രവും
(വിസ്തൃതമായ വൈദികാരാധനക്രമവും നിത്യകർമ്മവിധാനവും)
225-പേജ്. 1 ക. 14 ണ.
[ഹിന്ദുമഹാമണ്ഡലത്തിനോടു ബന്ധിച്ചുള്ള ആര്യസമാജം സ്റ്റാളിലും വാങ്ങാം.]
അപേക്ഷിക്കുക:—
വേദബന്ധു, ആര്യസമാജം,
തിരുവനന്തപുരം.

ഒന്നാന്തരം റബ്ബർമുദ്രകൾ
വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ
മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണു്.
മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

# സംസ്കാരത്തിന്റെ മാനദണ്ഡം മനുഷ്യത്വം

അടുത്ത ഭാവിയിൽ രൂപവൽക്കരിക്കാൻ പോകുന്ന ഭാരതത്തിലെ മന്ത്രിസഭയെപ്പററി രസികനായ ഒരു സുഹൃത്ത് ഇങ്ങനെ ഒരു വിനോദഭാവന പുറപ്പെടുവിക്കുകയുണ്ടായി. ഇന്ത്യയിൽ അഭ്യസ്തവിദ്യർ എട്ടു ശതമാനമേ ഉള്ളൂ. ഭൂരിപക്ഷവും നിരക്ഷരകുക്ഷികളാണ്. പ്രായപൂർത്തിവോട്ടവകാശം സിദ്ധിച്ച ഭാരതീയരിൽ ഭൂരിപക്ഷമുള്ള ഈ നിരക്ഷരകുക്ഷികളുടെ പ്രതിനിധികളായിരിക്കും അടുത്ത മന്ത്രിസഭയിൽ ഭരണകർത്താക്കളായി തിരഞ്ഞെടുക്കാൻ പോവുക. പ്രധാനമന്ത്രി തീർച്ചയായും ഒരു ഒന്നാംതരം ഗ്രന്ഥവിദ്വേഷിയായിരിക്കും. അദ്ദേഹത്തിന്റെ സഹമന്ത്രിമാരും അതേവിധമുള്ളവരായിരിക്കുമല്ലോ. ന്യൂനപക്ഷീയരായ അഭ്യസ്തവിദ്യർക്ക് ഭയങ്കരമായ മർദ്ദനപരിപാടി ഈ ഭരണകൂടത്തിൽനിന്നും നേരിടേണ്ടിവരുമെന്നുള്ളതും തീർച്ചയാണ്. എന്തായിരിക്കാം ആ മർദ്ദനപരിപാടികൾ? വിദ്യാഭ്യാസകേന്ദ്രങ്ങൾ ഒന്നാകെ അടച്ചുപൂട്ടും; ഗ്രന്ഥങ്ങൾ മുഴുവൻ നശിപ്പിക്കും; പണ്ഡിതന്മാരെ ജയിലിൽ അടയ്ക്കും. എത്ര ഭയാനകമായ ഭാവിയാണ്! ചില്ലറ ചില ഗുണങ്ങൾ അക്കാലത്തുമുണ്ടായേക്കാം. പത്രങ്ങളും വാരികകളും വായിക്കുക, എന്ന പ്രയാസമേറിയ ജോലിയിൽനിന്നും നാം രക്ഷപ്പെടും. വിശേഷിച്ചും വർഗ്ഗീയപത്രങ്ങളെയും അവ സൃഷ്ടിച്ചുവിടുന്ന വിഷജന്തുക്കളായ വർഗ്ഗീയവാദികളെയും നാട്ടിൽകാണാനിടവരികയില്ല. നിരക്ഷരകുക്ഷികളുടെ ഈ ഭരണകൂടത്തിൽ രണ്ടേരണ്ടു ഉപാധികളേ ഉണ്ടാവൂ. ഒന്ന് റേഡിയോ മറെറാന്ന് പട്ടാളം! ആദ്യത്തേതു് അവരുടെ അഭിപ്രായങ്ങൾ എഴുതാതെ പ്രക്ഷേപണം ചെയ്യാനും രണ്ടാമത്തേതു് അവരോടു യോജിക്കാത്തവരെ മർദ്ദിക്കാനും. ഈ നിരക്ഷരകുക്ഷികളുടെ ഭരണകൂടത്തിൽനിന്നും രക്ഷപ്രാപിക്കാൻ ഒരേ ഒരു വഴിയേ കാണുന്നുള്ളൂ.

ഭൂരിപക്ഷം നിരക്ഷരന്മാരെ സാക്ഷരന്മാരാക്കിത്തീർക്കുക. എന്നാൽ തീരുന്നോ വിഷമങ്ങൾ? ഭരണകൂടം തിരിക്കുന്നവർ അഭ്യസ്തവിദ്യരായിത്തീർന്നാൽ ഭരണീയർക്ക് ഏകയോഗക്ഷേമം കൈവരുമോ? പെട്ടെന്നുതന്നെ ഇതിന് മറുപടി പറയാം. ഇന്നു ഭരണകർത്താക്കളായിരിക്കുന്നവർ അഭ്യസ്തവിദ്യരാണല്ലോ. അതുകൊണ്ടു ജനങ്ങൾ തികഞ്ഞ യോഗക്ഷേമത്തോടുകൂടിയാണോ കഴിഞ്ഞുകൂടുന്നതു്. അല്ലെന്നു നമ്മുടെ അനുഭവംകൊണ്ടറിയാം. അപ്പോൾ നിരക്ഷരകുക്ഷികൾ ഭരിച്ചാലും സാക്ഷരന്മാർ ഭരിച്ചാലും ഫലം ഒന്നുതന്നെ. ഇതിൽനിന്നും ഇന്നത്തെ വിദ്യാഭ്യാസത്തിന് ഉദ്ദേശിച്ച ഫലം കിട്ടുന്നില്ലെന്നതു് തീർച്ച

എന്താണ് വിദ്യാഭ്യാസത്തിന്റെ ഫലം. എല്ലാവരും ഏകകണ്ഠമായി അഭിപ്രായപ്പെടും സംസ്കാരലബ്ധിയെന്ന്. സംസ്കാരമെന്നാലെന്ത്? ഏററവും കുടാക്കുടംപിടിച്ച ഒരു വാക്കാണതു്. ഇത്ര തെററിദ്ധരിപ്പിക്കപ്പെട്ട ഒരു പദം ഭാഷയിലില്ല

കേരളത്തിനു വെളിയിൽ കഴിഞ്ഞുകൂടുന്ന ഞങ്ങൾക്കു പലപ്പോഴും കേരളസംസ്കാരമെന്തെന്നു മററുള്ളവരുടെ ചോദ്യത്തിനു ഉത്തരം പറയുവാൻ ഇടവന്നിട്ടുണ്ട്. ഒട്ടും മനസ്സാക്ഷിയില്ലാതെ കേരളസംസ്കാരത്തെപ്പററി എന്തോ ചിലതെല്ലാം ഞങ്ങൾ മററുള്ളവരെ പറഞ്ഞുമനസ്സിലാക്കിയിട്ടുമുണ്ട്. ഞങ്ങളുടെ ഉടുപ്പിലും നടപ്പിലും ഞങ്ങളുടെ സംസ്കാരം നിഴലിച്ചുകാണാം. ലാളിത്യമാണ് കേരളസംസ്കാരത്തിന്റെ പല ധർമ്മങ്ങളിൽ ഒന്ന്. ഒററമുണ്ടും കച്ചത്തോർത്തുംകൊണ്ട് കേരളത്തിലെ ഒരു വലിയ പ്രഭുവിന് എവിടെയും അന്തസ്സുഭാവിക്കാം. ആ വസ്ത്രങ്ങൾക്ക് നിറപ്പകിട്ട് ഒട്ടും കാണുകയില്ല. വെണ്മയേറിയ ഉടയാട അണിയാനേ ഞങ്ങളുടെ സ്ത്രീകളും ഇഷ്ടപ്പെടൂ. ഉടുപ്പിൽ മാത്രമല്ല ഭക്ഷണത്തിലും കാണാം ഈ ലാളിത്യം. മലയാളക്കറി [illegible] പ്രസിദ്ധമാണല്ലോ. ഒന്നിനുമില്ല മസാലയുടെ രൂക്ഷത. ഇനി വേറൊന്ന് ശുചിത്വം കേരളസംസ്കാരത്തിന്റെ മറെറാരു ലക്ഷ്യമാണ്. രണ്ടുനേരം കുളിക്കാത്ത മലയാളികൾ ഉണ്ടാകയില്ല. മുഹൂർത്തംനോക്കി കുളിക്കുന്ന പരദേശികൾക്ക് ഇതു് ഒരത്ഭുതവാർത്തയുമാണ് മലയാളികൾ മുഴുവൻ ജലദോഷംപിടിച്ചു മരിക്കാത്തതെന്ത്? ഇങ്ങനെ പല നന്മകളും പറഞ്ഞ് കേരളസംസ്കാരത്തിന്റെ മാഹാത്മ്യത്തെ മററുള്ളവർക്ക് ഞങ്ങൾ ബോധ്യപ്പെടുത്താറുണ്ട്. ഇതുപോലെതന്നെ ഭാരതീയസംസ്കാരത്തെപ്പററിയും ധാരാളം അബദ്ധങ്ങൾ ഭാരതീയരെ നാം പറഞ്ഞു മനസ്സിലാക്കുന്നുണ്ട്. വേദത്തിന്റെയും പുരാണത്തിന്റെയും മററും ജന്മഭൂമിയാണ് ഭാരതം. ആർഷഭൂമിയാണ് ഭാരതം. ലോകത്തെ മുഴുവൻ ഉദ്ധരിക്കാൻ ഇവിടത്തെ ആദ്ധ്യാത്മികചിന്ത ഒന്നുമാത്രം മതിപോലും. എന്നിട്ടെന്താണീ ഭാരതീയരുടെ ഇതുവരെയുള്ള അനുഭവം? നാം ഗുഹയിലിരുന്നു ആദ്ധ്യാത്മികതത്ത്വത്തിനുവേണ്ടി ധ്യാനിക്കും. ഭൗതികസമ്പത്തെല്ലാം ആണുങ്ങൾ അപഹരിക്കയും ചെയ്യും. എന്നിട്ട് ഈ ആർഷനാടിന് ഭയങ്കരമായ അടിമത്തം അനുഭവവും! ഇതാ ഇതെല്ലാമാണ് കേരളീയവും ഭാരതീയവുമായ സംസ്കാരമെങ്കിൽ, ഇവയെ ചൊല്ലിയാണ് നാം മററുള്ളവരുടെ മുമ്പിൽ അഭിമാനിക്കുന്നതെങ്കിൽ അവയുടെ പൊള്ളത്തം ഇനിയെങ്കിലും മനസ്സിലാക്കി യഥാർത്ഥസംസ്കാരത്തിന്റെ സൂക്ഷ്മസ്വരൂപം എന്തെന്ന് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. കേരളീയസംസ്കാരത്തിന് ലോകത്തിന്റെമുമ്പിൽ എന്താണ് കാഴ്ചവയ്ക്കാനുള്ളതു്? അതുപോലെ ഭാരതീയസംസ്കാരത്തിനു എന്താണ് മററുള്ളതിൽനിന്ന് ഒരു മെച്ചമുള്ളതു്?

> പുരാണത്തിന്റെയും മററും ജന്മഭൂമിയാണ് ഭാരതം. ആർഷഭൂമിയാണ് ഭാരതം. ലോകത്തെ മുഴുവൻ ഉദ്ധരിക്കാൻ ഇവിടത്തെ ആദ്ധ്യാത്മികചിന്ത ഒന്നുമാത്രം മതിപോലും! എന്നിട്ടെന്താണീ ഭാരതീയരുടെ ഇതുവരെയുള്ള അനുഭവം? നാം ഗുഹയിലിരുന്ന് ആദ്ധ്യാത്മികതത്വത്തിനുവേണ്ടി ധ്യാനിക്കും. ഭൗതികസമ്പത്തെല്ലാം ആണുങ്ങൾ അപഹരിക്കയുംചെയ്യും. എന്നിട്ട് ഈ ആർഷനാടിന് ഭയങ്കരമായ അടിമത്തം അനുഭവവും! ഇതാ ഇതെല്ലാമാണ് കേരളീയവും ഭാരതീയവുമായ സംസ്കാരമെങ്കിൽ, ഇവയെ ചൊല്ലിയാണ് നാം മററുള്ളവരുടെ മുമ്പിൽ അഭിമാനിക്കുന്നതെങ്കിൽ അവയുടെ പൊള്ളത്തം ഇനിയെങ്കിലും മനസ്സിലാക്കി യഥാർത്ഥ സംസ്കാരത്തിന്റെ സൂക്ഷ്മസ്വരൂപം എന്തെന്ന് കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.
>
> എസ്. കെ. നായർ

സംസ്കാരത്തിന്റെ വൈതാളികന്മാർ അതിനെപ്പററി പറഞ്ഞുപറഞ്ഞ് മററുള്ളവരുടെ പരിഭവമല്ലാതെ എന്തൊരു ഫലമേ ഇതിൽനിന്ന് വന്നുകൂടുന്നുള്ളൂ. ലോകത്തിൽ സകല മനുഷ്യർക്കും ഒരുപോലെ സ്വീകാര്യമാകുന്ന എന്തെങ്കിലും ഒരു പ്രാദേശികസംസ്കാരത്തിനുണ്ടെങ്കിൽ അതുമാത്രമേ മററുള്ളവരുടെ മുമ്പിൽ എടുത്തു പൊക്കിക്കാണിക്കാവൂ. മതം, കല, സയൻസ് ഇവ മൂന്നുമാണല്ലോ സംസ്കാരത്തിന്റെ മികച്ച മൂന്നു ഉപാധികൾ. മതത്തിന്റെപേരിൽ മനുഷ്യർ പരസ്പരം മല്ലടിക്കുമ്പോൾ അതെങ്ങനെ ഒരു സാംസ്കാരികഉപാധിയാകും? മതംകൊണ്ടു മദാന്ധരായ കൂട്ടരെക്കൊണ്ടാണ് ഇന്നത്തെ ലോകത്തിൽ പല ആപത്തുകളുമുണ്ടാകുന്നതു്. മനുഷ്യത്വത്തെ മാനിക്കുന്ന മതതത്വങ്ങൾ മാത്രമേ മാനവസംസ്കാരത്തിന്റെ ധർമ്മമാകൂ. അത്തരം തത്വങ്ങൾ ഏതു മതത്തിലും സുലഭമാണ്. അതേസമയം ആ മതംകൊണ്ടു കയ്ക്കാര്യംചെയ്യുന്ന കൂട്ടർ ആ തത്വങ്ങളെ നിശ്ശേഷം മറന്നു മനുഷ്യദ്രോഹം ചെയ്യുന്ന കാഴ്ചയാണ് ഇന്നു എവിടേയും കാണുന്നതു്. കലയുടെ കഥയെടുത്തു നോക്കിയാലും മനുഷ്യത്വത്തെ മാനിക്കാത്ത പല കലാസൃഷ്ടികളും ഇന്നു കണ്ടെത്താവുന്നതാണ്. സൽകാര്യത്തിനുവേണ്ടിയുണ്ടായ സയൻസാകട്ടെ ഇന്നു ഹൈഡ്രജൻബോംബിന്റെ കണ്ടുപിടുത്തംകൊണ്ടു ലോകനാശത്തിനു ബലികങ്കണമായി നില്ക്കയാണ് സയൻസിനെ സംസ്കാരത്തിന്റെ ഉപാധിയായി എങ്ങനെ നാം എണ്ണും. ഇങ്ങനെ മനുഷ്യന്റെ നേട്ടങ്ങൾ മിക്കതും അവന്റെ നാശത്തിനായിക്കൊണ്ടു വർത്തിക്കുന്നതുകൊണ്ടാണ് ലോകം ഒന്നാകെ ഒരു പുക നിറഞ്ഞ അഗ്നിപർവ്വതമായി ഇപ്പോൾ നിലകൊള്ളുന്നതു്. ഇന്നോ, നാളെയോ അതു പൊട്ടും ദൈവം വരുത്തുന്ന പ്രളയംകൊണ്ടു ലോകനാശം സംഭവിക്കുക മനുഷ്യനു സഹിക്കാത്ത ഒന്നായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു ആ കൃത്യം മനുഷ്യൻ തന്നെ നടത്താൻ ഏറെറടുത്തിരിക്കയാണ്.

എന്താണിതിനൊരു പോംവഴി? ഒന്നേരന്ന് ഓർത്താൽമാത്രംമതി. എല്ലാററിനും മാനദണ്ഡമായി നാം മനുഷ്യത്വത്തെ മാത്രം സ്വീകരിക്കുക. അതിൽനിന്നും ഉപരിയല്ല അവന്റെ നേട്ടമെന്നു വിശ്വസിക്കുക ഞാൻ, നീ, അവൻ എന്നീ മൂവരും ഉത്തമ മധ്യമ നീചപുരുഷന്മാർ എന്നുള്ള ഇന്നത്തെ ധാരണ നിശ്ശേഷം നീക്കി മൂവരേയും ഉത്തമകോടിയിൽ പരിഗണിക്കുക. ഇതൊരു പുതിയ തത്വമല്ല. ഏററവും പഴയതാണ്. പക്ഷേ നാം എപ്പോഴും മറക്കുന്നതാണെന്നു മാത്രം.

—o—

# സർദാർപട്ടേലിന്റെ ജന്മസ്ഥലം

എൻ. രാഘവൻ, അയത്തിൽ

ഇൻഡ്യയുടെ വടക്കുഭാഗത്തുള്ള ബാംബേ പ്രാവിൻസിൽപ്പെട്ട ഒരു ദേശമാണ് നടിയാട്. ബാംബെയിൽനിന്നും 275 മൈൽ വടക്കായിട്ടാണ് ഈ സ്ഥലം സ്ഥിതിചെയ്യുന്നതു്. ബാംബേ ദാദർസ്റ്റേഷനിൽനിന്നും പത്തര മണിക്കൂർ തീവണ്ടി യാത്രചെയ്താൽ ഈ സ്ഥലത്തെത്താം.

ഇതിന്റെ മദ്ധ്യഭാഗത്തായിട്ടാണ് 'ന്യൂഷോക്ക്മിൽ' എന്ന കാട്ടൺമില്ലിന്റെ സ്ഥിതി. ഈ മില്ലല്ലാതെ ഇവിടെ പറയത്തക്ക വലിയ സ്ഥാപനങ്ങളൊന്നുമില്ല. എങ്കിലും ഇവിടത്തെ സാമ്പത്തികസ്ഥിതി കേരളത്തെ അപേക്ഷിച്ചു വളരെ മെച്ചമാണെന്നുതന്നെ പറയാം.

കേരളത്തിൽ സാധാരണ കണ്ടുവരാറുള്ളതുപോലെ പിച്ചക്കാരേയോ പകർച്ചവ്യാധിക്കാരേയോ അഞ്ജനംവച്ചു നോക്കിയാൽപ്പോലും കണ്ടുകിട്ടാൻ പ്രയാസം. അങ്ങനെയുള്ള കേരളത്തിലെ പ്രദർശനവസ്തുക്കൾ ഇവിടെ ദുർല്ലഭമാണ്. ഒരുപക്ഷേ ചില കോണിലോ മൂലയിലോ കണ്ടേക്കാമെന്നുണ്ടെങ്കിൽ ഭാഗ്യം. ഏതായാലും എന്റെ നോട്ടമെത്തുന്നിടത്തെങ്ങും തന്നെ ഞാനിതുവരെയും ആ വിഭാഗക്കാരെ കണ്ടിട്ടില്ലതന്നെ.

### ആളുകൾ, താമസക്കാർ, ഭാഷ

മിൽജോലിക്കാരായിട്ടു ഇവിടെ പൂനാ, നാഗപ്പൂർ മുതലായ സ്ഥലങ്ങളിലെ മഹാരാഷ്ട്രന്മാർ ധാരാളമായി താമസിക്കുന്നുണ്ട്. ഇവരെ മറാട്ടികളെന്നാണ് വിളിക്കാറുള്ളതു്. മിൽജോലിക്കാരിൽ ഭൂരിഭാഗവും അവരാണെന്നുതന്നെ പറയാം. മാത്രമല്ല — മററു പല വ്യാപാരികളായും, മറാട്ടികളിവിടെ താമസിക്കുന്നുണ്ട്. ഇവിടത്തെ നാട്ടുഭാഷ 'ഗുജറാത്തി' യാണ്. മറാട്ടികളിവിടെ ധാരാളമുള്ളതുകൊണ്ടിവിടത്തെ ജീവിതത്തിനു മറാട്ടിയും ഒട്ടിച്ചേർന്നേ മതിയാവൂ.

### ശീതോഷ്ണസ്ഥിതി

ഏററവും ചൂടു കൂടുതലുള്ള ലോകത്തിലെ ഭൂവിഭാഗം ഇതാണെന്നു എന്റെ അറിവു മാനദണ്ഡമാക്കി ഞാൻ പറയുന്നു. ഇവിടത്തെ ശീതോഷ്ണാവസ്ഥ അനിശ്ചിതവും അവ്യവസ്ഥിതവുമാണ്. അതു ഏതുകാലത്തും ഉണ്ടായെന്നുമിരിക്കും. യാതൊരു രൂപഭേദതയുമില്ലാതെ നഗ്നമായ രൂപത്തിൽ ശീതവും ഉഷ്ണവും കാട്ടിക്കൂട്ടുന്ന അതിന്റെ ഓരോന്നിന്റെയും തനിസ്വഭാവംതുടങ്ങിയാൽ നാഗസ്വരക്കച്ചേരിക്കു "തനിയാവർത്തനം" തകിലുകാർ നടത്തുന്നതുപോലെതന്നെ, മുഷിവും വിഷമവും ജനിപ്പിക്കുന്നതായിരിക്കും. ശീതോഷ്ണാവസ്ഥയിൽ ഏതെങ്കിലും ഒന്നിന്റെ മൂർദ്ധന്യാവസ്ഥ ചിലപ്പോൾ പക്ഷിമൃഗാദികളുടേയും മനുഷ്യരുടെതന്നെയും അകാലമൃത്യുവിനു കാരണമാകാറുണ്ടെന്നുള്ളതു പതിവാണ്. തണുപ്പുകാലങ്ങളിൽ സാധാരണക്കാർപോലും വൂള്ളൻ ധരിക്കാറുണ്ട്. ഇവിടത്തുകാരുടെ ഒരു പ്രത്യേകത ഏതവസ്ഥയിലും പാദരക്ഷ ധരിക്കുമെന്നുള്ളതാണ്. കാലിൽ എന്തെങ്കിലും അവരവരുടെ കഴിവനുസരിച്ചു ധരിക്കാറുള്ളതുകൊണ്ടു അവരെ വാതരോഗം, നേത്രരോഗം മുതലായവ ബാധിക്കാറില്ല.

### ആഹാരം

ഇവിടത്തെ ആഹാരം മിക്കവാറും ബജറാ, ചോളം, ഗോതമ്പ് മുതലായവ കൊണ്ടുണ്ടാക്കുന്ന ചപ്പാത്തിയാണ്. ഒരു ഒററ ഹോട്ടലിൽപോലും ചോറു മൃഷ്ടമായി ആഹരിക്കുവാൻ കിട്ടുകയില്ല. എങ്കിലും നടിയാടൻമാരുടെ ശരീരം വളരെ പുഷ്ടിയുള്ളതും ബലമുള്ളതുമാണ്. പ്രത്യുത അഴകുള്ളതുംകൂടി ആണ്. സ്ത്രീസൗന്ദര്യം മെച്ചത്തിൽ മെച്ചമെന്നേ മൊത്തമായിപ്പറയുന്നുള്ളൂ. പൊതുവേ സൗന്ദര്യവതികളായ ഇവിടത്തെ നാരിമാരുടെ കൺപീലികെട്ടഴിച്ചിലുകൾ ഒരു പക്ഷേ മലയാളികളെ ബാധിക്കുകയില്ലായിരിക്കാം.

### വസ്ത്രധാരണം

സ്ത്രീകളിൽ ചിലർ പാൻറും പൈജാമായും ധരിക്കാറുണ്ടെങ്കിലും ബഹുഭൂരിപക്ഷം യോഷകളും സാരിയിൽക്കൂടിയാണ് രൂപഭദ്രത വരുത്താറുള്ളതു്. പുരുഷന്മാർ സദാ പാൻറും കോട്ടും പൈജാമായും ഷർട്ടും മററും ഉപയോഗിക്കുന്നു. കേരളക്കരയിലെ വസ്ത്രധാരണരീതി ഇവിടത്തെ സാധാരണക്കാരൻപോലും സ്വീകരിക്കുന്നതായി ഞാൻ കണ്ടിട്ടില്ല. തന്നെയുമല്ല അവക്കിതിലേറെ പുച്ഛവുമാണ്. അതുകൊണ്ടു ഇവിടെ താമസിക്കുന്ന മലയാളികൾ സാധാരണ ഇവിടത്തെ വസ്ത്രധാരണരീതി കൈക്കൊള്ളുന്നു. അമ്പോ! ഹിമാലയത്തിന്റെ മണ്ടേന്റെ ഇടയിലും പോയാൽ കാണാവുന്നതുപോലെ ഇവിടെയും മലയാളികളുണ്ട്. മലയാളികൾ പിന്നെ കാലത്തിനൊത്തു ഏതു കോലംതുള്ളലും നടത്തുന്ന കൂട്ടരല്ലേ?

### കെട്ടിടം

ഇവിടത്തെ മന്ദിരങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ചന്ദ്രികാമന്ദിരം. ഇതു സ്ഥിതിചെയ്യുന്നതു് പട്ടണത്തിൽതന്നെയാണ്. ശ്രീനാരായണഗുരുദേവനെപ്പോലെ ഒരു സൂര്യപുരുഷന്റെ ഓർമ്മയെ നിലനിറുത്തുന്നതാണീമന്ദിരം; എന്നാണു കേൾവി. ഇവിടെ വലിയ കെട്ടിടങ്ങളൊന്നുമില്ലെങ്കിലും പ്രകൃതിയുടെ സവിശേഷമായ കലാവിലാസം എവിടെയും ദൃശ്യമാകുന്നുണ്ട്. ഇവിടത്തെ പാർക്കുകളിൽ വിനോദത്തിനുള്ള ഉപകരണമായി ഊഞ്ഞാലുകൾ ഉണ്ട്. ഈ ഊഞ്ഞാലുകളിൽ, വൈകുന്നേരം പാർക്കിൽ വന്നുചേരുന്ന സ്ത്രീകളിൽ രണ്ടുപേരുവീതം കയറി അഭിമുഖമായി നിന്നു "തണ്ടുപെരുക്കു"ന്നതു കണ്ടാൽ മലയാളികളിൽ ചിലർക്കു അത്ഭുതംതോന്നും.

### ഉത്സവം

ഇവിടെ ഉത്സവം വർഷംതോറും നടക്കാറുണ്ട്. കേരളക്കരയിലെ ഉത്സവച്ചടങ്ങിൽ യാതൊന്നുംതന്നെയില്ല. ചുരു

# ഭാരതവും സാമ്പത്തികസമീകരണവും

ശാസ്തമംഗലം പി. ഗോവിന്ദപ്പിള്ള ബി. എ; ബി എൽ., തിരുവനന്തപുരം

കഴിഞ്ഞ ഒരു ലക്കം "മലയാളരാജ്യം" ആഴ്ചപ്പതിപ്പിൽ (൧൧൨൫ മീനം ൨൮-ാംനു) സാമ്പത്തികസമീകരണത്തിൻ്റെ തത്വങ്ങളെപ്പററി പ്രതിപാദിച്ചിരുന്നല്ലോ. ഭാരതത്തിൽ സാമ്പത്തിക സമീകരണവ്യവസ്ഥ ഇപ്പോൾ ഉണ്ടോ ഉണ്ടെങ്കിൽ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്, ആയതിലേക്ക് എന്തെല്ലാം ശ്രമങ്ങൾ നടന്നുവരുന്നു എന്നും മററുമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുവാൻ പോകുന്നത്.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും, നമ്മുടെ നേതാക്കന്മാരും, ഭാരതത്തിൽ ഒരു സാമ്പത്തികസമീകരണപദ്ധതി നടപ്പിൽ വരുത്തുന്നതിനും, വൻതോതിൽ ഉല്പാദനം നടത്തുന്നതിനും, തൊഴിലാളിവർഗ്ഗത്തിനു സമത്വം സ്ഥാപിക്കുന്നതിനും, ദാരിദ്ര്യത്തെ രാജ്യത്തിൽനിന്നും ഉച്ചാടനം ചെയ്യുന്നതിനും ശ്രമിച്ചുവരുകയാണ്. എന്നാൽ ഈ ലക്ഷ്യത്തിൽനിന്നും എത്രയോ വിദൂരമായിട്ടാണ് ഭാരതം ഇപ്പോൾ നിൽക്കുന്നത്. ധനികന്മാരും, ദരിദ്രന്മാരുമായുള്ള അന്തരം ഭാരതത്തിൽ വളരെ കൂടുതലാണ്. ജനസംഖ്യയിൽ അഞ്ചുശതമാനംപേർ രാജ്യത്തിൻ്റെ സ്വത്തിൻ്റെ മൂന്നിൽ ഒരുഭാഗം അനുഭവിക്കുന്നവരും, ബാക്കി മുപ്പത്തിഅഞ്ചുശതമാനംപേർ സ്വത്തിൻ്റെ മൂന്നിൽ ഒരുഭാഗവും, ബാക്കി അറുപതുശതമാനംപേർ സ്വത്തിൻ്റെ മൂന്നിൽ ഒരു ഭാഗവും അനുഭവിക്കുന്നവരുമാകുന്നു. ഇതിൽനിന്നും ഭാരതത്തിലെ കുബേര കുചേല വ്യത്യാസം മനസ്സിലാക്കാവുന്നതാണ്. ജവഹർലാൽനെഹ്റു "ഡിസ്കവറി ആഫ് ഇൻഡ്യാ" (Discovery of India) എന്ന പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഭാരതത്തിൽ ഒരുവൻ്റെ ശരാശരി ഒരാണ്ടത്തെ വരുമാനം അറുപതുരൂപായാകുന്നു. ഇതിൽ ധനികനും ദരിദ്രനും, നഗരവാസിയും, ഗ്രാമവാസിയും ഉൾപ്പെട്ടുമെന്നുള്ളതിനാലും, ധനവാന്മാരുടെ പക്കൽ ധനം കേന്ദ്രീകരിച്ചിരിക്കുന്നതിനാലും, ഒരു ഭാരതീയൻ്റെ ഒരാണ്ടത്തെ ആദായം മുപ്പതുരൂപയായി കണക്കാക്കാവുന്നതാണ്. അതായതു മാസം രണ്ടരരൂപാ. ഇപ്രകാരം ഭാരതീയരിൽ ബഹുഭൂരിപക്ഷം ജനങ്ങളും നികൃഷ്ടദാരിദ്ര്യത്തിലാണ്ടു ജീവിക്കുന്നതായി കാണാവുന്നതാണ്." ഈ ദാരിദ്ര്യത്തിൽനിന്നു മുക്തിനേടണമെങ്കിൽ, രാജ്യത്തിലെ ധനത്തെ ൩൦൦—൪൦൦-ശതമാനം വർദ്ധിപ്പിക്കേണ്ടതും, ആ ധനത്തെ ബുദ്ധിപൂർവ്വവും, നീതിന്യായബോധത്തോടും വീതിക്കേണ്ടതുമാകുന്നു. എന്നാൽ ൩൦൦—൪൦൦-ശതമാനം വർദ്ധനയ്ക്കു ശ്രമിക്കുന്നതിനു ഇപ്പോൾ സാദ്ധ്യമല്ലാത്തതിനാൽ ൨൦൦—൩൦൦ ശതമാനമെങ്കിലും അടുത്ത പത്തുവർഷത്തിനുള്ളിൽ വർദ്ധിപ്പിക്കുന്നതിനു ശ്രമിക്കേണ്ടതാണ്.

മേൽപറഞ്ഞ ഉദ്ദേശസാദ്ധ്യത്തിനായി ൧൯൩൮-ൽ സുഭാസ് ചന്ദ്രബോസും, ജവഹർലാൽനെഹ്റുവുംകൂടി ഒരു "ദേശീയപുനസ്സംഘടനകമ്മിഷൻ" (National Planning Commission) രൂപവൽക്കരിച്ചു. ജവഹർലാൽനെഹ്റു ആയിരുന്നു അദ്ധ്യക്ഷൻ. എന്നാൽ രണ്ടാംമഹായുദ്ധംനിമിത്തവും, അന്നത്തെ ഭാരതത്തിലെ രാഷ്ട്രീയസ്ഥിതികളുടെ ഗുരുതരമായ നിലയാലും, ഈ കമ്മിഷൻ്റെ ജോലി പൂർത്തിയാക്കുന്നതിനു സാധിക്കാതെ ൧൯൪൧-ൽ ഈ കമ്മിഷൻ പിരിച്ചുവിടേണ്ടിവന്നു. എന്നാൽ ഈ കമ്മിഷൻ ചില തത്വങ്ങൾ നിർദ്ദേശിച്ചു. ആ തത്വങ്ങൾ അംഗീകരിച്ചാൽ, സാമ്പത്തികസമീകരണം ക്രമേണ ഭാരതത്തിൽ നടപ്പിൽവരുമെന്നുള്ളതും അമിതധനവും അമിതലാഭവും സമ്പാദിക്കുന്നതിനുള്ള മനുഷ്യൻ്റെ തീക്ഷ്ണതകുറയുമെന്നുള്ളതും, സാധാരണ മനുഷ്യൻ്റെ ജീവിതത്തോതു ഉയരുമെന്നുള്ളതും, രാജ്യത്തിൽനിന്നു ദാരിദ്ര്യം ക്രമേണ ഇല്ലാതാകുമെന്നുള്ളതുമാകുന്നു. കമ്മിഷൻ അംഗീകരിച്ച തത്വങ്ങൾ ഇവയാണ്. (൧) വൻകിട വ്യവസായങ്ങളേയും, പൊതുജനസേവനം ചെയ്യുന്ന സ്ഥാപനങ്ങളേയും (Public utility services) ദേശവൽക്കരിക്കുകയോ, അല്ലെങ്കിൽ ഗവമെൻ്റ് മേൽനോട്ടത്തിൽ നടത്തുകയോ ചെയ്യുക (൨) ദേശവൽക്കരിക്കുന്ന വ്യവസായങ്ങളെ നടത്തുന്നതിനു പബ്ളിക്ക ട്രസ്റ്റുകൾ (Public Trusts) ഏർപ്പെടുത്തുക. (൩) മററു വ്യവസായങ്ങളെ സഹകരണതത്വത്തിന്മേൽ നടത്തുക. (൪) കൃഷിസ്ഥലങ്ങളേയും, ഖനികളേയും, നദികളേയും, വനങ്ങളേയും, ദേശവൽക്കരിക്കുക. (൫) പൊതുവായുള്ള കൃഷിസ്ഥലങ്ങളെ വലിയ കൃഷിസ്ഥലങ്ങളാക്കിച്ചേർത്തു കൃഷി ചെയ്യുക (൬) ജമീന്താരി സമ്പ്രദായം ഇല്ലാതാക്കുക. (൭) ബാങ്കുകളും, ഇൻഷ്വറൻസും, ദേശീയമാക്കുക. (൮) ഇറക്കുമതിയും കയററുമതിയും ദേശവൽക്കരിക്കുക.

"ഉല്പാദനം അല്ലെങ്കിൽ നാശം" എന്ന മുദ്രാവാക്യത്തോടുകൂടി, മേൽപറഞ്ഞ ഉദ്ദേശലക്ഷ്യത്തിനായി, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് വ്യവസായങ്ങളേയും, കൃഷിയേയും പരിപോഷിപ്പിക്കുന്നതിനും, ഉല്പാദനം വർദ്ധിപ്പിച്ചു രാജ്യത്തിലെ ധനത്തെ ന്യായമായും നീതിയായുംകൂടി വീതിക്കുന്നതിനുമുള്ള ഒരു പദ്ധതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചു ഗാന്ധിജി ഭാരതത്തിനു അനുയോജ്യമായ "ഗ്രാമസ്വരാജ്" അല്ലെങ്കിൽ "ഗാന്ധിയൻസോഷ്യലിസം" എന്ന പ്രസ്ഥാനം പ്രഖ്യാപനംചെയ്തു. ഗാന്ധിജി വ്യാവസായിക യന്ത്രങ്ങൾക്കു വിപരീതമായിരുന്നു എന്നു ഒരു തെററിദ്ധാരണയുണ്ടു. അതു ശരിയല്ല അദ്ദേഹം പറഞ്ഞിട്ടുള്ളതു ഇപ്രകാരമാണ്. "ഞാൻ എതിർക്കുന്നതു യന്ത്രങ്ങളെയല്ല യന്ത്രത്തിൻ്റെ പേരിൽ മനുഷ്യർക്കുള്ള ആസക്തിയെയാണ്. ഗ്രാമങ്ങളിലെ എല്ലാവീടുകളിലും, ഇലക്ട്രിസിററി കിട്ടുവാൻ സാധിക്കുമെങ്കിൽ, എല്ലാ ഗ്രാമവാസികളും അവരുടെ യന്ത്രങ്ങൾ ഇലക്ട്രിസിററികൊണ്ടു ഉപയോഗിക്കുന്നതിനു എനിക്കു വിരോധമില്ല." ഗാന്ധിജി, വൻകിട വ്യവസായങ്ങൾക്കു വിപരീതമല്ലായിരുന്നു. എന്നാൽ അവ ഗവമെൻ്റ് അധീനതയിലിരിക്കേണ്ടതും, വൻവ്യവസായങ്ങൾ, കുടിൽവ്യവസായങ്ങളെ ഹനിക്കാതിരിക്കുകയും വേണം. ഓരോ ഗ്രാമവും സ്വയം പര്യാപ്തമാക്കണമെന്നും ദാരിദ്ര്യം ഇല്ലാതാക്കണമെന്നുമായിരുന്നു ഗാന്ധിജിയുടെ ഉപദേശം. കുടിൽവ്യവസായങ്ങൾ പോഷിപ്പിക്കുകയും, അതിൽനിന്നുംകിട്ടുന്ന സാധനങ്ങളെ ഗ്രാമത്തിൻ്റെ ആവശ്യംകഴിഞ്ഞു പട്ടണങ്ങളിലുള്ള വ്യവസായശാലകളിൽ അയച്ചു, വലിയതോതിൽ ഉല്പാദനംനടത്തുകയും വേണം. ഇതാണു ഹെൻറിഫോർഡ് (Henry Ford) പ്രസ്താവിച്ചിട്ടുള്ള "വ്യവസായത്തിൻ വികേന്ദ്രീകരണ" പദ്ധതി (Decentralisation in Industry) ഗാന്ധിജിയുടെ "ചർക്ക" പ്രസ്ഥാനം ഗ്രാമീണർക്കുഴവനുംവസ്ത്രംനൽകുമെന്നു മാത്രമല്ല, ഗ്രാമങ്ങളിൽനിന്നും ദാരിദ്ര്യം ഇല്ലാതാക്കുകയുംചെയ്യും. ജി. ഡി എച്ച്. കോൾ (G. D H Cole) എന്ന ധനശാസ്ത്രജ്ഞൻ പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണ്. "ഗാന്ധിജിയുടെ നാടൻ വസ്ത്രഉല്പാദനശ്രമം, പഴയകാലത്തിനെ നടപ്പിൽവരുത്തണമെന്നുള്ള ഒരു ഭ്രാന്തൻ്റെ ആദർശമല്ല; പിന്നെയോ ദാരിദ്ര്യത്തെ ഉന്മൂലനാശംചെയ്യുന്നതിനും ഗ്രാമങ്ങളെ ഉദ്ധരിപ്പിക്കുന്നതിനുമുള്ള പദ്ധതിയാണ്." ഗാന്ധിയൻ സോഷ്യലിസ്റ്റ്രാഷ്ട്രത്തിൽ പൂർണ്ണ സാമ്പത്തികസ്വാതന്ത്ര്യം ഉണ്ടായിരിക്കും. രാഷ്ട്രം സ്വയംപര്യാപ്തമായിരിക്കും. തൊഴിലാളി-മുതലാളി അസമത്വങ്ങൾ കാണുകയില്ല; ഈ പരിവർത്തനം ഒരു രക്തമൂലമോ, രക്ത ചൊരിച്ചിൽമൂലമോ ആയിരിക്കുകയില്ല. മനുഷ്യൻ്റെ ഹൃദയത്തിനു തട്ടി ഒരു മാനസിക പരിവർത്തനമൂലവും, സത്യത്തിലും അഹിംസയിലും അടിസ്ഥാനപ്പെടുത്തിയും ആയിരിക്കും.

൧൯൪൮ ഏപ്രിൽ ൬-ാംനു, ഇൻഡ്യൻ ഗവമെൻ്റ് മേൽപറഞ്ഞ തത്വങ്ങൾ അടിസ്ഥാനപ്പെടുത്തി "സമ്മിശ്രധനശാസ്ത്രതത്വം" (Mixed Economy) സ്വീകരിക്കുകയും, അതിൻപ്രകാരം, ഏതെല്ലാം വ്യവസായങ്ങളാണ് ഉടനടി ഗവമെൻ്റ് ഏറെറടുക്കേണ്ടതെന്നും, ഏതെല്ലാം വ്യവസായങ്ങളാണ് കുറെ വർഷംകഴിഞ്ഞു ഏറെറടുക്കേണ്ടതെന്നും, ഏതെല്ലാം വ്യവസായങ്ങളാണ് സ്വകാര്യവ്യക്തികൾക്കു വിട്ടുകൊടുക്കേണ്ടതെന്നും തീർച്ചപ്പെടുത്തി. ഗവമെൻ്റിൽനിന്നും ഉടനടി ഏറെറടുക്കേണ്ട വ്യവസായങ്ങൾ, തീവണ്ടി, തപാലും കമ്പിത്തപാലും, യുദ്ധസാമഗ്രികൾ, അണുശക്തി എന്നിവയും, കുറെ വർഷങ്ങൾ കഴിഞ്ഞു ഏറെറടുക്കേണ്ട വ്യവസായങ്ങൾ, കല്ക്കരി ഇരുമ്പ്, ഉരുക്ക്, വിമാനനിർമ്മാണം, ടെലഫോൺ നിർമ്മാണം, ധാതുവർഗ്ഗങ്ങൾ എന്നിവകളും ആണെന്നു തീരുമാനിച്ചു മററുള്ള വ്യവസായങ്ങൾ സ്വകാര്യവ്യക്തികളിലിരിക്കുന്നതും, പത്തുവർഷത്തിലൊരിക്കൽ, ഈ വ്യവസ്ഥ പുനർവിചാരണ ചെയ്യണമെന്നും തീരുമാനിച്ചു. ഗവമെൻ്റ് ഏറെറടുത്തു നടത്തുന്ന വ്യവസായങ്ങൾ നടത്തുന്നതിനു പബ്ളിക്ക കാർപ്പറേഷൻ ഏർപ്പെടുത്തണമെന്നും തീരുമാനിച്ചു. ഒരു പ്ലാനിംഗ് കമ്മീഷൻ ഏർപ്പെടുത്തണമെന്നും തീരുമാനിച്ചു. കുടിൽവ്യവസായങ്ങൾ പുനരുദ്ധാരണംചെയ്യുന്നതിനു, ഒരു ഇൻഡസ്ട്രിയൽകമ്മീഷൻ സ്ഥാപിക്കണമെന്നും, തൊഴിലാളികൾക്കു ന്യായമായ വേതനംലഭിക്കുന്നതിനും, തൊഴിലാളികളുടെ തർക്കങ്ങൾ മദ്ധ്യസ്ഥതയിൽ തീർക്കുന്നതിനുമായി ഒരു ഇൻഡസ്ട്രിയൽട്രിബ്യൂണൽ ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ഭാരതത്തിൽ ഈയിടെയായി പല നിയമങ്ങളും നടപ്പിൽവരുത്തി തൊഴിലാളിക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനു ശ്രമിച്ചിട്ടുള്ളതിനെപ്പററി ചുരുക്കത്തിൽ പ്രസ്താവിക്കാം. ഫാക്ടറിനിയമം (Factory Act ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ്നിയമം (Industrial Disputes Act) മിനിമംവേജസ്നിയമം (Minimum wages Act) വർക്ക്മെൻസ് കാംപൻസേഷൻനിയമം (Workmen's Compensation Act) മാറ്റേർനിററി ബെനിഫിററ് നിയമം (Maternity Benefit Act) എംപ്ലായിസ് സ്റ്റേററ ഇൻഷ്വറൻസ നിയമം (Employees' State Insurance Act മെയിൻസ് നിയമം (Mines Act) മുതലായി ഏകദേശം നാല്പതു തൊഴിലാളിനിയമങ്ങൾ നടപ്പിൽവരുത്തിട്ടുണ്ട്. മേല്പറഞ്ഞ നിയമങ്ങൾമൂലം, ഫാക്ടറികളിലെ ജോലികളും, ഫാക്ടറികളിലെ ആരോഗ്യസ്ഥിതികളും നിയന്ത്രിക്കുന്നതിനും, തൊഴിലാളി-മുതലാളിബന്ധം വ്യവസ്ഥയിൽ ഏർപ്പെടുത്തുന്നതിനും, തൊഴിലാളികൾക്കു സംഘടനാസ്വാതന്ത്ര്യം അനുവദിക്കുന്നതിനും, തൊഴിലാളികളുടെ കൂലി നിർണ്ണയിക്കുന്നതിനും, അപകടത്തിലും പ്രസവത്തിലും തൊഴിലാളികൾക്കു രക്ഷനൽകുന്നതിനും ഉപകരിക്കുന്നു. കൂടാതെയും ഇൻറർനാഷണൽ ലേബർ ആർഗനൈസേഷൻ (International Labor Organization ൧൯൪൪-ൽ ഫിലഡൽഫിയായിൽ (Philadelphia) വച്ചു തൊഴിലാളിവർഗ്ഗത്തിൻ്റെ അവകാശങ്ങൾ പ്രഖ്യാപനംചെയ്കയും, ഇൻഡ്യ ആ പ്രഖ്യാപനത്തെ സ്വീകരിക്കുകയുംചെയ്തിട്ടുണ്ട്. ആ അവകാശപ്രഖ്യാപനം ഇതായിരുന്നു. ൧) തൊഴിലാളികൾ ഒരു വാണിജ്യചരക്കല്ല. ൨) ഒരിടത്തെ ദാരിദ്ര്യം എല്ലായിടത്തേയും ഐശ്വര്യത്തിനു ഹാനികരമാണ്. ൩) ശരിയായ പുരോഗതിക്കു പ്രകടനസ്വാതന്ത്ര്യവും സംഘടനാസ്വാതന്ത്ര്യവും അത്യാവശ്യമാണ്. ൪) പരിപൂർണ്ണജോലിയും വേതനവുംനൽകുക. ൫) സാമൂഹ്യഭദ്രതയും, വൈദ്യസഹായവും വിപുലീകരിക്കുക. ൬) വേണ്ടത്ര ഭക്ഷണം, വസതി വസ്ത്രംനൽകുക. ൭) കൂട്ടുകരാറിനുള്ള അവകാശംനൽകുക. ൮) വിദ്യാഭ്യാസം ജോലി എന്നിവകളിൽ സമത്വം നൽകുക.

യുണൈററഡ് നേഷൻസ് ചാർട്ടറിലും (United Nations Charter) അതോടനുബന്ധിച്ചുള്ള World Health Organisation (W. H. O.) World food Organisation (W F. O.) മുതലായ സ്ഥാപനങ്ങളിലും ഇൻഡ്യാ ഒരു മെമ്പറാണ്. ഈ സ്ഥാപനങ്ങളുടെ ഉദ്ദേശവും, ഭൂലോകത്തിൽനിന്നും ദാരിദ്ര്യം ഇല്ലാതാക്കുന്നതിനും, ലോകത്തിൽ സംതൃപ്തിയും, സന്തുഷ്ടിയും ഐശ്വര്യവും ആരോഗ്യവും പ്രദാനംചെയ്യുന്നതിനുമാണ്.

ഈ പരിതഃസ്ഥിതിയിലാണ് ഇൻഡ്യൻ ഭരണഘടന നടപ്പിൽവന്നതു്. ഭരണഘടനയിലെ ൩൮-ാം ൩൯-ാം, ൪൧-ാം ൪൨-ാം ൪൩-ാം വകുപ്പുകൾ ശ്രദ്ധാർഹമാണ്. ഭാരതത്തെ ഒരു സോഷ്യലിസ്റ്റ്റിപ്പബ്ളിക്ക (Socialist Republic) ആക്കണമെന്നുള്ള ഉദ്ദേശമാണ് ടി വകുപ്പുകളിൽ പ്രതിബിംബിച്ചുകാണുന്നതു്.

൩൮-ാംവകുപ്പ്—രാഷ്ട്രീയമായും സാമ്പത്തികമായും, സാമൂഹ്യമായുമുള്ള നീതി രാജ്യത്തിൽ പരിപാലിക്കുന്നതിനുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി വരുത്തുന്നതിനും, അതിനെ സംരക്ഷിക്കുന്നതിനുമായി രാഷ്ട്രം ഉദ്യമങ്ങൾ ചെയ്യുക.

൩൯-ാം വകുപ്പ്—രാഷ്ട്രം താഴെപറയുന്ന കാര്യങ്ങൾ മുഖ്യമായി ഗൗനിക്കുന്നതാണ്.

(എ) സ്ത്രീപുരുഷഭേദമെന്യെ സകല പൗരന്മാർക്കും സമതമായി ജീവിക്കുന്നതിനുള്ള വഴികൾ,

ബി) രാജ്യത്തിലെ സ്വത്തിൻ്റെ ഉടമസ്ഥതയും, നിയന്ത്രണവും സകലർക്കും ഗുണപ്രദമാകത്തക്ക വിധത്തിൽ വീതിക്കുക.

സി, രാജ്യത്തിലെ ധനം ചിലരിൽമാത്രം കേന്ദ്രീകരിക്കാതിരിക്കുന്നതിനും, പൊതുജനനന്മയ്ക്കു ഹാനികരമാകാതിരിക്കുന്നതിനുമുള്ള വ്യവസ്ഥ നടപ്പിൽ വരുത്തുക,

ഡി) സ്ത്രീപുരുഷഭേദമെന്യേ, സകലർക്കും സമതുല്യജോലിക്കു സമതുല്യവേതനം നൽകുക,

ഇ തൊഴിലാളികളായ സ്ത്രീകളും പുരുഷന്മാരും കുഞ്ഞുങ്ങളും അവരുടെ ആരോഗ്യത്തിനും ബലത്തിനും വയസ്സിനും, ദോഷം വരാത്ത വിധത്തിലുള്ള ജോലികളിൽ ഏർപ്പെടുന്നതിനും അവരുടെ വാസനയ്ക്കു വിപരീതമായ ജോലികളിൽ ഏർപ്പെടുന്നതിനു നിർബന്ധിതരാകാതിരിക്കുന്നതിനുള്ള നിയമങ്ങൾ നടപ്പിൽ വരുത്തുക.

എഫ്) ശൈശവപ്രായത്തേയും യൗവനത്തെയും സാന്മാർഗ്ഗികമായും സാമ്പത്തികമായും ദുരുപയോഗപ്പെടുത്തുകയോ, ചൂഷണം ചെയ്യുകയോ പാടില്ലെന്നുള്ള വ്യവസ്ഥ വരുത്തുക.

൪൧-ാം വകുപ്പ്—രാഷ്ട്രത്തിലെ സാമ്പത്തികസ്ഥിതിക്കും വളർച്ചയ്ക്കും അനുയോജ്യമായി എല്ലാ പൗരന്മാർക്കും തൊഴിലും വിദ്യാഭ്യാസവും ലഭിക്കുന്നതിനു രാഷ്ട്രം ഉദ്യമം ചെയ്യുകയും; വയസ്സുകാലത്തും, സുഖക്കേടുകാലത്തും, തൊഴിലില്ലായ്മക്കാലത്തും രാഷ്ട്രത്തിൽനിന്നു സകല സഹായങ്ങളും കൊടുക്കുന്നതിനു ഉദ്യമം നടത്തുക.

൪൨) ന്യായമായും, ജീവകാരുണ്യപരമായും തൊഴിൽ ലഭിക്കുന്നതിനും, പ്രസവരക്ഷയ്ക്കും വേണ്ടതെല്ലാം രാഷ്ട്രം ചെയ്യുക.

൪൩-ാംവകുപ്പ്:—നിയമങ്ങൾമൂലമോ സാമ്പത്തികവ്യവസ്ഥകൾ മൂലമോ, മററുപ്രകാരമോ, എല്ലാതൊഴിലാളികൾക്കും (കൃഷി,വ്യവസായതൊഴിലാളികൾ) തൊഴിലും ന്യായമായ വേതനവും, തൊഴിൽചെയ്യുന്നതിനുള്ള വ്യവസ്ഥകളും, രാഷ്ട്രം ചെയ്തുകൊടുക്കുമെന്നുള്ളതും, അവരുടെ ജീവിതത്തോതും, സാമുദായികവും, സാന്മാർഗ്ഗികവും സംസ്കാരപരവുമായുള്ള ജീവിതം ഉയർത്തുന്നതിനുള്ള വ്യവസ്ഥകൾ നടപ്പിൽ വരുത്തുമെന്നുള്ളതും, കുടിൽവ്യവസായങ്ങളെ പരിപോഷിപ്പിച്ചു, അവകളെ വ്യക്തിപരമായോ സഹകരണപ്രസ്ഥാനത്തലോ അടിയുറപ്പിച്ചു ഗ്രാമങ്ങൾ വികസിപ്പിക്കുമെന്നുള്ളതും ആകുന്നു.

മേൽപ്രകാരം ഭാരതത്തിൽ ഒരു സോഷ്യലിസ്റ്റ്റിപ്പബ്ളിക്ക(Socialist Republic)വരുത്തുന്നതിനും സാമ്പത്തികസമീകരണം നടപ്പിൽവരുത്തുന്നതിനും ശ്രമിക്കുകയാണ്. അതിലേക്കായി ഒരു "ദേശീയ പുനഃസംഘടന കമ്മിഷൻ" (National Planning Commission) നിയമിച്ചിട്ടുണ്ട്. മേൽപറഞ്ഞ കമ്മിഷൻ്റെ ഉൽഘാടനാവസരത്തിൽ വാണിജ്യമന്ത്രിയായ ശ്രീ. ഗാഡ്ഗിൽ (Commerce member Sri Gadgil) ഇപ്രകാരം പ്രസ്താവിച്ചു. "ഗവമെൻ്റിൽനിന്നും പ്രഖ്യാപനം ചെയ്തിട്ടുള്ള പ്ലാനിംഗ് കമ്മിഷൻ്റെ ഉദ്ദേശങ്ങളിൽ ഒന്ന്, ധനത്തെ വ്യക്തികളിൽമാത്രം കേന്ദ്രീകരിക്കുന്നതിനെ തടയുന്നതിനാകുന്നു. എല്ലാ പൗരനും അവൻ്റെ പൂർണ്ണമായ വളർച്ചയ്ക്കു സൌകര്യം ഉണ്ടാക്കിക്കൊടുക്കണം. വൻതരവ്യവസായികൾ പരിതഃസ്ഥിതിയനുസരിച്ചു മാനസികപരിവർത്തനം വരുത്തേണ്ടതാണ്. അവർ പൊതുജനസേവനത്തിനും രാജ്യനന്മയ്ക്കുംവേണ്ടി പ്രവർത്തിക്കണം. സ്വകാര്യസ്വത്തു കൂട്ടുന്നതിനുള്ള ശ്രമങ്ങൾ കുറയ്ക്കണം. മുതലാളിമാരുടെ ആദർശം സ്വന്തലാഭത്തേക്കാൾ രാജ്യത്തിൻ്റെ ക്ഷേമമാണ് വലുതെന്നതായിരിക്കണം."

ഭൂലോകം ദ്രുതഗതിയിൽ സാമ്പത്തികസമീകരണവ്യവസ്ഥയിലേയ്ക്കു പുരോഗമിക്കുന്നു. ആർക്കും അതിനെ തടയുവാൻ നിവൃത്തിയില്ല. മുതലാളിമാരും ധനവാന്മാരും ജന്മികളും അവരുടെ മണിമാളികകളിൽ സുഖിച്ചിരുന്നാൽ പോരാ, കണ്ണുതുറന്നു നാലുപാടും നോക്കി കാര്യങ്ങൾ മനസ്സിലാക്കേണ്ടതു അത്യാവശ്യമാണ്. അവർ തന്നത്താനെ മാനസികപരിവർത്തനം ചെയ്തു പലതും മനസ്സാലെ ഉപേക്ഷിക്കണം.

---

ക്കിപ്പറഞ്ഞാൽ പ്രസ്തുതദിനത്തിൽ ലക്ഷണക്കിനാളുകൾ തടിച്ചുകൂടി വിഗ്രഹാരാധനചെയ്യുന്നതു കൂടാതെ യാതൊരു വിശേഷവുമില്ല.

### തൊഴിൽ

ഇവിടത്തെ മുഖ്യതൊഴിൽ കൃഷിയും കച്ചവടവുമാണ്. ഗ്രാമവാസികൾ വളരെ എളുപ്പത്തിൽ കൃഷിചെയ്യാവുന്ന ചോളം, ബജറാ മുതലായ ധാന്യങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടു്. സ്ത്രീകളുടെ ശ്രദ്ധയിലാണ് കന്നുകാലിസംരക്ഷണം. അവർ ഗോസംരക്ഷണവും ക്ഷീരവ്യവസായവും ചെയ്യുന്നതിൽ "അബല" "ചപല" എന്ന പേരിനർഹരല്ല. കന്നുകാലിയെ സംബന്ധിച്ചിടത്തോളം നടിയാട്ടു് ഇന്നു ഇൻഡ്യയിലെ ക്ഷാമബാധിതപ്രദേശം അല്ല. ഇവിടുത്തെ കന്നുകാലകൾ പൊതുവേ ബലവും പുഷ്ടിയും ആരോഗ്യവും ഉള്ളവയാണ്.

### ഒരുത്തൻ്റെ ഉല്ക്കർഷത്തിൽ അസൂയാലുവാകുന്നില്ല

ഇവിടുത്തെ ബഹുഭൂരിപക്ഷം ജനങ്ങളും മത്സ്യമാംസാദികളിൽ വെറുപ്പുള്ളവരാണ്. അതുകൊണ്ടവർ ജന്തുഹിംസ ഇഷ്ടപ്പെടുന്നില്ല. എല്ലാ പക്ഷിമൃഗാദികളും എല്ലാദിക്കിലും എല്ലാവരോടും ഭയമില്ലാതെ സഹകരിക്കുന്നു. അതു കണ്ടാൽ നമുക്കു വളരെ ആശ്ചര്യമാണു തോന്നുക. ആരെങ്കിലും ഒരു ജന്തുവിനെ ഉപദ്രവിക്കുന്നതായി കണ്ടാൽ മററുള്ളവരവനെ അതിൽനിന്നും പിന്തിരിപ്പിക്കാൻ ഏതടവും അവർ സ്വീകരിക്കും.

ഇവിടുത്തെ ശീതോഷ്ണാവസ്ഥയും ഭക്ഷണക്രമവും പരിചയിച്ചിട്ടുള്ളവർക്കു് ഇവിടം ജീവിതത്തിനു സുഖകരമാകുമെന്നു പറയേണ്ടതില്ലല്ലോ. പക്ഷേ ഒരുകാര്യം എനിക്കു തുറന്നുപറയാൻ സാധിക്കും. ഒരുവൻ്റെ ഉൽക്കർഷത്തിൽ മറെറാരുവൻ അസൂയപ്പെടുകയില്ല. ആ സ്ഥലമല്ലേ നല്ലതു്!

ദരിദ്രരും തൊഴിലാളികളും നമ്മുടെ സഹോദരന്മാരാണ്.

കമ്യൂണിസ്റ്റ്ശല്യം വളരെ കൂടുതലായിരിക്കുന്ന സമയമാണല്ലോ ഇത്. കമ്യൂണിസ്റ്റുകാരുടെ വഴിപിഴച്ച ശല്യത്തെ അടിച്ചമർത്തേണ്ടതാണ് — സംശയമില്ല — കമ്യൂണിസ്റ്റ് ആദർശത്തെപ്പറ്റി ആർക്കും കുറ്റംപറയുവാൻ സാധിക്കുകയില്ല. കമ്യൂണിസവും, സോഷ്യലിസവും തമ്മിൽ ആദർശത്തിൽ വ്യത്യാസമില്ല. എന്നാൽ കമ്യൂണിസ്റ്റുകാരുടെ വഴിപിഴച്ചതും അക്രമവുമായ വഴികൾ ജനദ്രോഹപരമാണ്. ഇവിടത്തെ കമ്യൂണിസ്റ്റുകാർക്ക്, കമ്യൂണിസംതന്നെ എന്താണെന്നു മനസ്സിലായിട്ടില്ല കൊലപാതകവും തീവയ്പും അക്രമവുമാണ് കമ്യൂണിസം എന്നാണ് അവർ വിചാരിക്കുന്നത്. എന്നാൽ കമ്യൂണിസ്റ്റ് ആദർശമതല്ല. ഈയിടെ ആസ്ത്രേലിയായിൽ നടന്ന ലോകസമാധാനസമ്മേളനത്തിൽ പങ്കെടുത്ത കാൻറർബറിയിലെ ഡീൻ ആയ ഡാ: ഹ്യൂലറ്റ് ജാൺസൻ (Dr Huiet Johnson, Dean of canterbury) ഇപ്രകാരം പറഞ്ഞിരിക്കുന്നു. "കമ്യൂണിസം അടിതൊട്ടുമുടിവരെ ക്രിസ്തീയമാണ്. തോക്കുകളാകട്ടെ, ബോംബുകളാകട്ടെ അതിനെ നശിപ്പിക്കുവാൻ സാധിക്കുകയില്ല" ആയതിനാൽ കമ്യൂണിസ്റ്റ്ശല്യം ഇല്ലാതാക്കുന്നതിന് രാജ്യത്തിൽനിന്നും ദാരിദ്ര്യം ഇല്ലാതാക്കണം. പട്ടിണി ഇല്ലാതാക്കണം, ജീവിതത്തോതുയർത്തണം, സമത്വസുന്ദരമായ സാമൂഹ്യവ്യവസ്ഥിതി നടപ്പിൽവരുത്തണം.

ഈയിടെ ഒരു വിമർശകൻ പ്രസ്താവിച്ചത് ഇപ്രകാരമാണ്: "ഏഷ്യയിൽ കിടക്കുന്ന മനുഷ്യകീടങ്ങൾ ഭൂചലനത്താൽ എല്ലാമിളകിത്തിരിഞ്ഞുമാറി തുടങ്ങിയിരിക്കുന്നു. മാർക്സിൽനിന്നും യാതൊരു പ്രബോധനവും അവർക്കു ആവശ്യമില്ല കമ്യൂണിസ്റ്റ് ആക്രമണം തടയേണ്ടത് എതിരാക്രമണംകൊണ്ടല്ല സാമ്പത്തികസാമൂഹിക അവശതകൾ ആണ് മനുഷ്യരെ നിരാശയരാക്കുന്നത്.."

ഒരു സുപ്രസിദ്ധ അമേരിക്കൻ പത്രപ്രവർത്തകനും, ഗാന്ധിജിയുടെ ശിഷ്യനുമായ മി. നാർമൻക്ലിഫ് (Mr Norman Cliff) കഴിഞ്ഞയാഴ്ചയിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിൽ ഭാരതത്തിലെ കമ്യൂണിസ്റ്റ്ശല്യത്തെപ്പറ്റി പ്രതിപാദിച്ചിരിക്കുന്ന കൂട്ടത്തിൽ, പട്ടിണിയാണ് ഒരു കാരണം, എന്നു പറഞ്ഞിരിക്കുന്നു, അദ്ദേഹം ഇപ്രകാരം പറയുന്നു:—

"Illiterally ill paid, ill housed, ill clothed, ill treated and downtrodden the average peasant in India will appear to be inevitably a prospective victim to all maladies not excluding Communism. The answer to the question being raised everywhere, as to how long India will be able to resist the tide of Communism, is provided by the peasant's rice bow; the economic factor, which alone can determine the tide of Communism, one way or the other".

അദ്ദേഹം പിന്നെയും ഇപ്രകാരം പറയുന്നു:-

"On the Indian peasant and his rice bowl depend the world's future. If his bowl is full, the Communist tide may break against the Himalayas in vain. If it is empty, the Indian peasant may turn the way the Chinese Villager has already gone and no conference of ministers can stop him."

കമ്യൂണിസ്റ്റ് ഉത്ഭവത്തിനും വളർച്ചയ്ക്കും മറ്റൊരു കാരണം അദ്ദേഹം പറയുന്നതു, ഭാരതത്തിലെ നിഷ്ഠുരജാതിപ്പിശാച് ആണെന്നാണ്. അദ്ദേഹം പറയുന്നു: — "Treat a man, as an inferior being from birth; bar him from temple; use him as cheap labour — and then let him be presented with a creed that says all men are equal and offer him a share of the good things of life — and he will not be slow to see the point — and turn a Communist".

അവസാനമായി അദ്ദേഹം തൻ്റെ ലേഖനത്തെ ഇപ്രകാരം ഉപസംഹരിക്കുന്നു: — അതായതു കമ്യൂണിസ്റ്റ്ശല്യത്തിന്; ആദ്യത്തെയും അവസാനത്തെയും, എന്നെന്നേയ്ക്കുമുള്ള ഉത്തരം ഗ്രാമീണരുടെ കഞ്ഞിപ്പാത്രം നിറഞ്ഞിരിക്കുന്നോ, ഒഴിഞ്ഞിരിക്കുന്നോ എന്നാണ്:

"The first, the last and the eternal answer to the Communist trouble in India is whether the villager's rice bowl is full or empty".

—c—

ലേഖനമാല
—o—
ഗ്രന്ഥകർത്താ സാഹിത്യകുശലൻ
ടി. കെ. കൃഷ്ണമേനോൻ
വില രൂ: 2 ണ. 4
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം

# ശാസ്ത്രീയത്വം

കോന്നിയൂർ ആർ. നരേന്ദ്രനാഥ് ബി. എസ്സ്‌സി; ബി. എൽ.

ഭാരതീയരീതിയും പാശ്ചാത്യരീതിയും പൊരുത്തപ്പെടുത്താനാവാത്ത രണ്ടു കാര്യങ്ങളാണെന്നുള്ള തെറ്റിദ്ധാരണ ഇന്നും പലരും പുലർത്തിവരുന്നുണ്ട്. എന്നാൽ ഇവയുടെ രണ്ടിനും യോജിപ്പിനുള്ള സാദൃശ്യങ്ങൾ വളർന്നുകൊണ്ടിരിക്കയാണെന്നാണ് പാശ്ചാത്യശാസ്ത്രങ്ങളുടെ പുരോഗതി തെളിയിച്ചുകൊണ്ടിരിക്കുന്നത്. ആധുനികശാസ്ത്രത്തിൻ്റെ ഏറ്റവും നൂതനങ്ങളായ കണ്ടുപിടുത്തങ്ങളിൽ ഭാരതീയചിന്തയുടെ പ്രതിശബ്ദങ്ങൾ മുഴങ്ങിക്കേൾക്കുന്നുണ്ടെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്.

ഓരോ ശാസ്ത്രവിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകമുള്ള സ്വതന്ത്രമണ്ഡലങ്ങളാണുള്ളതെന്നു പ്രാരംഭകാലങ്ങളിൽ പാശ്ചാത്യർ വിശ്വസിച്ചിരുന്നു. രസതന്ത്രത്തിനും പദാർത്ഥവിജ്ഞാനീയത്തിനും ജീവശാസ്ത്രങ്ങൾക്കും മനശ്ശാസ്ത്രത്തിനും തത്വശാസ്ത്രത്തിനും എല്ലാം അതാതിൻ്റെ 'ഉറക്കറ'കളിൽ മാത്രമേ കഴിയാൻ കഴിയുമുള്ളൂ എന്നായിരുന്നു അന്നു അവരുടെ വിശ്വാസം. എന്നാൽ ഓരോ ശാസ്ത്രശാഖയും വളർന്നു പരിപുഷ്ടമായിത്തുടങ്ങിയപ്പോൾ ഈ 'ഉറക്കറ' സിദ്ധാന്തം ശരിയല്ലെന്നു അവർക്കറിവായിത്തുടങ്ങി. അവയെല്ലാം പരസ്പരം ബന്ധപ്പെട്ടവയാണെന്നും മുമ്പോട്ടുപോകാൻ അന്യോന്യം കൈകോർക്കാതെ സാദ്ധ്യമല്ലെന്നും വന്നുകൂടി. എന്നുതന്നെയല്ല മുമ്പു നിഷേധിക്കപ്പെട്ട വിഭാഗങ്ങളെപ്പോലും താങ്ങിനും തണലിനുമായി കൂട്ടുപിടിക്കേണ്ടതായും വന്നു. ഇങ്ങനെ ആധുനികശാസ്ത്രം ആത്മീയകാര്യങ്ങളിലേക്കു കടന്നു. ഭൗതികജ്ഞാനത്തെമാത്രം ആസ്പദമാക്കി അധികദൂരം പോകാൻ വയ്യാത്ത നില വന്നതുകൊണ്ടാണ് ഇതു സംഭവിച്ചത്. ശാസ്ത്രത്തിനും തത്വജ്ഞാനത്തിനും തമ്മിൽ ഭിന്നതകല്പിക്കുവാൻ ആവുന്നതല്ലെന്ന് അവർക്കു പ്രഖ്യാപിക്കേണ്ടിവന്നു. * A അതുപോലെ "what the scientist and the philosopher call the world of appearance, — the world of light and colour, of blue skies and green leaves of sighing wind and murmering water, the world designed by the physiology of human senses—is the world in which finate man is incarcerated by his essential nature. What the scientist and the philosopher call the world of reality — the colourless soundless impalpable cosmos is a skeleton structure of symbols... The gulf between appearance and a scientific reality devoid of the content of human experience has become now profounder than ever." ആപേക്ഷികസിദ്ധാന്തം ഇന്നു വെറുമൊരു ശാസ്ത്രീയസിദ്ധാന്തമായിട്ടല്ല അതിനേക്കാൾ പ്രധാനമായ ഒരു തത്വചിന്താശൈലിയായിട്ടാണ് കണക്കാക്കിവരുന്നത്. 2 ഓരോ ശാസ്ത്രവിഭാഗത്തെയും ചെപ്പിലൊട്ടിച്ചു തിരിച്ചുനിർത്താൻ — കോട്ടകെട്ടി ഭദ്രപ്പെടുത്താൻ സാദ്ധ്യമല്ലെന്നും അവയ്ക്കുതമ്മിൽ പരസ്പരബന്ധവും പരസ്പരസഹായവും ഉണ്ടെന്നും അങ്ങനെയായാൽ മാത്രമേ അവയ്ക്കു സജീവത്വവും ചൈതന്യവും ഉണ്ടാകയുള്ളെന്നും ഭാരതീയർ നേരത്തെ മനസ്സിലാക്കിയിട്ടുണ്ട്. ഇക്കാരണത്താലാണ് ഭാരതീയവിജ്ഞാനങ്ങളിൽ ഇവയെല്ലാം മനോഹരമായി സമ്മേളിച്ചു കാണപ്പെടുന്നത്. ആയുർവേദത്തിൽ ആരോഗ്യശാസ്ത്രം മാത്രമല്ല ആത്മീയശാസ്ത്രവും മനഃശാസ്ത്രവും യോഗശാസ്ത്രവും മറ്റുമൊക്കെ കാണുന്നതിൻ്റെ കാരണവും ഇതുതന്നെ. ഭാരതീയവിജ്ഞാനത്തിൻ്റെ ഈ ബലാംശത്തെ ഒരു ബലഹീനതയായി വ്യാഖ്യാനിക്കുന്ന നാടൻസായിപ്പന്മാരോടു സഹതപിക്കുകയല്ലാതെ മറ്റെന്താണ് ചെയ്യുക. ഒരു തായ്‌വേരിൽനിന്ന് അനവധി ശാഖാവേരുകൾ മണ്ണിനുള്ളിൽ പോയിട്ടുള്ളതിൽ ചിലതിൻ്റെ അറ്റങ്ങളിൽ പിടിമുറുക്കിയിട്ട് അവയോരോന്നും സമ്പൂർണ്ണസ്വതന്ത്രങ്ങളാണെന്നു വിശ്വസിച്ച് ശബ്ദമുണ്ടാക്കുന്നതുപോലെയാണ് ഇവരുടെ നില. ഭാരതീയശാസ്ത്രങ്ങളെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും കലകളെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും മറ്റും പാശ്ചാത്യരിൽ ഭൂരിപക്ഷത്തിനു മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ അതു സഹിക്കത്തക്കതാണ്. അവരുടെ 'അന്തരീക്ഷം' മാറാതെ അതിനവർക്കു സാധിക്കയുമില്ല. എന്നാൽ ഭാരതീയരായ കറുത്ത സായിപ്പന്മാരുടെ സ്ഥിതി അതല്ല. സംസ്കാരമണ്ഡലത്തിലെ ഈ മിർജാഫരന്മാരെ കണ്ടുപിടിച്ച് ഭാവിതലമുറ വഴിതെറ്റാതിരിക്കുന്നതിനുവേണ്ടി പരാജയപ്പെടുത്തേണ്ടതു ഭാരതീയരുടെ അടിയന്തിരമായ കടമയാണ്.

ഏതൊരു വിഷയത്തെ സമീപിക്കേണ്ടതും ശാസ്ത്രീയമായ മാർഗ്ഗങ്ങളിൽക്കൂടി വേണം. അതിനു സാമാന്യബുദ്ധിയുള്ള ഏതൊരാൾക്കും സാധിക്കും. അതിമാനുഷന്മാർക്കു മാത്രമായിട്ടുള്ള ഒരു പ്രത്യേകസംഗതിയല്ല ഇത്. യുക്തിവാദത്തിൻ്റെയും പ്രായോഗികതയുടെയും മുമ്പിൽ ശാസ്ത്രീയത തകരുകയില്ല. ആത്മീയകാര്യത്തിലും ഭൗതികകാര്യങ്ങളുടെ കാര്യത്തിലും ഇതു ഒരുപോലെ പ്രയോഗിക്കണം. വാസ്തവത്തിൽ ആത്മീയവിഷയമെന്നും ശാസ്ത്രീയവിഷയമെന്നും ഇങ്ങനെ രണ്ടു സംഗതികളില്ല. രണ്ടും അത്രമാത്രം കൂട്ടിക്കലർന്നു ഒന്നായിത്തീർന്നിട്ടുണ്ട്. ശാസ്ത്രീയചിന്തകൻ സൂക്ഷ്മനിരീക്ഷകനും ബുദ്ധിശാലിയും നിരൂപകനും ആയിരിക്കേണ്ടതാണ്. അയാൾ ഒരു നല്ല നിരീക്ഷകനായതുകൊണ്ടു വസ്തുക്കളെ സമാഹരിക്കാനും ശരിക്കടുക്കാനും സൂക്ഷ്മമായി വീക്ഷിക്കാനും അയാൾക്കു സാധിക്കും. കാര്യകാരണങ്ങളെ ആസ്പദമാക്കി ലഭ്യമായിട്ടുള്ള വസ്തുതകളെ തരംതിരിക്കുമ്പോൾ അവയെ പരസ്പരം കൂട്ടിയിണക്കുന്ന പൊതുതത്വങ്ങൾ അയാൾ കണ്ടെത്തും. ഈ പൊതുതത്വങ്ങളെ കൂടുതൽ പരിശോധിച്ചു നിർണ്ണയപ്പെടുത്തേണ്ട കല്പനകൾ (Hypothesis) ആയിട്ടാണ് അയാൾ കണക്കാക്കുക. ഈ കല്പനകളുടെ ബലാബലങ്ങളെ കൂടുതൽ പരീക്ഷണങ്ങൾമൂലവും യുക്തിവാദംകൊണ്ടും തിട്ടപ്പെടുത്തുകയാണു അടുത്തപടി. പരീക്ഷണത്തിലും യുക്തിവാദത്തിലും പരാജയമടയുന്നവകളെ തിരസ്കരിക്കാതെതരമില്ല. സ്വീകാര്യങ്ങളായിത്തീരുന്ന കല്പനകളെ സിദ്ധാന്തങ്ങൾ (Theory) എന്നുപറയുന്നു. നിലവിലുള്ള തെളിവുകൾ മാത്രമാണ് സിദ്ധാന്തങ്ങളുടെ അടിസ്ഥാനം. കൂടുതൽ കൂടുതൽ അറിവുകൾ ലഭ്യമാകുമ്പോൾ സിദ്ധാന്തങ്ങളെ പരിഷ്കരിക്കാനോ ചിലപ്പോൾ തിരസ്കരിക്കാനോ ഇടയായേക്കാം. ആധുനികശാസ്ത്രത്തിൽ ഈ വിധത്തിലുള്ള പരിഷ്കരിക്കലുകളും തിരസ്കരിക്കലുകളും ഒട്ടും കുറവല്ലെന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. ശാസ്ത്രത്തിൽ ശാശ്വതസത്യങ്ങളും സിദ്ധാന്തങ്ങളും ഇല്ലെന്നു പറയുന്നതിൻ്റെ കാരണവും ഇതുതന്നെ. ചുരുക്കത്തിൽ ശാസ്ത്രം നിരൂപണംചെയ്തു നിർണ്ണയിക്കപ്പെട്ടിട്ടുള്ളതും തരംതിരിച്ചു കോർത്തിണക്കിയിട്ടുള്ളതും ആയ പൊതുവിജ്ഞാനമാണ്.

അരിസ്റ്റോട്ടിലിൻ്റെ കാലംമുതൽ പാശ്ചാത്യർ ശാസ്ത്രീയമായി വീക്ഷിക്കാൻ മൂന്നു മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. (1) Analytical reasoning ie from particular to particular. ഗവേഷകൻ ലക്ഷോപലക്ഷം സംവത്സരങ്ങൾക്കുമുമ്പ് ഭൂമിക്കുണ്ടായിട്ടുള്ള പരിവർത്തനങ്ങളും മറ്റും നിർണ്ണയിക്കുന്നതു ഈ രീതിക്കുദാഹരണമാണ്. (2) Inductive reasoning is from particu ar to g neral ഇതിനു ബേക്കോണിയൻരീതി എന്നാണ് സാധാരണ പറയുന്നത്. ആധുനികശാസ്ത്രത്തിൽ ഇതിനു എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും കാണാൻ സാധിക്കും. (3 Deductive reasoning ie from general to particular. 3

അടുത്തതായി ഭാരതീയർ സ്വീകരിച്ചിട്ടുള്ള രീതികളെപ്പറ്റി ചെറുതായി സൂചിപ്പിക്കാം. നമ്മുടെ രണ്ടു പ്രത്യക്ഷാനുഭവങ്ങൾ പരസ്പരവിരുദ്ധങ്ങളല്ലാതെവന്നാൽ അതിനെ പ്രമാണമെന്നു പറയുന്നു. പ്രമാണം മൂന്നുവിധത്തിലുണ്ട്. ഒന്നു പ്രത്യക്ഷം. എന്തെങ്കിലും നാം കാണുകയോ അനുഭവിക്കുകയോ ചെയ്യുന്നത് പ്രമാണമാണ്. ഞാൻ ഈ ലോകം കാണുന്നു. ലോകം ഉണ്ടെന്നുള്ളതിനു അതു മതിയായ പ്രമാണമാണ്. രണ്ടാമത്തേതു അനുമാനം ഊഹിച്ചറിയുന്നത്. ഒരു ലക്ഷണം കാണുന്നതിൽനിന്ന് ലക്ഷ്യമായ വസ്തുവിനെ ഊഹിച്ചു കണ്ടുപിടിക്കുന്നു. മൂന്നാമത്തേതു ആപ്തവാക്യം. അതായതു വാസ്തവദർശികളായ യോഗിമാരുടെ വാക്യം. ആപ്തവാക്യം പ്രമാണമാകുന്നതിനു എന്തുയുക്തിയാണുള്ളതെന്നു പലരും ചോദിക്കുന്നുണ്ട്. അതിനു ശരിയായ യുക്തിയുണ്ട്. എന്തെന്നാൽ അവർ പറയുന്നതിനെ അവർ കാണുന്നുണ്ട്. എന്തെല്ലാം ഞാൻ കാണുന്നുവോ അവ പ്രമാണങ്ങളാണല്ലോ. എന്നാൽ അവ മുമ്പുണ്ടായിട്ടുള്ള അറിവിനു വിരുദ്ധമായിക്കൂടാ. ഇന്ദ്രിയങ്ങൾക്കു അതീതമായ അറിവുണ്ട്. ആ അറിവ് ഊഹത്തിനും മനുഷ്യർക്കു മുമ്പുണ്ടായിട്ടുള്ള അനുഭവത്തിനും വിരുദ്ധമല്ലാതായിരിക്കുമ്പോൾ പ്രമാണമാണ്......ആപ്തനാണെന്നു പ്രസ്താവിക്കുന്ന മനുഷ്യൻ പൂർണ്ണമായ ആത്മത്യാഗവും ശുദ്ധിയും ഉള്ള ആളായിരിക്കണമെന്നും രണ്ടാമത്തേതു അയാൾ ഇന്ദ്രിയങ്ങളുടെ അറിവിനെ കടന്നിട്ടുണ്ടാവണം എന്നും മൂന്നാമത്തേതു അയാൾ പറയുന്നത് മനുഷ്യവർഗ്ഗത്തിൻ്റെ അറിവിനു വിരുദ്ധമായിരിക്കരുതെന്നും ഓർക്കേണ്ടതാണ്. സത്യത്തിൻ്റെ പുതിയ ആവിഷ്കരണം പഴയ സത്യത്തെ ബാധിക്കുന്നതല്ല. അതിനെ ഉറപ്പിക്കുകമാത്രമേ ചെയ്യുന്നുള്ളു. നാലാമതുപറയുന്ന സത്യം തെളിയിക്കുന്നതിനു കഴിയുന്നതായിരിക്കണം. (പാതഞ്ജലയോഗസൂത്രം-പുറം 19-സ്വാമിവിവേകാനന്ദ. കുമാരനാശാൻ്റെ തർജ്ജമ.) ചുരുക്കത്തിൽ ഭാരതീയർ സ്വീകരിച്ചിട്ടുള്ള മൂന്നു പ്രമാണങ്ങളും പ്രത്യക്ഷം, അനുമാനം, ആപ്തവാക്യം—ശാസ്ത്രീയം തന്നെ.

ശാസ്ത്രീയത നിർണ്ണയിക്കുന്നതിനു പാശ്ചാത്യർ സ്വീകരിച്ചിട്ടുള്ള മില്ലിൻ്റെ (J S Mill) the joint method, the method of residues എന്നിവ മാത്രമല്ല അദ്ദേഹത്തിൻ്റെതന്നെ Method of concomitant variations ഭാരതീയരുടെ രീതികളും തമ്മിൽ വളരെ സാമ്യതയുണ്ട്. എന്നുതന്നെയല്ല ഭാരതീയരുടെ പഞ്ചകാരണിക്ക് പാശ്ചാത്യർ സ്വീകരിച്ചിട്ടുള്ള രീതികളെക്കാൾ ഗണ്യങ്ങളായ പല മഹത്വങ്ങളുമുണ്ട്. അതു അറിയാൻ ആഗ്രഹമുള്ളവർ "The Positive Science of the Hindus" or B N. Seal വായിക്കുക.

പാശ്ചാത്യരുടെ ബേക്കോണിയൻരീതിയും ie Inductive reasoning-ഭാരതീയരുടെ അനുമാനരീതിയും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ല. ഇതിൽ രണ്ടിലും ഒരു ലക്ഷണത്തെ ഒന്നിനു ലക്ഷ്യവസ്തുവിനെ ഊഹിച്ചു കണ്ടുപിടിക്കുകയാണു ചെയ്യുന്നത്. ആധുനികശാസ്ത്രത്തിൽ അനുമാനം ഒഴിച്ചുകൂടാത്ത ഒന്നാണ്. രസതന്ത്രത്തിലും പദാർത്ഥവിജ്ഞാനീയത്തിലും എന്നുവേണ്ട, എല്ലാത്തിലും ഇതു അത്യാവശ്യമാണ്. വൈദ്യുതശക്തിയുണ്ടെന്നു നിശ്ചയിക്കുന്നതെങ്ങിനെ? നേരിട്ട് വൈദ്യുതശക്തിയെന്തെന്നു കണ്ടറിഞ്ഞിട്ടാണോ? അനുമാനംമൂലമാണോ? നോബൽസമ്മാനം സമ്പാദിച്ച ഒരു പ്രസിദ്ധ ശാസ്ത്രജ്ഞൻ വൈദ്യുതശക്തിയെക്കുറിച്ചു പറയുന്നതിപ്രകാരമാണ്. "വൈദ്യുതശക്തിയെന്താണെന്നു സൂക്ഷ്മമായി നിർവ്വചിക്കുക കൂടുതൽ കൂടുതൽ വിഷമമായി വരികയാണ്. എന്തെന്നാൽ അതു മററു പലതിനെയും വ്യാഖ്യാനിക്കാനുള്ള ഒരു മൗലികസംഗതിയായി പരിണമിച്ചിരിക്കുന്നു. അതിനാൽ ഒരു വൃത്തത്തിൽ വാദിക്കാനേ സാധിക്കു. ഒരാൾക്കു കഴിയുന്നതു വൈദ്യുതശക്തിയുടെ വിവിധ പ്രത്യക്ഷഫലങ്ങൾ വ്യക്തമാക്കാനും അതിനെ ആസ്പദമാക്കി വിവരിക്കാനും മാത്രമാണ്."4 ഇതുകൊണ്ടു വൈദ്യുതശക്തിയെക്കുറിച്ചുള്ള നമ്മുടെ അറിവെല്ലാം അശാസ്ത്രീയമാകുമോ? ഒരു പണ്ഡിതൻ്റെ അഭിപ്രായം ഇതാ. It is enlightening to realise what science has not been able to tell us amidst the facts which it concerns itself; enlightening because we tend to skip over ou ignorance and imagine a knowledge which we do not possess. Though electricity, magnetism and gravitation are constantly being made use of for practical purposes, their ultimate nature is unknown to science now as ever before, The mechanism of radiation, the mode in which light is propogated, is a mystery" ഇതുകൊണ്ടൊക്കെ ആധുനികശാസ്ത്രം അശാസ്ത്രീയമാണെന്നു മുദ്രയടിക്കാൻ ആർക്കു കഴിയും. ഇതുപോലെതന്നെയാണ് ഭാരതീയശാസ്ത്രങ്ങളുടെ നിലയും. എന്നാൽ ഒരുകാര്യം തീർച്ചയാണ്. പുതിയ പുതിയ അറിവുകളുടെ ആവിർഭാവംകൊണ്ടും ഭാരതീയശാസ്ത്രങ്ങൾ ഉറയ്ക്കുന്നതല്ലാതെ പൊട്ടുന്നില്ല. പൂർണ്ണവളർച്ച അവയ്ക്കു ആയിട്ടുണ്ടെന്നു ന്യായമായി വിചാരിക്കുന്നതും അതുകൊണ്ടുതന്നെ. അതിനാൽ ആ വിധത്തിലുള്ള വളർച്ച പ്രാപിക്കാത്ത പാശ്ചാത്യശാസ്ത്രങ്ങളുടെ ബലഹീനങ്ങളായ അഥവാ നിത്യംമാറുന്നതാണം മാറിക്കൊണ്ടിരിക്കുന്ന—മാനദണ്ഡങ്ങളുപയോഗിച്ചു ഭാരതീയശാസ്ത്രങ്ങളുടെ ശാസ്ത്രീയത അളന്നു തിട്ടപ്പെടുത്താൻ തുനിയുന്നതു സാഹസമായിരിക്കുമെന്നു വ്യക്തമാണ്. ബാലന്മാർ അവരുടെ അറിവിനെ ആസ്പദമാക്കി വളർന്ന വലിയവരെ അളന്ന് അറിവില്ലാത്തവരെന്നു വിധിക്കുന്നതുപോലെ മാത്രമാണതു. പാശ്ചാത്യശാസ്ത്രം ഇനിയും വളരെ വളരാനുണ്ട്. ആററം പൊട്ടിച്ചതുകൊണ്ടോ വാനിൽ പറക്കാൻ പഠിച്ചതുകൊണ്ടോ കാര്യമൊക്കെ തീർന്നെന്നു കരുതുന്നതു അത്ര ശരിയായിരിക്കുകയില്ല എന്നു മാത്രം!

* A—"Grammar of Science" by Karl Pear-on Vol. I. p 37.

2. The Universe and Dr. Einstein" by Dr. L. Burnett.

3. Introduction to science by Thompson.

4. The Atom by Sir George Thomson 1947 edi ion.

— o —

ആവശ്യമുണ്ട്

പുതിയ ഡിസൈനിലുള്ള യു. എസ്. എം. ഫൗണ്ടൻപേനകളുടെ വില്പനയ്ക്കായി കമ്മീഷൻ വ്യവസ്ഥയിലോ, 300രൂപ മുതൽ 700 രൂപ വരെയുള്ള ശമ്പളവ്യവസ്ഥയിലോ ഏജൻറന്മാരെ ആവശ്യമുണ്ട്, സാമ്പിളിനും സൗജന്യ ഏജൻസിവ്യവസ്ഥകൾക്കും എഴുതുക. എഴുത്തുകുത്തു ഇംഗ്ലീഷിൽമാത്രം.

Imperial Trading Co. (M. R. Q.)
Saader Bazaar, DELHI.

# കൊല്ലത്തുവച്ചു നടന്ന ഹിന്ദുമഹാമണ്ഡലസമ്മേളനരംഗങ്ങൾ









മുകളിലത്തെവരി.—മെ: മന്നത്തു പത്മനാഭൻ, ആർ ശങ്കർ, ടി.എം. ഗോവിന്ദൻ, മഹാമണ്ഡലം നടന്ന കൊല്ലത്തെ ശാന്തിനഗറിന്റെ ഒരു വീക്ഷണം. ശ്രീ നാരായണക്കുറുപ്പ്, മെ: എം. പി. മനോഹർ, എൻ. ഗോവിന്ദമേനോൻ. രണ്ടാമത്തെവരി:—ഒരു ലക്ഷത്തിൽ പരം ആളുകൾ സംബന്ധിച്ച മഹാമണ്ഡലസമ്മേളനസദസ്സ്. ശാന്തിനഗറിന്റെ മുൻഭാഗത്തു നാട്ടിയ ധ്വജസ്തംഭം. ശാന്തിനഗറിന്റെ മറ്റൊരു വീക്ഷണം.

മൂന്നാമത്തെ വരി:—ശാന്തിനഗറിലെ സ്റ്റാളുകളിൽ ചിലതു്. വനിതാസമ്മേളനാദ്ധ്യക്ഷയായ ശ്രീ: അമ്മണ്ണരാജ സ്ത്രീ വാളണ്ടിയറന്മാരുടെ അകമ്പടിയോടെ. മണ്ഡലസമ്മേളനാദ്ധ്യക്ഷനായ ബനാറിസ് ഹിന്ദു സർവ്വകലാശാല വൈസ് ചാൻസലർ ഡാ: ആത്രേയ മനോഹരന്മാർ ഇരുപാർശ്വങ്ങളിലുമായി സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നു. ശ്രീമതി അമ്മണ്ണരാജയുടെ പ്രസംഗം ശ്രീ: കെ. കുമാർ തർജ്ജമചെയ്യുന്നു. ശാന്തിനഗറിലെ സ്റ്റാളുകളിൽ മറ്റൊരു ഭാഗം.










ചെറുകഥ

# സഹോദരി

കെ. എൻ. ദാമോദരൻനായർ

അവരിരുവരും മെഡിക്കൽ കാളേജിലാണ് പഠിച്ചിരുന്നതു്. സതീശൻ നാലാമത്തെ വർഷവും രജനി മൂന്നാംവർഷവും. സതീശൻ കാളേജിൽചേർന്ന് ഒരു വർഷം കഴിഞ്ഞതാണ് രജനി അവിടെ വന്നതു്. എന്നാൽ അവരാവൻ അല്പദിവസത്തിനുള്ളിൽതന്നെ ഇരുവരും ഗാഢപരിചിതരായിത്തീർന്ന അതിങ്കാരണമായതു് സംഭവിച്ചതു്: രജനി അംഗവിച്ഛേദപഠനശാലയിൽ മനുഷ്യശരീരത്തെപ്പറ്റി അദ്ധ്യയനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഒരവയവം മുറിച്ചുകാണിക്കാനാണ് അവൾക്കു് ആദ്യമെതന്നെ നിർദ്ദേശം ലഭിച്ചതു്. ആ ശവം രണ്ടുപക്കമായിട്ടാണ് നശിക്കയായിരുന്നതു്. എന്നാൽ രജനിയുടെ സഹപാഠിനി അന്നു് വന്നിരുന്നില്ല. കാളേജിലെ നിയമം അനുസരിച്ചു് ശവം ഏല്പിച്ചുകൊടുത്ത ദിവസംതന്നെ അതിൽ ശസ്ത്രപ്രയോഗം നടത്തേണ്ടിയിരുന്നു. രജനി അതിനുമുമ്പു് ശസ്ത്രക്രിയ നടത്തിയിട്ടുണ്ടായിരുന്നില്ല. ആ പരിചയമില്ലായ്മ അവൾക്കു് അത്യധികമായ വെറുപ്പുതോന്നിയിരുന്നു. താൻ ശസ്ത്രക്രിയ നടത്തിയാൽ അതു് ഫലവത്താകയില്ലെന്ന ഒരുഭയവും അവളെ പിടികൂടിയിരുന്നു. മെട്രിക്കുലേഷനും സയൻസു് എടുത്തു് ഇൻററും പാസ്സായ അവസരങ്ങളിൽ അവൾക്കു് ഇതേപ്പററി വല്ലാത്ത ആശങ്കയുണ്ടായി. അതിനാൽ മെഡിക്കൽ ലൈനിൽ പഠിക്കുവാൻ അവൾ ആഗ്രഹിച്ചില്ല. എന്നാൽ മാതാപിതാക്കന്മാരുടെ ആഗ്രഹത്തിന്നുമുമ്പിൽ അവൾക്കു് തല കുനിക്കേണ്ടതായിത്തന്നെ വന്നു.

ആ ദിവസം ക്ലാസ്സ് സമയത്തു് ശവം കീറാനായി അവൾ പോയതേ ഇല്ല. മററു വിദ്യാർത്ഥിവിദ്യാർത്ഥിനികൾ തന്നെ തൊട്ടുകണ്ടു പരിഹസിക്കുമെന്നും തൻ്റെ അൺഫിററ് (ക്രൂരതാതത്വം) ആദ്യനേരംകൊണ്ടു് ഫിററ് (സംഭ്രമം) ഉണ്ടായെങ്കിലോ എന്നുമായിരുന്നു അവളുടെ ഭയം. അതിനാൽ എല്ലാവരും അവരുടെ ജോലി തീർത്തു് സ്ഥലംവിട്ടതിൽ പിന്നെയാണ് അവൾ അംഗവിച്ഛേദപഠനമുറിയിൽ കയറിച്ചെന്നതു്. കത്തിയും സൂചിയും എടുത്തുകൊണ്ടു് അവൾ ശവത്തിൻ്റെ അടുത്തുചെന്നു. അവളുടെ പാദങ്ങൾ ഉറച്ചില്ല; ചുണ്ടുകൾ വിറച്ചുതുടങ്ങി. ഒരു ജീവനുള്ള ശരീരത്തിലല്ലല്ലോ താൻ ശസ്ത്രപ്രയോഗം നടത്തുവാൻ പോകുന്നതെന്നു മാത്രമായിരുന്നു അവൾക്കു സന്തോഷിക്കാനുണ്ടായിരുന്നതു്. സൂചനാഗ്രന്ഥം അടുത്തുനിവർത്തിവച്ചു, കത്തിക്കു മൂർച്ചകൂട്ടി പിന്നീടു് ശവംകീറാൻ ആരംഭിച്ചു. ഗ്രന്ഥത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു. ആദ്യം തൊലി കണ്ടിക്കണം, അതിൻ്റെ കീഴെ കൊഴുപ്പുണ്ടു്. തൊലിക്കു നല്ല കട്ടികാണുമെന്നാണു രജനി കരുതിയതു്. ഡബിൾററാട്ടി കണ്ടിക്കുന്നമാതിരി ഒക്കെ ശക്തിയായി അമർത്തിക്കൊടുത്തു. തൊലിയാണെന്നു കരുതി അവൾ കണ്ടിച്ചിട്ടത്ത വസ്തുവിൻ്റെ കീഴെ കൊഴുപ്പുണ്ടായിരുന്നില്ല. എല്ലാണ് അവിടെ കണ്ടതു്.

അവൾ കത്തി ദൂരെയിട്ടിട്ടു ചിന്താമഗ്നയായി സ്ററൂളിന്മേൽ ഇരുന്നു. തൻ്റെ പിന്നിൽ ആരോ നിന്നുകൊണ്ടു് മന്ദമന്ദമായി ചിരിക്കുന്നുണ്ടെന്നു് അവൾ അറിഞ്ഞതേ ഇല്ല. ഇടയ്ക്കിടയിൽ മനസ്സും അടച്ചു. പതിനഞ്ചു മിനിട്ടിനകം ഹാൾ അടച്ചുപൂട്ടും. അവൾ സ്ററൂളിൽനിന്നു എഴുന്നേററു. പുറകിൽ ഒരു യുവാവു് നില്ക്കുന്നതു് അവൾ കണ്ടു. അയാൾ അപ്പോഴും ചിരിച്ചുകൊണ്ടുതന്നെയാണു് നില്ക്കുന്നതു്. അയാളെക്കണ്ടു് അവൾ ഭയന്നുപോയി. ശവത്തിന്മേൽ നോക്കിക്കൊണ്ടു യുവാവു ചോദിച്ചു "ജൂനിയർ ആണോ?"

രജനി മിണ്ടിയില്ല. അവൾ സമ്മതാർത്ഥത്തിൽ തലകുലുക്കി. ചിരിച്ചുകൊണ്ടു യുവാവു ചോദിച്ചു. "ശവംകീറുകയായിരുന്നു; അതോ, പുല്ലരിയുകയായിരുന്നോ? തൊലിയും, കൊഴുപ്പും മാംസപേശിയും, നാഡിയും എല്ലാം ഒററയടിക്കു നിങ്ങൾ കണ്ടിച്ചുകളഞ്ഞല്ലോ."

"ഇതിൽ എന്താണു് ചിരിക്കാനുള്ളതു? താങ്കളും ഒരു കാലത്തു ജൂനിയർ ആയിരുന്നിരിക്കണമല്ലോ." അല്പം ദേഷ്യഭാവത്തിൽ രജനി പറഞ്ഞു.

രജനി മുറിച്ചിട്ട ഭാഗം കൈയിലെടുക്കുവാൻ യുവാവു് ആഗ്രഹിച്ചു. എന്നാൽ രജനി ഇതുകണ്ടു പെട്ടെന്നു പറഞ്ഞു. "അവിടെയിരിക്കട്ടെ. ഞാൻതന്നെ വേണ്ടതുപോലെ ചെയ്തുകൊള്ളാം. സാദ്ധ്യമല്ലെങ്കിൽ നാളെ ട്യൂട്ടറോടു ചോദിച്ചു മനസ്സിലാക്കിക്കൊള്ളാം."

"നിങ്ങൾക്കു ദേഷ്യമായോ?"

"എന്താ പാടില്ലേ? താങ്കൾ സീനിയറാണെന്നുവച്ചു് ജൂനിയറന്മാരെ കളിയാക്കണമെന്നു് അർത്ഥമില്ല. കുറെനാൾ ചെല്ലുമ്പോൾ ഞാനും സീനിയറാകും."

"ക്ഷമിക്കണേ" ഞാൻ നേരമ്പോക്കു കാണിച്ചതാണു്. ഞാൻ ഒരിക്കലും ജൂനിയറന്മാരെ വെറുക്കുന്നില്ല. അവർ മോശക്കാരാണെന്നു കരുതാറുമില്ല. ഞാൻ ചെയ്തതു് നിങ്ങൾ കാര്യമായിട്ടാണോ കണക്കാക്കുന്നതു?

"താങ്കളുടെ പെരുമാററത്തിൽനിന്നു് അങ്കിലും മററു വിധത്തിൽ മനസ്സിലാക്കാൻ കഴിയുമോ?"

"ഇക്കാര്യമോർത്തു് എനിക്കു വ്യസനമുണ്ടു്. വാസ്തവം ഇതാണു്. നമ്മുടെ ജോലി ത്രാസ്യവും രസശൂന്യവുമാണു്. ചിരിച്ചും സന്തോഷിച്ചും ഇതിനു ഒരു പോംവഴി ഉണ്ടാക്കിയില്ലെങ്കിൽ കഴിഞ്ഞുകൂടുക വിഷമമാണു്."

രജനി ഒന്നും മിണ്ടിയില്ല.

"നിങ്ങൾ കാര്യം മനസ്സിലാക്കിയെന്നു കരുതട്ടെ."

"അതെ, ഇപ്പോൾ എനിക്കു മനസ്സിലായി".

"എനിക്കു മാപ്പുതരുമോ."

"ദയവായി ഇക്കാര്യം മറന്നുകളഞ്ഞേക്കുക."

"ശരി. ഇപ്പോൾ മണി അടിച്ചു. നിങ്ങൾക്കു വിരോധമില്ലെങ്കിൽ നാളെ രാവിലെ ഈ ജോലി ഞാൻ മനസ്സിലാക്കിത്തരാം.

'ഉപകാരം.'

"അപ്പോൾ മനസ്സിലാക്കാൻതന്നെ നിശ്ചയിച്ചു?"

"അതെ!"

"അതുനല്ലതു്. മെഡിക്കൽവിദ്യാർത്ഥികൾക്കു ഈ ഗുണം ഉണ്ടാകണം. എൻ്റെ പേരു് അറിയാമോ?"

"പറഞ്ഞാൽ വലിയ ഉപകാരമായി."

തൻ്റെ കാർഡു് നീട്ടിക്കൊണ്ടു് അയാൾ പറഞ്ഞു "സതീശ്"!

രജനി കാർഡു് കീശയിൽ നിക്ഷേപിച്ചു.

"നിങ്ങളുടെ കാർഡോ?" സതീശൻ ചോദിച്ചു.

"എനിക്കു കാർഡില്ല. ജൂനിയറാണു്. പോരെങ്കിൽ ബി. എസ്സ്സി-യുമില്ല" രജനി ചിരിച്ചുകൊണ്ടുപറഞ്ഞു.

"പേരുണ്ടായിരിക്കണമല്ലോ?" അൽപം ലജ്ജയോടെ സതീശൻ ചോദിച്ചു.

"രജനി".

"ഇരുട്ടുള്ളതോ! പ്രകാശമുള്ളതോ!" സതീശൻ ചിരിച്ചുകൊണ്ടുചോദിച്ചു

രജനി മിണ്ടിയില്ല

അങ്ങനെ അവർതമ്മിലുള്ള മൈത്രി ആരംഭിച്ചു.

ശവം മുറിക്കുന്നതിൽ രജനിക്കു് വലിയ പേടിയുണ്ടായിരുന്നു. പരീക്ഷയിൽ ജയിക്കുമെന്നവിശ്വാസം അവൾക്കില്ലായിരുന്നു. എന്നാൽ സതീശൻ്റെ പ്രയത്നഫലമായി ആ ഭയം അവളുടെ ഹൃദയത്തിൽനിന്നു നീങ്ങി. അയാളുടെ സഹായനിമിത്തം അനാട്ടമിപരീക്ഷ പ്രശസ്തമായി ജയിക്കുവാൻ രജനിക്കു് കഴിഞ്ഞു.

രജനിയുടേയും സതീശൻ്റെയും പരിചയം വളർന്നു് സ്നേഹമായി. സ്നേഹം ഗാഢഗാഢം വളർന്നു് പ്രേമമായി പരിണമിച്ചു. അവരന്യോന്യം അത്യന്തം പ്രേമിച്ചു. സതീശൻ്റെ പ്രേമം ഉച്ഛൃംഖലിതമായിരുന്നുവെന്നു പറയാം. അതിൻ്റെ ലഹരിയിൽ അയാൾ ഇളകിയാടി. ചിലപ്പോൾ അതു് ഭ്രാന്തിൻ്റെയും ചിലപ്പോൾ നിഷ്ക്രിയത്വത്തിൻ്റെയും രൂപം പ്രാപിക്കും. എന്നാൽ രജനിയുടെ പ്രേമം ശാന്തവും, സത്യപൂർണ്ണവും ആയിരുന്നു. അതു് നിത്യവും വളർന്നുകൊണ്ടിരുന്നു, അതിൽ ലേശംപോലും ശൈഥില്യം ഉണ്ടായിരുന്നില്ല. പ്രേമത്തിൻ്റെ അത്യഗാധതനിമിത്തം ആ പരിധി ലംഘിച്ചു് മാററിടയെങ്കിലും പൊയ്പ്പോകുമോ എന്ന ആശങ്കയ്ക്കുവകശം ഇല്ലായിരുന്നു. സതീശൻ്റെ പ്രേമത്തെപ്പററി അവൾ അറിഞ്ഞിരുന്നു. ചിലപ്പോൾ അതേപ്പററി അവൾക്കു് ചില്ലറ സംശയങ്ങൾതോന്നും. ചിലപ്പോൾ അല്പാല്പം ആശങ്കയും ഉണ്ടാകാതിരുന്നില്ല എന്നാൽ എളുപ്പത്തിൽതന്നെ അവളതൊക്കെ വിസ്മരിച്ചുകളയും. ഡാക്ടറായിക്കഴിഞ്ഞാലുടൻ അവർതമ്മിലുള്ള വിവാഹം നടത്തിക്കളയാമെന്നു സതീശൻ പറഞ്ഞിരുന്നതുകൊണ്ടാണു് അവൾ ഇതേപ്പററി അധികം ആലോചിക്കാതിരുന്നതു്. ആ ഘട്ടം എത്തുന്നതിനു ഏതാനും മാസങ്ങളേ ശേഷിച്ചിരുന്നുള്ളു.

രജനിയുടെ മാതാപിതാക്കന്മാർ മരിച്ചുകഴിഞ്ഞിരുന്നു. അവളും അനുജത്തിയും മാത്രമേ കുടുംബത്തിൽ ബാക്കിയുണ്ടായിരുന്നുള്ളു. അനുജത്തി സ്വന്തം പട്ടണത്തിൽ സയൻസു് ഐച്ഛികമെടുത്തു് ഇൻ്ററിനു് പഠിക്കുകയാണു്. അവരുടെ അച്ഛൻ മരിക്കുമ്പോൾ പത്തു വേണ്ടുവോളം ഉണ്ടായിരുന്നു. രജനിതന്നെയാണു് ആ സ്വത്തു കൈകാര്യംചെയ്തിരുന്നതു; തൻ്റെയും അനുജത്തിയുടെയും ചെലവുകൾ നടത്തിയിരുന്നതും. രജനി ലതയെ അതുവരെ ബോംബെയിൽ കൊണ്ടുവന്നിരുന്നില്ല. എന്തെന്നാൽ അനുജത്തിയുടെ സ്വഭാവം ചഞ്ചലമാണെന്നു അവൾക്കു് അറിയാമായിരുന്നു. ബോംബെയിലെ അന്തരീക്ഷം ലതയെ ദുഷിപ്പിക്കുമെന്നു അവൾക്കു ഭയമുണ്ടായിരുന്നു. അതിനാൽ ഒഴിവുകിട്ടുമ്പോഴൊക്കെയും നാട്ടിൽ പോയി ഏതാനും ദിവസം ലതയുടെകൂടെ താമസിച്ചിട്ടു് മടങ്ങിവരികയാണു് അവൾ ചെയ്തിരുന്നതു്.

ഇതിനിടയിൽ ലത ഇൻ്റർമീഡിയററ് പാസ്സായി. അവൾ ബി. എസ്സ്സി. പാസ്സാകട്ടെ എന്നായിരുന്നു രജനിയുടെ വിചാരം. എന്തെന്നാൽ ഡാക്ടർപരീക്ഷയ്ക്കു് പഠിക്കണമെങ്കിൽ ബോംബെയിൽ വരേണ്ടിയിരുന്നു. എന്നാൽ ഡാക്ടർപരീക്ഷയ്ക്കു് പഠിക്കണമെന്നായിരുന്നു ലതയുടെ ആഗ്രഹം. ഡാക്ടർപരീക്ഷയ്ക്കു് പഠിക്കേണ്ട എന്നും ഒരു വീട്ടിൽ ഒരു ഡാക്ടർ ധാരാളം മതിയെന്നും രജനി അനുജത്തിക്കു് എഴുതുകയും ആ അഭിപ്രായം സ്വീകരിപ്പിക്കുവാൻ വളരെ ശ്രമിക്കുകയും ചെയ്തു. ബി. എസ്സ്സി. പാസ്സായിട്ടു ഇംഗ്ലണ്ടിൽ അയച്ചു പഠിപ്പിക്കാമെന്ന പ്രലോഭനവും അവൾ നൽകി. ലത ഈ കത്തിനു മറുപടി അയച്ചതേ ഇല്ല. തൻ്റെ ഉപദേശം അനുജത്തി സ്വീകരിച്ചിരിക്കുമെന്നു രജനി ധരിച്ചു. എന്നാൽ രണ്ടു ദിവസം കഴിഞ്ഞപ്പോൾ ലതയുടെ ഒരു കമ്പി രജനിക്കുലഭിച്ചു കമ്പി ഇതായിരുന്നു: "ഞാൻ ബോംബെയ്ക്കു വരുന്നു. നാളെ രാത്രിയിലെ എക്സ്പ്രസ്സിനു് എത്തും. കൂട്ടിക്കൊണ്ടുപോകാൻ സ്റ്റേഷനിൽ എത്തണം."

രജനിക്കു് എന്തു ചെയ്യാൻ കഴിയും? സ്റ്റേഷനിൽ പോകാൻ അവൾ ഒരുങ്ങിത്തുടങ്ങി. ഇതിനിടയിൽ സതീശനും അവിടെ എത്തി.

"ഇത്ര തിടുക്കമായിട്ടു എങ്ങോട്ടാണു് പോകുന്നതു?" അയാൾ രജനിയോടു ചോദിച്ചു

"ഇതാ ഇതുവായിക്കൂ." രജനി കമ്പി സതീശൻ്റെ കൈയിൽ കൊടുത്തു. കമ്പി വായിച്ചിട്ടു് സതീശൻ ചോദിച്ചു. "ഈ ലത ആരാണു്?"

'എൻ്റെ സഹോദരി.'

"സഹോദരിയോ?"

"അതേ"

"എന്നാൽ നിങ്ങൾക്കു ഒരു സഹോദരി ഉണ്ടെന്നുള്ള വിവരം ഇതുവരെ എന്നോടു പറഞ്ഞിട്ടില്ലല്ലോ."

"ഏതെങ്കിലും ദിവസം കഴിഞ്ഞു് തങ്കളെ വീട്ടിൽ കൂട്ടിക്കൊണ്ടുപോകണമെന്നും അവളുമായി പരിചയപ്പെടുത്തണമെന്നും കരുതിയിരിക്കുകയായിരുന്നു.'

"ഇളയതാണോ?"

"അതേ!"

"വിവാഹം കഴിച്ചിട്ടില്ലേ?"

"ഞാനും അവിവാഹിതയാണല്ലോ."

ചിരിച്ചുകൊണ്ടു രജനി പറഞ്ഞു.

"ഇങ്ങോട്ടു എന്തിനുവരുന്നു, ബോംബെ കാണാനായിരിക്കും?"

"അറിഞ്ഞുകൂടാ. ഈ കമ്പിയിലുള്ളതിൽ കൂടുതൽ എനിക്കൊന്നും അറിഞ്ഞുകൂടാ."

ഒരു വണ്ടിപിടിച്ചു രണ്ടുപേരും സ്റ്റേഷനിലേയ്ക്കുപോയി. ലത വന്നുചേർന്നു.

"ഇദ്ദേഹം സതീശനാണു്—എൻ്റെ ഒരു സ്നേഹിതൻ". സതീശനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് രജനി ലതയോടുപറഞ്ഞു. ലത സതീശൻ്റെനേരെ നോക്കി. സതീശൻ ലതയുടെനേരെനോക്കി. പിന്നെ അവർ ഹസ്തദാനംചെയ്തു. ലത സതീശനെനോക്കി മന്ദഹസിച്ചു. സതീശനും ലതയെനോക്കി മന്ദഹസിച്ചു.

## II

രണ്ടുദിവസത്തിനുശേഷം മൂന്നുപേരും രജനിയുടെ മുറിയിൽ ഇരുന്നു ചായകുടിക്കുകയായിരുന്നു. സതീശൻ ചിലപ്പോൾ രജനിയെ നോക്കും. ചിലപ്പോൾ ലതയേയും നോക്കും. രണ്ടുപേരും സഹോദരികളാണു്, രണ്ടുപേരും സുന്ദരിമാരാണു്. രണ്ടുപേരും വിദ്യാസമ്പന്നരാണു്. രണ്ടുപേരും മധുരഭാഷിണികളാണു്. രണ്ടുപേരിലും മാദകത കുടികൊള്ളുന്നുണ്ടു്. എന്നാൽ സതീശൻ ലതയെയാണു് അധികം നോക്കി ആസ്വദിച്ചതു്. രജനിയിൽ കാണാൻ കഴിയാത്ത എന്തോ ഒന്നു് ലതയ്ക്കുണ്ടു്. പക്ഷേ മററുയുവതികളിലും അതു കണ്ടില്ലെന്നുവരാം എന്തു ശക്തികൊണ്ടു എന്നു പറഞ്ഞുകൂടാ, ലതയിൽ സതീശൻ ആകൃഷ്ടനായിക്കൊണ്ടിരുന്നു.

"ലത ഇവിടെ എത്രനാൾ താമസിക്കും,"

രജനിയോടു് സതീശൻ ചോദിച്ചു

"ഞാൻ എങ്ങനെ പറയും? വരുന്നകാര്യം മാത്രമെ എന്നെ അവൾ അറിയിച്ചിട്ടുള്ളു. പോകുന്നകാര്യം പറഞ്ഞിട്ടില്ല"

"അതറിയിക്കാൻ പോകയാണു്," ലത ചിരിച്ചുകൊണ്ടു പറഞ്ഞു.

"എന്താ അതു?" സതീശൻ ലതയോടു ചോദിച്ചു.

"ഞാൻ ഇവിടെനിന്നു പോകുന്നില്ല

"വളരെ നല്ല കാര്യം."

"സതീശ്!" രജനി പറഞ്ഞു.

"എന്തു്?"

"ലതയുടെ വാക്കു വിശ്വസിക്കല്ലേ"

"അതെന്താ."

"അവളിവിടെ താമസിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. അവൾ ബി. എസ്സ്സി-യ്ക്കു് പഠിക്കുവാനുള്ള ഏർപ്പാടു ഞാൻ ചെയ്തുകഴിഞ്ഞു."

"എന്നാൽ അവൾ ഇവിടെ പഠിക്കണമെന്നല്ലോ ആഗ്രഹിക്കുന്നതു്. ഇതുകൊണ്ടു നിങ്ങൾക്കു എന്തുപദ്രവമാണുള്ളതു?"

"ഞാനാണു് അവളുടെ രക്ഷാകർത്തൃത്വം വഹിക്കുന്നതു്. ഞാൻ ആഗ്രഹിക്കുന്നിടത്തു അവളെ പഠിപ്പിക്കുവാൻ എനിക്കു അധികാരമുണ്ടു്"

"നിങ്ങൾക്കു് അധികാരമുണ്ടെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ—"

ഇതിനിടയിൽ ലത ചിരിച്ചുകൊണ്ടുപറഞ്ഞു: "ഇപ്പോൾമുതൽക്കേ നിങ്ങൾ എന്നെ ചൊല്ലി ശണ്ഠകൂടണ്ടാ. ഏതാനുംദിവസങ്ങൾക്കകം ഇക്കാര്യത്തിനു് തീർച്ചയുണ്ടാകും. ഇന്നു് എനിക്കു കപ്പൽ കാണാൻപോയാൽകൊള്ളാമെന്നുണ്ടു്. കൊണ്ടുപോയി കാണിച്ചുതരുമോ ചേച്ചീ?"

"ഇന്നെനിക്കു ആസ്പത്രിയിൽനിന്നു പോരുവാൻ സമയമില്ല, വേറൊരുദിവസമാകട്ടെ". രജനി മറുപടിപറഞ്ഞു.

"അപ്പോൾ സതീശനോ?"

"പരീക്ഷയ്ക്കു് തയ്യാറാകേണ്ടിയിരിക്കുന്നതുകൊണ്ടു സതീശനു് ഈ അവസരത്തിൽ എങ്ങനെ സമയം കിട്ടാനാണു്?"

ലത സതീശൻ്റെ നേരേനോക്കി. സതീശൻ രജനിയുടെനേരെ നോക്കിക്കൊണ്ടുപറഞ്ഞു. "ഇന്നു ലതയുടെകൂടെ ഞാൻ പോകാം. കപ്പൽകാണാൻ ഒരുദിവസം മുഴുവൻ വേണ്ടല്ലോ. രാത്രിയിൽ ഒരുമണിക്കൂർനേരം കൂടുതൽ ഇരുന്നുകളയാം."

രജനി സതീശൻ്റെനേരെ തിരിഞ്ഞു ഒന്നു നോക്കി. ആ നോട്ടത്തിൽ കോപവും താപവും പ്രകടമായിരുന്നു. സതീശൻ അങ്ങോട്ടുനോക്കിയതേ ഇല്ല അയാൾ ലതയോടുചോദിച്ചു. "എന്താ തയ്യാറാണോ."

"തീർച്ചയായും."

"എന്നാൽ പോകാം. താഴെ ചെന്നിട്ടു നമുക്കു ടാക്സിപിടിക്കാം. രജനിയും വരുന്നെങ്കിൽ വരു. ആസ്പത്രിയുടെ അടുത്തു ഇറങ്ങാമല്ലോ."

ലതയേയും സതീശനേയും തനിച്ചുവിടുവാൻ രജനിക്കു് ഇഷ്ടമില്ലായിരുന്നു. താനുംകൂടെ പോയാലെന്താ എന്നവൾ വിചാരിച്ചു, എന്നാൽ തൻ്റെ അസൗകര്യം ആദ്യമേതന്നെ പറഞ്ഞുപോയല്ലോ. ആസ്പത്രിവരെ അവരുടെകൂടെ പോകാനും അവൾ തയ്യാറായില്ല.

## III

ഇപ്രകാരം വളരെദിവസങ്ങൾ കഴിഞ്ഞു. ലതയുടെയും സതീശൻ്റെയും ഹൃദയങ്ങൾ ക്രമേണ അടുത്തടുത്തുവന്നു. രജനി ആവശ്യപ്പെട്ടിട്ടും ലത ബോംബെയിൽനിന്നു പോകാൻ തയ്യാറായില്ല.

ആ ദിവസം അത്യധികമായ ചിന്താക്ഷോഭങ്ങളാൽ രജനിയുടെ തല പുകയാൻ തുടങ്ങി. സമുദ്രക്കരയിലേയ്ക്കുപോകാൻ അവൾ ലതയെ വിളിച്ചു. എന്നാൽ ലത കൂട്ടാക്കിയില്ല.

"എന്താ ഞാൻ പറയുന്നതു് നീ ശ്രദ്ധിക്കയില്ലേ?" രജനി ചോദിച്ചു.

"ഇല്ലെന്നാരുപറഞ്ഞു. പക്ഷെ ഇപ്പോൾ വരാൻ എനിക്കു സൌകര്യമില്ല." എന്നു ലത ഉത്തരം പറഞ്ഞു.

"ഇവിടെ നീ എന്തുചെയ്യാൻ പോകുന്നു?"

"ഇരിക്കും, കിടക്കും, പാടും, ചൂളംവിളിക്കും, പിന്നെ മിണ്ടാതിരിക്കും, എന്താ ചെയ്യാനൊന്നുമില്ലെന്നോ?"

"ലതേ, നീ ഒരു ഭ്രാന്തിയായിപ്പോയല്ലോ"

"അതന്നെ"

"നീ എന്താ ബോംബെയിൽനിന്നു പോകാത്തതു്?"

ലത ഒന്നും മിണ്ടിയില്ല.

"പറയൂ" രജനി പിന്നെയും പറഞ്ഞു.

"ചുമ്മാതെ"

"ചുമ്മാതെയോ, കാരണമൊന്നുമില്ലേ."

"എന്തെങ്കിലുംകാരണം ഉണ്ടെങ്കിലെന്താ, ഇല്ലെങ്കിലെന്താ."

"എന്താ നീ തെളിച്ചുപറയാത്തതു്?"

"എന്തോന്നു"

"അപ്പോൾ സതീശനെ—"

"അതേ"

"മതി. ലതേ, നിൻ്റെ ഈ പ്രവൃത്തിമൂലം എനിക്കു് എന്താണു സംഭവിക്കാൻ പോകുന്നതെന്നു നീ അറിയുന്നുണ്ടോ".

"ചേച്ചിക്കോ?"

"അതെ, എനിക്കു്. ഒരുപക്ഷെ, അതുമനസ്സിലാക്കാൻ നിനക്കു ശക്തിയില്ലായിരിക്കാം."

## IV

രജനി മലബാർഹില്ലിൻ്റെനേർക്കു പോകുകയായിരുന്നു. വാഹനമൊന്നും ഉണ്ടായിരുന്നില്ല. നടന്നാണുപോയതു്. താനെങ്ങോട്ടാണു് പോകുന്നതെന്നു് അവൾക്കുതന്നെ അറിഞ്ഞുകൂടായിരുന്നു. അനേകവർഷത്തെ തപസ്സിൻ്റെ ഫലമായിട്ടാണു് അവൾക്കു സതീശനെ കിട്ടിയതു്. അയാളുടെ സഹായംകൊണ്ടുകൊണ്ടാണു് വളരെവളരെ മണിമാളികകൾ അവൾ ഭാവനയിൽ നിർമ്മിച്ചതു്. അയാളുടെ ബലംകൊണ്ടുതന്നെ അവൾ വിശാലമായ ഒരു സ്വപ്നസാമ്രാജ്യവും സൃഷ്ടിച്ചു. എന്നാൽ അവയെല്ലാം നഷ്ടപ്രായമായിത്തീർന്നിരിക്കുന്നു. തൻ്റെ മനക്കോട്ട കാംതകർന്നുവീഴുന്നതായും, സ്വപ്നസാമ്രാജ്യം ഛി

നശിക്കുമായിത്തീരുന്നതായും അവൾക്കു തോന്നി. വളരെനാളുകളോളം ആഗ്രഹിച്ചതിന്റെ പിന്നെ കഷ്ടിച്ചെത്തിപ്പോയി എന്നു കരുതിയ സൗഭാഗ്യങ്ങളും ഇന്നിതാ അപഹരിക്കപ്പെട്ടിരിക്കുന്നു. അതും എപ്രകാരം? താൻ ആ രക്തബന്ധുതുല്യം സ്നേഹിച്ചിരുന്നോ, ആരുടെ സംരക്ഷണകാര്യത്തിൽ ഇത്ര വളരെ ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിച്ചിരുന്നോ ആ അനുജത്തിയുടെ കയ്യിനാൽ! ഈ ചിന്തകളോടെ നടന്ന് അവൾ റിച്ച്റോഡിലെത്തി. അപ്പോഴേക്കും ഒരു കാർ അവളെ കടന്നുപോയി. കാറിലേക്കു അവൾ നോക്കി. അതിലുണ്ട്, ലതയും സതീശനും ഇരിക്കുന്നു! അവളുടെ പാദം ഒരടിപോലും മുന്നോട്ടുനീങ്ങിയില്ല. ശരീരം ആകെ കുഴഞ്ഞു് നടപ്പാതയുടെ സമീപത്തുണ്ടായിരുന്ന ബെഞ്ചിൽ അവൾ ഇരുന്നുപോയി.

പ്രപഞ്ചം എത്ര നിഷ്ഠുരവും, കഠിനതരവും, ചഞ്ചലവും ആണെന്നു് അവൾ ഓർത്തു. അതുവരെ ജീവിതത്തിലെ കഠിനതകളെപ്പറ്റി അവൾ അറിഞ്ഞിരുന്നില്ല. അഴകും മണവും ഉള്ള പുഷ്പങ്ങൾ നിറഞ്ഞ ഒരു സുന്ദരോദ്യാനമാണ് ലോകം എന്നാണു് അവൾ ധരിച്ചിരുന്നതു്. എന്നാൽ ഓരോ പുഷ്പത്തിന്റെയും കീഴെ മൂർച്ചയുള്ള മുള്ളു സ്ഥിതിചെയ്യുന്നുണ്ടെന്നു് അന്നവൾക്കു മനസ്സിലായി. ഭാഗ്യവാന്മാരുടെ കൈകളിൽ അതു തറയ്ക്കുന്നില്ലെന്നുള്ളതു ശരിതന്നെ. നിർഭാഗ്യവാന്മാരെമാത്രമേ അതു ശല്യപ്പെടുത്തുന്നുള്ളു. അവളുടെ ഹൃദയത്തിൽക്കൂടി വിചാരങ്ങളുടെ ഒരു തീവണ്ടി കടന്നുപോയി. ബാല്യകാലത്തു ആനന്ദസാഗരത്തിലെ തിരമാലകളിൽ തന്നെ താൻ ആടിക്കളിച്ചുകഴിഞ്ഞിരുന്നതു് അവൾ ഓർത്തു. യുവപ്രായമെത്തിയപ്പോൾ ആദ്യം അനുജത്തിയോടും പിന്നീട് സതീശനോടും ചേർന്നു അവൾ ആനന്ദമായി ജീവിച്ചു. എന്നാൽ പിന്നീടവന്റെ ആ അനുജത്തിയും പ്രിയനും തന്നെ അവളുടെ സുഖങ്ങൾ നഷ്ടപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു.

അവൾ ഇങ്ങനെ വിചാരിച്ചുകൊണ്ടിരിക്കെ അടുത്തുകൂടെ വീണ്ടും കടന്നുപോയ കാറിൽ ലതയും സതീശനും സ്ഥിതിചെയ്യുന്നതായി അവൾ കണ്ടു. രണ്ടുപേരെയും ഒന്നിച്ചുകണ്ടപ്പോൾ അവളുടെ ആത്മാവൊന്നു കത്തുന്നപോലെ തോന്നി. അവൾക്കു പെട്ടെന്നു ഒരു പരിഭ്രമം ഉണ്ടായി. സതീശനോടും ലതയോടും അവൾക്കു കോപംതോന്നി. അവരോടു പ്രതിക്രിയ ചെയ്യണമെന്നു അവൾ വിചാരിച്ചു. 'ഒരു ടാക്സി പിടിച്ചു് അവരെ പിന്തുടർന്നാലെന്താ' എന്നു് അവൾ വിചാരിച്ചു. എന്നാൽ അവിടെ ടാക്സി ഒന്നും കിട്ടിയില്ല. വൈവശ്യത്തോടെ അവൾ പടിയിറങ്ങി ചൗപ്പാത്തിയിലെത്തി. അവിടെ ബസ്സിൽ വീട്ടിലേക്കു തിരിച്ചു. രണ്ടുപേരും അങ്ങോട്ടുതന്നെ പോയിരിക്കുന്നതെന്നു് അവൾക്കു നിശ്ചയമുണ്ടായിരുന്നു.

അവൾ വീട്ടിലെത്തി. കതകടച്ചിരുന്നു. അകത്തു് പ്രകാശം ഉണ്ടായിരുന്നു. അവൾ സുഷിരത്തിൽക്കൂടി നോക്കി. ലത മേശമേൽ ഇരിക്കുന്നു. സതീശൻ മേശയിൽ ചാരിക്കൊണ്ടു് അവളുടെ അടുത്തുതന്നെ നിൽക്കുന്നുണ്ടു്. രണ്ടുപേരും സംസാരിക്കുകയാണു്. രജനി ശ്രദ്ധിച്ചുകേട്ടു.

"അങ്ങിനെ പറയരുതു്!" സതീശൻ പറഞ്ഞു

"എന്തുകൊണ്ടു?"

"ഇതാകെ എന്റെ ഹൃദയം തകരും. അങ്ങിനെ നിന്റേയും."

"അതെനിക്കറിയാം. എന്നാൽ ചേച്ചിക്കും ഹൃദയം ഉണ്ടു്. എന്താ നിങ്ങൾ അവരെപ്പറ്റി ഓർക്കാത്തതു്."

"ലതേ, ഞാൻ അതേപ്പറ്റി വളരെ ഓർത്തു. എന്നാൽ—ഹാ! ലതേ നിനക്കു് എല്ലാം അറിയാമല്ലോ. നീ ഇല്ലാതിരുന്നപ്പോൾ എല്ലാം ശരിയായിരുന്നു. എന്നാൽ ഇപ്പോൾ സംഗതി മാറിയിരിക്കുന്നു. എന്റെ ഹൃദയത്തിൽ ശ്രേഷ്ഠമായ ഒരു സ്ഥാനം ഞാൻ രജനിക്കു് നൽകിയിട്ടുണ്ടു്. എന്നാൽ എനിക്കു അവളോടു് വാസ്തവമായ പ്രണയമുണ്ടായിരുന്നോ എന്നുള്ളതിൽ സംശയമുണ്ടു്. നിന്നെ കാണുന്നതുവരെ, പ്രേമം 'എന്തെന്നു്' — യഥാർത്ഥപ്രേമമെന്തെന്നു് — ഞാൻ അറിഞ്ഞിരുന്നില്ല. ഇപ്പോൾ സംശയമൊന്നുമില്ല. രജനി ഇപ്പോഴും മാറുവല്ലവരേയും—"

"ഇല്ല സതീശാ, ചേച്ചിയെ എനിക്കു് അറിയാവുന്നതുപോലെ നിങ്ങൾക്കു അറിഞ്ഞുകൂടാ. ഈ സംഭവം അവരുടെ നാശത്തിനു് കാരണമായിത്തീരും. കഷ്ടം! ഇങ്ങിനെ സംഭവിക്കുമെന്നു ഞാൻ അശേഷം ഓർത്തിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ ബോംബെയിൽ ഒരു ദിവസംപോലും ഞാൻ താമസിക്കുകയില്ലായിരുന്നു. കൂടാതെ നിങ്ങളെ—"

"ഇപ്പോൾ വരാനുള്ളതെല്ലാം വന്നുകഴിഞ്ഞല്ലോ."

"എങ്ങിനെ ഇതെല്ലാം സംഭവിച്ചുവോ, അതുപോലെതന്നെ വേറെയും വല്ലതും സംഭവിക്കാം."

"വേറെ വല്ലതുമോ"

"അതെ."

"എന്താ അതു്."

"ചേച്ചിയും നിങ്ങളുമായുള്ള വിവാഹം."

"ഒരിക്കലുമില്ല."

"എന്തുകൊണ്ടില്ല."

"ഇതോടെ നമ്മുടെ മൂന്നുപേരുടേയും ജീവിതം അവസാനിക്കും. ഞങ്ങൾ രണ്ടുപേരും സുഖമായി ജീവിക്കുകയില്ലെന്നു മാത്രമല്ലാ നിനക്കും അങ്ങിനെ കഴിയാൻ ഒക്കുകയില്ല."

"ഞാനും നിങ്ങളും ആയുള്ള വിവാഹവും നടപ്പില്ല. എന്നെ ഈ നിലയിൽ എത്തിച്ച ചേച്ചിയെ ദുഃഖത്തിൽ ആഴ്ത്തിയിട്ടു് നിങ്ങളൊന്നിച്ചു എനിക്കു എങ്ങിനെ സുഖമായി ജീവിക്കാൻ കഴിയും."

"രജനി എല്ലാം മനസ്സിലാക്കും. അവൾ നമുക്കു മാപ്പുതരാതിരിക്കുകയില്ല. ലതേ, ഒരാളിന്റെ ജീവനെ കരുതി, മൂന്നുപേരെ നശിപ്പിക്കരുതേ!"

"നമ്മുടെ രണ്ടാളുടെയും ജീവിതം എന്തൊന്നാണു്? നാം ഇന്നു വിചാരിക്കുന്നതുപോലെ സുഖമായും സന്തോഷമായും ഒരു വർഷത്തിനു ശേഷവും കഴിയുമെന്നുള്ളതിനു എന്താണുറപ്പ്? തപസ്സിനും, ത്യാഗത്തിനും ബലിയർപ്പണത്തിനും നമ്മുടെ ജീവിതത്തിൽ ഒരു പ്രമുഖസ്ഥാനമുണ്ടു്. ആ ബലിയർപ്പണം ചേച്ചി നിർവ്വഹിക്കണമോ ഞാൻ നിർവ്വഹിക്കണമോ?"

"നീ അതു ചെയ്യുമോ."

"ചെയ്യും."

"ലതേ."

"സതീശാ, ഇതാണെന്റെ അവസാനത്തെ മാനമാണു്. നാളെ ഞാൻ ഇവിടെനിന്നു പോകുന്നു. നിങ്ങൾ ഇവിടെനിന്നു പോകണം. എന്നെന്നേയ്ക്കുമായിട്ടുപോകുക. എന്നെ നിങ്ങൾ ഇനി കാണേണ്ട. ഇക്കഴിഞ്ഞ ദിവസങ്ങളെപ്പറ്റി ഓർക്കുകയുംവേണ്ട. മനസ്സിലായോ, ഒരു സ്വപ്നത്തിൽനിന്നുണർന്നിരിക്കുന്നു. ചേച്ചിയുമൊന്നിച്ചു അതുപോലെ—" ഇത്രയുംപറഞ്ഞു നിറഞ്ഞ കണ്ണുകളോടെ ലത സതീശനെ നോക്കി

രജനി എല്ലാം കേട്ടു. അവൾ സ്തബ്ധയായി നിന്നുപോയി. അവളുടെ കോപം പമ്പകടന്നു. പ്രതിക്രിയയ്ക്കുള്ള ആഗ്രഹവും നശിച്ചു. ലതയുടെ ഹൃദയം ഇത്ര വിശാലമോ! അതവളറിഞ്ഞിരുന്നില്ല. അനുജത്തിയോടുള്ള സ്നേഹത്താൽ അവളുടെ ഹൃദയം കവിഞ്ഞു. അവൾ കരഞ്ഞുപോയി. ഇച്ഛാഭംഗത്തോടുകൂടി ദീർഘശ്വാസം വിട്ടുകൊണ്ടു സുഷിരത്തിൽക്കൂടി രണ്ടു മിനിട്ടോളം ലതയേയും സതീശനേയും അവൾ നോക്കിനിന്നു. പിന്നെ കണ്ണീർ വീഴ്ത്തിക്കൊണ്ടു് വഴിയിൽ ഇറങ്ങി അപ്രത്യക്ഷയായി.

V

അടുത്തദിവസത്തെ പത്രങ്ങളിൽ ഇങ്ങിനെ ഒരു വാർത്ത ചേർത്തിരുന്നു: "മെഡിക്കൽ കാളേജിലെ രജനി എന്നു പേരായ ഒരു വിദ്യാർത്ഥിനി സമുദ്രത്തിൽ മുങ്ങിമരിച്ചിരിക്കുന്നു. അവളുടെ ശവം ഇതുവരെ കിട്ടിയിട്ടില്ല. ജൂഹൂ കടൽക്കരയിൽ വച്ചിരുന്ന അവളുടെ ചില വസ്ത്രങ്ങളും ഒരെഴുത്തും കിട്ടിയിട്ടുണ്ടു."

ഈ വാർത്ത വായിച്ച ഉടനെ ലതയും സതീശനുംകൂടി പോലീസ് സ്റ്റേഷനിൽ എത്തി രജനിയുടെ ബാഗ്, കൈലേസ്, എഴുത്തു എന്നിവ അവർ തിരിച്ചറിഞ്ഞു. അവളുടെ വസ്ത്രങ്ങളേയും ശവത്തെയുംപറ്റി ഒരു വിവരവും അവർക്കു കിട്ടിയില്ല. എഴുത്തു പൊട്ടിച്ചു അവർ വായിച്ചു. അതിൽ ഇപ്രകാരം എഴുതിയിരുന്നു. "ഈ ജീവിതവും, ഈ പ്രപഞ്ചവും എന്താണു്? രണ്ടും കഠിനപ്രശ്നങ്ങളാണു്. അവയെ അഴിക്കാൻ എത്രത്തോളംശ്രമിക്കുന്നുവോ, അത്രകണ്ടു് അവ കുരുക്കുള്ളതായി തീരുകയേഉള്ളു. ഞാൻ ആർക്കുവേണ്ടി സകലതും അർപ്പിക്കാൻ തയ്യാറായിരുന്നോ, അയാൾ എന്റെകൂടെ കഴിഞ്ഞാൽ സുഖം ലഭിക്കുകയില്ലെന്നു വിശ്വസിക്കുന്നു. അയാൾ മറ്റൊരാളെയാണു സ്നേഹിക്കുന്നതു്. അവർക്കു് രണ്ടുപേർക്കും ഒന്നിച്ചു സുഖിക്കാൻ കഴിയും. എന്നാൽ അയാളെ പ്രേമിക്കുന്നവൾക്കു് അന്തഃകരണം ഉണ്ടു്. ഞാൻ ആ പ്രേമത്തിനും ആ അന്തഃകരണത്തിനും ഇടയ്ക്കുവന്നുപെട്ടിരിക്കുന്നു. ഇതിൽ എന്റെകാര്യമൊന്നുമില്ലെന്നും, ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം ആദ്യഅവകാശം എനിക്കാണെന്നും ഞാൻ അറിയുന്നുണ്ടു്. എന്നാൽ അങ്ങിനെ ചെയ്താൽ, മൂന്നു ജീവിതത്തെയും ദുഃഖപൂർണ്ണമാക്കിത്തീർത്ത അപരാധം എന്റെമേൽ വന്നുപതിക്കും. ആ സ്ഥിതിയിൽ കരണീയം ഇതൊന്നേ ഉള്ളു. അവർ രണ്ടുപേരുടേയും സുഖത്തിനുവേണ്ടി, എന്റെ സുഖവും, ഭാവിയും സകലതും ബലിയർപ്പിക്കണം. അതാണു് ഞാനിന്നു ചെയ്യുന്നതു്. അവരിരുവരും സുഖമായി കഴിയട്ടെ എന്നാണു് എന്റെ ആശയും പ്രാർത്ഥനയും!!"

ശക്തിശാലിയായ സമയം ഈ സംഭവത്തെ സ്മരണയിൽനിന്നു മാച്ചുകളഞ്ഞപ്പോൾ സതീശനും ലതയും തമ്മിലുള്ള വിവാഹം നടന്നു.

ഹിന്ദിയിൽനിന്നു വിവർത്തനം.

—o—

# മഴയുടെ അഭാവത്തിൽ

പാട്ടത്തിൽ വാസുദേവമേനോൻ

മേടമാസത്തിൻ പാതികടന്നു കഴിഞ്ഞൊരെ-
യാതലെന്നിയെസാധു വിതച്ചപാടങ്ങളിൽ.
വിത്തെല്ലാം മണ്ണിൻപോട്ടിലാകവെ വെള്ളത്തിനായ്
വിത്തങ്ങളൂന്നാമവനാനനം പൊക്കിനില്പായ്.
കാലവർഷത്തിൻ ചഹനം കാർമുകിലാകാശത്തി-
ലാലയമെത്താതുള്ളോരാടുകളെന്നപോലെ;
നിത്യവുമംബരത്തിലലഞ്ഞുനടക്കുമ്പോൾ
ചിത്തവുംതെളിഞ്ഞേററം വാഴുകയാണസ്സാധു.
എന്നാലതെളിവേറെ നീണ്ടുനിന്നില്ലെന്നല്ല
പൊന്നൊളിവീശുംമുഖം വിളർത്തുംകാണായ് വന്നു
പൊടിച്ചീലൊരുതുള്ളി വെള്ളവുംവാനിൽനിന്നി-
ങ്ങിടിയുംപിന്നെപ്പിന്നെ തെല്ലു മഴക്കാർക്കാതായി.

അവനുണ്ടൊരുപടി കുട്ടികൾനോക്കീടേണ്ടോ-
രവർതൻമാതാവല്ലോ ദീർഘനിദ്രയിലത്രെ!!
ഉണ്ണിനിപ്പാവങ്ങൾക്കു മാതാവും പിതാവുമായ്
വിണ്ടലാവലംബിയാം കർഷകനിവൻമാത്രം
ഇവനീമട്ടിൽപാരം പശ്ചിമതീരത്തിങ്ക-
ലഴലിൻസമുദ്രത്തിൽ മുങ്ങിനിന്നീടുന്നേരം
വമ്പുററ സ്വാധീനത്താൽ പാരിച്ച "മണിപ്ലേസ്സാൽ"
വമ്പിച്ചോരണക്കെട്ടാൽ തമിഴൻസുഖിക്കുന്നു.
ആശ്ചര്യം ചിന്തിച്ചെന്നാൽ; കരയുംപൈതൽക്കത്രെ
വിശക്കും നേരത്തിങ്കലമ്മിഞ്ഞകിട്ടാറുള്ളൂ.

# കർഷകനോട്

പുത്തൂർ എൻ. ദിവാകരൻ

"ഉച്ചച്ചൂടിനെ വെല്ലുവിളി-
ച്ചുത്സാഹത്തൊടു പണിചെയ്യും,
ഉത്സവദായക! നീയാരു്? - എൻ
കുതുകം തഴുത്തുകുളുക്കട്ടെ!"
"ഞാനാരെന്നോ — നിങ്ങൾക്കെൻ-
ദീനതയിൽക്കനിവുവരുന്നോ
വന്ദനം! — ഉലകിൻദൃഷ്ടിയിൽ ഞാൻ
നിന്ദ്യൻ, സാധുകൃഷിക്കാരൻ."
"പറയരുതങ്ങനെ, നീയല്ലോ
പാരുഭരിക്കും യജമാനൻ!
നിന്നുടൽവേർപ്പുണർന്നല്ലോ
മന്നിതുകാന്തിമുഴക്കുന്നു!"
"കവ്തുകൾ നിർത്തൂ സത്യത്തിൽ
കവിയുന്നുണ്ടെൻ വേദനകൾ.
കാണുന്നില്ലേൻ കരളെരിവോർ
കാതരനാമെൻ വിങ്ങലുകൾ."
"വിമ്മിക്കരയാതെൻതമ്പീ!
സമ്മോദോദയമണയാറായ്.
നിന്നെഞെരിക്കും ജന്മിത്തം
ചിന്നിച്ചിതറിപ്പൊലിയാറായ്.
മറയുടെമറയിൽ, കുടിലതയിൽ
മദമൊടുമുറുകും നിയമങ്ങൾ,
തെററിപ്പൊട്ടിത്തകരാറായ്,
ചെററക്കൂരകളുയരാറായ്.
നിണമണിമിന്നൽപ്പിണറുകളിൽ,
പടഹമടിക്കും വെള്ളിടിയിൽ
ഞെട്ടിവിറച്ചപ്പൊന്മലകൾ
പുറവും ചിതറിപ്പൊളിയാറായ്
കണ്ടോ, മേടകൾ കുടിലുകൾതൻ
മണ്ടകൾമുകരാൻവെമ്പുന്നു.
പുളമരങ്ങൾ കൊടുങ്കാററിൽ
ചുളിച്ചുളിപ്പുളയുന്നു.
കാലമടുത്തു നിങ്ങൾക്കി-
ക്കോലം മാറിക്കളിരുന്നിയാൻ
ഖേദംവേണ്ടാ; പണിചെയ്യൂ!
കേദാരത്തിൻ തുണയാളേ!"

—o—

ജാതകാദേശം
(സവ്യാഖ്യാനം)
ഒന്നാംതരം ജ്യോതിഷപുസ്തകം
വില ണ 15
ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

**15,000** ക: നേടുക.

ഗവ: രജി: നമ്പർ **277** പ്രശ്നം നമ്പർ **8**

ഞങ്ങളുടെ ശരിയായ ഉത്തരം മദ്രാസ്, ദി പ്രീമിയർബാങ്ക് ലിമിറ്റഡിൽ സൂക്ഷിച്ചിരിക്കുന്നതും അവരുടെ അനുമതിയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതുമാകുന്നു.

| | |
|---|---|
| ഒന്നാം സമ്മാനം — ശരി ഉത്തരത്തിനു് | ക: 9 000/- |
| രണ്ടാംസമ്മാനം — ആദ്യത്തെ 4 അക്കം ശരിയാകുന്നതിനു് | ക: 4 000/- |
| മൂന്നാം സമ്മാനം — ആദ്യത്തെ 3 അക്കം ശരിയാകുന്നതിനു് | ക: 2000/- |

ഉത്തരം അയയ്ക്കേണ്ട അവസാനതീയതി: 6 6-50
ഉത്തരം പ്രസിദ്ധപ്പെടുത്തുന്ന തീയതി: 21-6-50

AMBAL'S PUZZLES
KEY S. NO. 6 ★ 6 .TO 14=60

| | | | | | |
|---|---|---|---|---|---|
| 11 | 8 | 13 | 10 | 12 | 6 |

We hereby certify that the above is the solution in original deposited with us by Ambal's Puzzles No. 6 on 27/3/50 in a sealed cover which was opened in our presence to-day and that a copy of the above solution has been lodged with the Bank.
For The Premier Bank of India Ltd.,
V Ramamurthy
22-4-50

72

| | | | | | |
|---|---|---|---|---|---|
| | | | | | |

പ്രവേശനഫീസ്:—ഒരുത്തരത്തിനു് ക: 1/-
6 ഉത്തരങ്ങൾ അടങ്ങിയ സെറ്റൊന്നിനു് ക: 5/- മാത്രം.

പൂരിപ്പിക്കേണ്ട വിധം:—8 മുതൽ 16 വരെയുള്ള അക്കങ്ങൾകൊണ്ടു് ആകെത്തുക 72 കിട്ടത്തക്കവണ്ണം പൂരിപ്പിക്കുക. ഒരക്കം ഒരുപ്രാവശ്യംമാത്രമേ ഉപയോഗിക്കാവൂ. വെള്ളക്കടലാസിൽ എഴുതിയ ഉത്തരങ്ങളും അയയ്ക്കാം. പ്രവേശനഫീസ് ക്രാസുചെയ്ത ഇൻഡ്യൻ പോസ്റ്റൽ ആർഡറായോ മണിയാർഡറായോ അയയ്ക്കാം. മണിയാർഡർക്കൂപ്പണിൽ പേരും മേൽവിലാസവും എഴുതി ഉത്തരത്തോടൊപ്പം രസീതും അയച്ചിരിക്കണം. പിരിവനുസരിച്ചു് സമ്മാനത്തുക ഭേദപ്പെടുത്തും. മാനേജരുടേതു് അവസാനതീരുമാനമായിരിക്കും. 4 അണയുടെ പോസ്റ്റേജ്സ്റ്റാമ്പയച്ചാൽ ഉത്തരം അയച്ചുകൊടുക്കുന്നതായിരിക്കും.

ഉത്തരം അയയ്ക്കേണ്ട മേൽവിലാസം:—
**AMBALS' PUZZLE, No. 8**
22 (6) V. P Koil Street, Madras 21.

സോമൻ ആൻറ് പാർട്ടി: ൧൧




# വിജ്ഞാനവീഥി

—൦—

എം. ആർ കൃഷ്ണപിള്ള

**നാം** അധിവസിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം 5,13,45 086 ചതുരശ്രമൈലും ലോകത്തിലെ മൊത്തം ജനസംഖ്യ 215,09 59 919-ം ആണ്.

* * *

ഏറ്റവും വലിയ അഗ്നിപർവ്വതം ഇക്വഡോറിലെ (Equador) ചിംബ്രോസോ (Chimbro o) ആണ്. 20 702 അടിയാണ് ഉയരം.

* * *

ജപ്പാനിലെ ടണ്ണ (Tanna) തുരങ്കത്തിനാണ് ലോകത്തിലെ ഏറ്റവും വലിയ തുരങ്കമെന്ന പ്രസിദ്ധിയുള്ളത്. നീളം പതിമൂന്നര മൈലാണ്.

* * *

ടിബറ്റിലെ ഫാരി (Phari) നഗരം സമുദ്രനിരപ്പിൽനിന്നും 14,300 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു. അതിലും ഉയർന്നനിരപ്പിൽ മറ്റൊരു പട്ടണവും ലോകത്തില്ല.

* * *

2810 അടി പൊക്കത്തിൽനിന്നും വീഴുന്ന തുഗേല (Tugela) വെള്ളച്ചാട്ടമാണ് ഏറ്റവും വലിയ വെള്ളച്ചാട്ടം. തെക്കെ ആഫ്രിക്കയിൽ നേറ്റാൻ സംസ്ഥാനത്തു അനേകം സന്ദർശകർ ദിനംപ്രതി ഈ വെള്ളച്ചാട്ടം കാണുന്നതിനു ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വരുന്നുണ്ട്.

* * *

1737 ഒക്ടോബർ 11-ാംനു കൽക്കട്ടാ ഭൂകമ്പത്തിൽ മൂന്നുലക്ഷം ജനങ്ങൾ കൊല്ലപ്പെട്ടു.

* * *

മുപ്പതുലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള സഹാറാ മരുഭൂമിയിൽ ചില സ്ഥലങ്ങൾ സമുദ്രനിരപ്പിൽനിന്നും ഒൻപതിനായിരം അടി പൊക്കമുണ്ട്.

* * *

മോസ്കോയിലെ Great Bell (200 ടൺ ഭാരം) ആണ് ഏറ്റവും വലിയ മണി.

* * *

മോസ്കോയിലെ സോവിയറ്റ് കൊട്ടാരത്തിനു 1365 അടി പൊക്കമുണ്ട്.

* * *

രണ്ടുലക്ഷത്തിനാല്പതിനായിരം അടി ഉയരവും അൻപതുലക്ഷം ഗ്രന്ഥങ്ങളുമുള്ള Gosudar Strennaya Publichaaya Bibliotaka, Leningrad ആണ് ലോകത്തിലെ ഏറ്റവും വലിയ ഗ്രന്ഥാലയം.

* * *

ഏറ്റവും വലിയ കൊട്ടാരം റോമിലെ വത്തിക്കാൻ ആണ്.

* * *

ആറുകോടി നാല്പതുലക്ഷം ചതു: മൈൽ വിസ്തീർണ്ണമുള്ള പെസഫിക്ക് മഹാസമുദ്രമാണ് ഏറ്റവും വലിയതും ആഴം ഏറിയതുമായ സമുദ്രം.

* * *

രാമേശ്വരം ക്ഷേത്രത്തിലെ ഇടനാഴിക്കു നാലായിരം അടി നീളമുണ്ട്.

* * *

ന്യൂയോർക്കിലെ ഗ്രാൻഡു സെൻട്രൽ ടെർമിനൽ റെയിൽവേസ്റ്റേഷനു നാല്പത്തിയേഴ് പ്ലാറ്റ്ഫാറമുണ്ട്.

# ബാധോപദ്രവമുണ്ടോ?

പി. ദാമോദരൻപിള്ള

മുന്നൊരുലക്കം ആഴ്ചപ്പതിപ്പിൽ ഭൂതാവേശത്തെപ്പററി ഒരു ലേഖനം കണ്ടു. ഭൂതാവേശമെന്നും, ബാധോപദ്രവമെന്നും മററും പറയപ്പെടുന്നതു് മനശ്ശാസ്ത്രപരമായ ചില സിദ്ധാന്തങ്ങൾകൊണ്ടു വ്യാഖ്യാനിച്ചു തള്ളിക്കളയാവുന്നതാണെന്നു ലേഖകൻ സംശയിക്കുന്നു. അങ്ങനെ തള്ളാൻ സാധിക്കയില്ലെന്നു പാശ്ചാത്യശാസ്ത്രജ്ഞന്മാർതന്നെ പല രാജ്യങ്ങളിലും ഒട്ടേറെ പണം ചെലവിട്ടു നടത്തിവരുന്ന ഗവേഷണങ്ങൾകൊണ്ടു വെളിപ്പെട്ടിട്ടുണ്ടു്. എന്നാൽ അവയെപ്പററി മതിപ്പില്ലാത്ത ശാസ്ത്രജ്ഞന്മാരും അവിടെ ഉണ്ടെന്നുള്ളതു വിസ്മരിച്ചുകൂടാ. എച്ച്. ജി. വെൽസ്‌തന്നെയും ഇതിനുദാഹരണമാണു്. എന്നാൽ വെൽസ് ഒരു ശാസ്ത്രജ്ഞനെന്നു വിളിക്കപ്പെടാറുണ്ടെങ്കിലും, അദ്ദേഹം ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ മനസ്സിലാക്കിവച്ചിരിക്കുന്ന ആളെന്നല്ലാതെ, ശരിയായ അർത്ഥത്തിൽ സ്വയം ശാസ്ത്രീയപരിശോധനകൾ നടത്തിയ ശാസ്ത്രജ്ഞനല്ലെന്നു ചില യഥാർത്ഥശാസ്ത്രജ്ഞന്മാർ എഴുതിക്കണ്ടിട്ടുണ്ടു്. വെൽസിനെപ്പോലുള്ളവർ ഒരു സത്യത്തെപ്പററി അന്വേഷിക്കാതെ ഏതോ ഒരു മനംമടിപ്പുകൊണ്ടുമാത്രം അതിനെ എതിർക്കുകയാണു ചെയ്യുന്നതെന്നും, ഈ നടപടി ശാസ്ത്രീയമല്ലെന്നുമാണു് അവരുടെ വാദം.

ബാധോപദ്രവങ്ങൾ, കുട്ടിച്ചാത്തന്റെ ഉപദ്രവം മുതലായവ ലോകാരംഭംമുതൽ ഇന്നുവരെ തുടരെ നടന്നുകൊണ്ടാണിരിക്കുന്നതെന്നു പ്രേതശാസ്ത്രജ്ഞന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. പ്രേതബാധ വെറും അന്ധവിശ്വാസമാണെന്നു പറയുന്നവർക്കും അതിനെപ്പററിയുള്ള അനുഭവങ്ങൾ ഒന്നിലധികം ഉണ്ടായിട്ടുണ്ടെന്നുവരാം. അവരതു സമ്മതിക്കയില്ലെന്നേയുള്ളു. വെൽസുകൂടി ഉൾപ്പെട്ടു് എഴുതിയിട്ടുള്ള "ജീവിതശാസ്ത്രം" (Science of Life) എന്ന ഗ്രന്ഥത്തിൽ, പ്രേതലോകഗവേഷണങ്ങളെപ്പററി ഒരു ഭാഗം അടങ്ങിയിരിക്കുന്നു. ചില പ്രേതാത്മാക്കൾ പ്രത്യക്ഷരാകുന്നതിനേയും മററുംപററി ഗ്രന്ഥകർത്താക്കന്മാർക്കു പറയാനുള്ളതു് അതെല്ലാം വെറും അസംബന്ധമാണെന്നാണു്. പക്ഷേ ഗവേഷണശാലയിൽ നടന്ന ചില പ്രത്യക്ഷസംഭവങ്ങൾക്കു് എങ്ങനെ സമാധാനംപറയാതെ കടന്നുപോകാൻകഴിയുമെന്നു് അതു വായിക്കുമ്പോൾ നമുക്കു തോന്നാതിരിക്കയില്ല. ലാറൻസ് ഹൗസ്മാൻ തന്റെ ആത്മകഥാകഥനത്തിൽ പ്രേതബാധയുള്ള ഒരു മുറിയിൽ ഒരു രാത്രി കഴിച്ചുകൂട്ടേണ്ടിവന്നതിനെപ്പററി പറയുന്നു. ആ മുറിയിൽവച്ചു് അദ്ദേഹത്തിനുണ്ടായ അനുഭവം മറെറാരാളിനും ഉണ്ടായതായി അദ്ദേഹംതന്നെ പ്രസ്താവിക്കയുംചെയ്തിരിക്കുന്നു. എങ്കിലും, പ്രേതങ്ങളെപ്പററിയുള്ള വിശ്വാസം അബദ്ധമാണെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. മിസ്‌ററിക് അനുഭൂതികളെപ്പററി അവിശ്വാസികളായ ചില യൂറോപ്യൻഗ്രന്ഥകാരന്മാർ പുസ്തകമെഴുതിയിട്ടുണ്ടു്. ആമാതിരി അനുഭൂതികൾ മൂഢവിശ്വാസമാണെന്നു തെളിയിക്കാൻ സാഹസപ്പെടുന്നതിനിടയിൽ അവരും പല അനുഭവങ്ങൾക്കും സമാധാനം പറയാതെ നെട്ടകെ എഴുതിക്കൊണ്ടുപോകുകമാത്രമേ ചെയ്യുന്നുള്ളു. ഇതെല്ലാം വ്യുല്പന്നമതികളുടെ (Intellectuals) ഒരുവക വൈഭൃതമെന്നല്ലാതെ മറെറാന്നും പറയാൻകാണുന്നില്ല.

ഏതായാലും പ്രേതങ്ങളെയും, മററു ബാധകളെയുംപററിയുള്ള പാശ്ചാത്യവിശ്വാസത്തിനു തെളിവുകൾ ബൈബിളിൽതന്നെയും കാണാൻ കഴിയും. അതിനുമുമ്പുള്ള കഥകൾ നാം തല്ക്കാലം ശ്രദ്ധിക്കണമെന്നില്ലെന്നേ മേൽപ്പറഞ്ഞതിനർത്ഥമുള്ളു. അടുത്ത കാലങ്ങളിൽ പ്രേതലോകഗവേഷണങ്ങൾ പാശ്ചാത്യരുടെയിടയിൽ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു സമ്മതിക്കണം. ഈ ഗവേഷണങ്ങളിൽ ഏർപ്പെട്ടിരുന്ന ചില ശാസ്ത്രജ്ഞന്മാർതന്നെ അവരുടെ മരണശേഷം പഴയ കൂട്ടുകാർക്കു തങ്ങളുടെ പുതിയ ലോകത്തെപ്പററി അറിവുകൾ കൊടുത്തിട്ടുണ്ടു്. തങ്ങളുടെ മരണശേഷം അങ്ങനെ ചെയ്തുകൊള്ളാമെന്നു് ഏററിരുന്ന മററു ചിലർക്കു പ്രേതലോകത്തിൽനിന്നു് ഈ ലോകത്തിലെ ആളുകളുമായി സമ്പർക്കത്തിലേർപ്പെടാൻ സാധിച്ചിട്ടില്ലെന്നുള്ളതും ശരിയാണു്. ചിലർക്കു് അതു സാധിക്കയും, മററുചിലർക്കു സാധിക്കാതിരിക്കയുംചെയ്യുമ്പോൾ ഒരുകൂട്ടം വിമർശകന്മാർ ധരിക്കുന്നതു് ആ സമ്പർക്കകഥകൾ മുഴുവൻ കള്ളമാണെന്നാണു്. ഇതിനർത്ഥം, പ്രേതലോകത്തിൽ അകപ്പെട്ട എല്ലാ ആത്മാക്കൾക്കും എല്ലാവിധത്തിലും തുല്യമായ സ്ഥാനങ്ങളും, സൗകര്യങ്ങളും, കഴിവുകളും ഉണ്ടായിരിക്കണമെന്നു വിമർശകന്മാർ വിശ്വസിക്കുന്നു എന്നാണു്. ഇതു് അത്രതന്നെ ശാസ്ത്രീയമായ ഒരു വിശ്വാസമാണെന്നു പറഞ്ഞുകൂടാ.

ഇതുസംബന്ധിച്ചു ൧൧൨൨ ഇടവം ൧൧-ാം തീയതിയിലെ മലയാളരാജ്യം ആഴ്ചപ്പതിപ്പിൽ ഞാൻതന്നെ തർജ്ജിമചെയ്തു ചേർത്തിരുന്ന "പരലോകജീവിതം" എന്ന പണ്ഡിതാഭിപ്രായത്തിലേയ്ക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ലോകപ്രസിദ്ധമായ ഹിബ്ബെർട്ട് ജേർണലിൽ അതിപ്രശസ്തനായ എഡ്മണ്ഡ് ഹോംസ് എഴുതിയ ലേഖനമാണു തർജ്ജിമയ്ക്കു വിഷയമായതു്. അദ്ദേഹം പറയുന്നു: "സാധാരണയായി ആളുകൾ തങ്ങളുടെ ചുററും അചഞ്ചലമായ ഒരു ചക്രവാളം നിർമ്മിക്കുന്നു. ഈ ചക്രവാളം അനേകം ചക്രവാളങ്ങളുടെ ഒരു സങ്കരമായിരിക്കാം. തന്റെ രാജ്യം, സമുദായം, മതം, രാഷ്ട്രീയകക്ഷി, ജീവിതവൃത്തി മുതലായവയെല്ലാം മേല്പറഞ്ഞ ചക്രവാളങ്ങൾ നിർമ്മിക്കുന്നു. ഇവയെ സങ്കരംചെയ്യുന്ന വിഷയത്തിൽ മനുഷ്യന്റെ സത്വവിശേഷം (Personality പ്രകടിക്കുന്നു. അതിനാൽ ഓരോ മനുഷ്യനും നിർമ്മിക്കുന്ന ചക്രവാളം അവന്റേതുമാത്രമായിരിക്കുന്നതാണു്. അതിനാൽ പുതിയ എന്തെങ്കിലും കാര്യം കേൾക്കുമ്പോൾ അതു തന്റെ ചക്രവാളത്തിനു പുറത്താണെന്നു അവനു തോന്നുന്നു. അതിനെക്കൂടി സ്വചക്രവാളത്തിനുള്ളിലാക്കത്തക്കവിധം ചക്രവാളത്തെ വികസിപ്പിക്കണമെങ്കിൽ പഴയ നിലയിൽനിന്നു അവൻ കുറേക്കൂടി ഉയരണം. ഇതിനു അവനു മനസ്സില്ല. ശാസ്ത്രജ്ഞന്മാരിലും സാമാന്യബോധത്തിൽമാത്രം വിശ്വസിക്കുന്നവരിലും ഇത്തരക്കാർ ധാരാളമുണ്ടു്. ഇവരാണു പ്രേതാത്മവാദത്തെ പരിശോധിക്കാതെ തള്ളിക്കളഞ്ഞതു്".

ഈ ലേഖനത്തിനു കാരണമായ മലയാളരാജ്യലേഖനത്തിന്റെ കർത്താവു്, അനഭ്യസ്തവിദ്യരെന്നു പറയാവുന്ന ചിലർ ബാധോപദ്രവവേളയിൽ ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ സംസാരിക്കുന്നതായി പറയുന്നു. ഇതു പലർക്കും അനുഭവപ്പെട്ടിരിക്കാം. എന്റെ അനുഭവത്തിൽതന്നെ ഇതു ഒന്നിലധികംതവണ കാണാനിടയായിട്ടുണ്ടെന്നു പറയണം. ഒരു വെറും നായർസ്ത്രീ കൊങ്കണഭാഷ സംസാരിച്ചതു അതിലൊന്നു മാത്രമാണു്. ഒരു കൊങ്കണസ്ത്രീയുടെ പ്രേതമാണു അവരെ ബാധിച്ചതെന്നുതന്നെയല്ല, ഒരു ബ്രാഹ്മണമന്ത്രവാദി ആ പ്രേതത്തെ കൊല്ലത്തുവച്ചു ഉച്ചാടനം ചെയ്യുകയും ചെയ്തു.

ഒരു ഭാഷയും ശരിയ്ക്കു അറിയാത്തവരോ ഒന്നോ രണ്ടോ ഭാഷമാത്രം അറിയാവുന്നവരോ കേവലം അപരിചിതമായ ഭാഷ സംസാരിക്കുന്നതിനു പ്രേതശാസ്ത്രത്തിൽ Xenoglossis എന്നാണു പറയുന്നതു്. ചിക്കാഗോയിലെ ഒരു ഇംഗ്ലീഷ്പ്രൊഫസറുടെ നീഗ്രോ ബട്ട്ലർ, പ്രൊഫസറുടെ മരണശേഷം പലപ്പോഴും ഷേക്സ്പീയർ മഹാകവിയുടെ നാടകങ്ങളിലെ പലഭാഗങ്ങളും കാണാപ്പാഠം ചൊല്ലിത്തുടങ്ങി. പ്രൊഫസർ മരിക്കുന്നതുവരെ ബട്ട്ലർക്കു, സാധാരണ പറയാറുള്ള "പൊട്ട്ളേരിംഗ്ലീഷ്" മാത്രമേ അറിയാമായിരുന്നുള്ളു. പ്രൊഫസർ ഷേക്സ്പീയർനാടകങ്ങൾ പലതും കാണാപ്പാഠമാക്കിയിരുന്ന സംയിപ്പമാണു്. ഇതു മനശ്ശാസ്ത്രത്തിലെ വെറും അബോധമനസ്സിന്റെ (Unconscious mind) പ്രവർത്തനമാണെന്നു പറയാൻ മനശ്ശാസ്ത്രജ്ഞന്മാർതന്നെയും ധൈര്യപ്പെടുകയില്ല. എന്തെന്നാൽ പ്രൊഫസർ ജീവിച്ചിരുന്നപ്പോൾ ബട്ട്ലർക്കു അവന്റെ അബോധമനസ്സില്ലായിരുന്നു എന്നു വരുന്നതല്ലല്ലോ. അത്രതന്നെയുമല്ല, ചില സന്ദർഭങ്ങളിൽ, കേവലം അജ്ഞരായ ആളുകൾ, ഇന്നു നിലവിലില്ലാത്ത ഭാഷകൾ സംസാരിക്കുന്നതായും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു. പഴയ ഇജിപ്ഷ്യൻഭാഷ, ൧൨-ാം നൂററാണ്ടിലെ ഇംഗ്ലീഷ് മുതലായവ ഭംഗിയായി കൈകാര്യംചെയ്ത സാധാരണ സ്ത്രീപുരുഷന്മാർ മുഖേനയുള്ള പരീക്ഷണങ്ങൾ പ്രേതാത്മസിദ്ധാന്തത്തിന്റെ ഒരു രീതിയാണു്. പഴയ കാലങ്ങളിൽ ജീവിച്ചിരുന്നവരുടെ പ്രേതങ്ങളാണു് ഇന്നു ചിലരിൽ ആവേശിച്ചു സ്വന്തം പഴയ ഭാഷ ഉപയോഗിക്കുന്നതു്. ആവേശമുണ്ടാകുമ്പോൾ മാത്രമേ ഇന്നുള്ളവർക്കു ആവക ഭാഷകൾ കൈകാര്യം ചെയ്യാൻ സാധിക്കയുമുള്ളു. ഭാഷമാത്രമല്ല കണക്കു്, സംഗീതം മുതലായവയും ഇങ്ങനെ ഇന്നുള്ളവർ അറിയാതെ പ്രയോഗിച്ചുപോകാറുണ്ടു്.

മരണാനന്തരജീവിതം തെളിയിക്കാൻ പല വിശേഷപ്പെട്ട രീതികളും ശാസ്ത്രജ്ഞന്മാർ സ്വീകരിക്കുന്നുണ്ടു്. അതിനു ചില തെററാത്ത തെളിവുകൾ സാധാരണയായി ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യുന്നുണ്ടു്. അവയിലൊന്നാണു മരണരംഗത്തിലെ ചില സംഭവങ്ങൾ. ഇവയിൽ, ആസന്നമരണൻ മരിച്ചുപോയ ചില ബന്ധുക്കളെ കാണുകയും അവരുമായി സംസാരിക്കയുംചെയ്യുന്നു. മനഃപ്രാപണം (Telepathy) കൊണ്ടു് ഇതു സാധിക്കയില്ല. മരിച്ചുപോയ ഉററബന്ധുക്കളെയോ, ഉററമിത്രങ്ങളെയോ മാത്രമല്ലാതെ ജീവിച്ചിരിക്കുന്ന ദൂരസ്ഥരിൽ ആരെയും മൃത്യുമുഖനായ മനുഷ്യൻ കാണുന്നില്ല. ചിലപ്പോൾ അയാളുടെ അടുക്കലുള്ളവരും പരേതാത്മാക്കളെ കാണുന്നു. മരണനിമിഷത്തിൽ അയാളിൽനിന്നു പുകപോലെ ഒരു രൂപം പുറപ്പെട്ടു് പരേതാത്മാക്കളോടൊത്തുപോയി മറയുന്നതായി അവർക്കനുഭവപ്പെടുകയും ചെയ്യുന്നു. മരണം അടുത്തിരിക്കുന്ന അരോഗികളായ ചിലർക്കു പരേതരായ ബന്ധുക്കളും മിത്രങ്ങളും സ്വപ്നത്തിൽ പ്രത്യക്ഷരാകയും, കൂടെച്ചെല്ലാൻ ക്ഷണിക്കയും ചെയ്യുന്നതായി പലർക്കും അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ക്ഷണിക്കപ്പെടുന്നവർ താമസിയാതെ ക്ഷണം സ്വീകരിച്ചു സ്ഥലംവിടുകയാണു പതിവെന്നുള്ളതും പ്രസ്താവയോഗ്യം തന്നെ.

മരണാനന്തരജീവിതത്തെക്കുറിച്ചുള്ള ഗവേഷണങ്ങൾ അനേകം ശാസ്ത്രജ്ഞന്മാർ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. സാധാരണ വായനക്കാർക്കു് സ്വാമി അഭേദാനന്ദന്റെ Life Beyond Death എന്ന ഗ്രന്ഥം ഉപകാരപ്രദമായിരിക്കും. മലയാളംമാത്രം വശമുള്ളവർക്കു മഞ്ചേരി രാമയ്യർ അവർകൾ തദ്വിഷയകമായി എഴുതിയിട്ടുള്ള ശാസ്ത്രീയഗ്രന്ഥം അപേക്ഷണീയമാണു്. മലയാളത്തിൽ അദ്ദേഹം മാത്രമേ ഇതുസംബന്ധിച്ചു് ഒരു പുസ്തകമെഴുതിക്കണ്ടിട്ടുള്ളു.

ഒരു വിശേഷപ്പെട്ട സംഭവംകൂടി രേഖപ്പെടുത്തിക്കൊണ്ടു് ഈ ലേഖനം അവസാനിപ്പിച്ചേക്കാം. സോക്രട്ടീസ് വധിക്കപ്പെടുന്നതിനു മുൻപു നടത്തിയ പ്രഭാഷണത്തിൽ, ഹോമർ, ഹെസിയോഡ് തുടങ്ങിയ മഹാന്മാരുടെകൂടെ മരണാനന്തരലോകത്തിൽ ജീവിക്കുന്നതിനേക്കാൾ കാമ്യമായി ഒന്നുമില്ലെന്നു പ്രസ്താവിച്ചിരുന്നു. അനന്തരം ഗ്രീക്കുകാർ അദ്ദേഹത്തിനു വിഷംകൊടുത്തു കൊല്ലുകയുംചെയ്തു. ഇതു ക്രിസ്തുവിനു് നാലുനൂററാണ്ടുകൾക്കു മുൻപുനടന്ന സംഭവമാണല്ലോ. പ്ലേറേറായുടെ വിവരണത്തിൽനിന്നാണു് ആധുനികലോകം അതിനെപ്പററി അറിയുന്നതും.

ചില മദ്ധ്യസ്ഥന്മാർമുഖേനയാണു് പ്രേതലോകവാസികൾ തങ്ങളെപ്പററിയുള്ള അറിവുകൾ ഗവേഷണകുതുകികളായ ശാസ്ത്രജ്ഞന്മാർക്കു നൽകിവരുന്നതു്. മദ്ധ്യസ്ഥരായിരിക്കത്തക്ക ചില സ്ത്രീപുരുഷന്മാർ ശാസ്ത്രത്തിനുവേണ്ടി ചിലപ്പോൾ അപായംവരിച്ചും ഗവേഷണങ്ങളിൽ സഹായിക്കാറുണ്ടു്. ഇവരിൽ മിസ്സിസ് വില്ലററ് എന്ന സ്ത്രീയ്ക്കു രണ്ടു സത്വവിശേഷങ്ങൾ, മററു പലർക്കുമെന്നപോലെ അനുഭവപ്പെട്ടിരുന്നു. ഒരാൾതന്നെ രണ്ടായിത്തീരുക; പിന്നെ രണ്ടും ഒന്നായിത്തീരുക; ഈ രണ്ടുപേരും പരസ്പരം അറിയാതിരിക്കുകയോ, ഒന്നുമാത്രം മറേറതിനെ അറിയുമ്പോൾ രണ്ടാമത്തേതു് ആദ്യത്തേതിനെ അറിയാതിരിക്കയോ ചെയ്ക—ഇതൊക്കെ ഇന്നത്തെ മനഃശാസ്ത്രത്തിനു സുപരിചിതമായ സംഗതികളാണു്. ഒരാൾതന്നെ രണ്ടായിത്തീരുന്നതിനു split personality എന്നും, രണ്ടിലധികമായി തീരുന്നതിനു to multiple personality എന്നും പറയാറുണ്ടു്. രണ്ടായിരിക്കുന്ന സത്വവിഭാഗങ്ങളിലൊന്നു് ചിലപ്പോൾ ശരീരംവിട്ടു കാലദേശങ്ങൾ രണ്ടിലും ബഹുദൂരം സഞ്ചരിച്ചിട്ടു തിരിയെ വന്നുഎന്നുവരാം. മററെ സത്വവിഭാഗം ശരീരബന്ധത്തിൽതന്നെ അപ്പോഴും കഴിഞ്ഞുകൂടുകയായിരിക്കും. അല്ലെങ്കിൽ ഒരേസത്വമായിരിക്കുന്ന അവസ്ഥയിൽതന്നെ അതു ശരീരബന്ധംവിട്ടു കാലദേശങ്ങളിൽ അലഞ്ഞെന്നും വരാം. എന്നാൽ ഒരാൾതന്നെ രണ്ടായിത്തീരുകയല്ല ചെയ്യുന്നതെന്നും, നമ്മുടെ സംഖ്യാനസമ്പ്രദായം (Calculation) നമ്മുടെ ഇപ്പോഴത്തെ അവസ്ഥയിലെ ഒരു കണ്ടുപിടിത്തം മാത്രമാണെന്നും അതനുസരിച്ചുള്ള ഏകത്വവും ബഹുത്വവുമൊന്നും ആത്മാവിനെസംബന്ധിച്ചു ആരോപിക്കാവുന്നതല്ലെന്നും ചില ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. അവരുടെ അഭിപ്രായത്തിൽ ഒരാത്മാവുതന്നെ ഏതവസ്ഥയിലും ഒന്നായിത്തന്നെയാണിരിക്കുന്നതു്. ജനലഴികൾക്കപ്പുറം കുറകെ വച്ചിരിക്കുന്ന ഒരു തടിക്കഷണം ജനലിനുള്ളിൽനിന്നുനോക്കുമ്പോൾ അഴികൾകൊണ്ടു് ഖണ്ഡംഖണ്ഡമായി ഭാഗിക്കപ്പെട്ടിരിക്കുന്നു എന്നുതോന്നാം. പക്ഷേ തടിക്കഷണം ഭാഗിക്കപ്പെട്ടിട്ടില്ലെന്നുള്ളതു അറിവുള്ള കാര്യവുമാണു്. ഇതുപോലെമാത്രമേ ഒരാളിന്റെ സത്വവിഭജനത്തെ ഗണിക്കേണ്ടതുള്ളു എന്നാണു് അവർ വിചാരിക്കുന്നതു്.

ഏതായാലും, മിസ്സിസ് വില്ലററിന്റെ സത്വവിശേഷം രണ്ടായി ഭാഗിക്കപ്പെട്ടിരുന്നു. മിസ്സിസ് വില്ലററ് നമ്പർ ഒന്നു്, നമ്പർ രണ്ടു് എന്നാണു് രണ്ടിനേയും വ്യവഹാരസൗകര്യത്തിനുവേണ്ടി നിർദ്ദേശിച്ചിരിക്കുന്നതു്. മിസ്സിസ് വില്ലററ് ചോദിക്കുന്നു, "നിങ്ങൾ എപ്പോഴെങ്കിലും നിങ്ങൾക്കു വെളിയിൽ പോയിട്ടുണ്ടോ? നിങ്ങൾ നിങ്ങൾതന്നെയായിരിക്കുന്നതിനെപ്പററി ഒരു മുഷിവും തോന്നുന്നില്ലേ? ഞാൻ എന്നിൽനിന്നു വെളിക്കുചാടി സർവ്വവും ഞാനും, ഞാൻ സർവ്വവുമായിത്തീരുമ്പോഴുള്ള സുഖം അലൗകികമാണു്.........അപ്പോൾ എല്ലാം മനസ്സിലാകും. ഓരോ വസ്തുവും കാലവും ആശയവുമെല്ലാം ഏകകേന്ദ്രത്തിൽ നിവേശിപ്പിക്കുന്നതുപോലെയാണതു്.........എനിക്കു് ആശയങ്ങൾ കാണാം, പക്ഷെ വാക്കുകൾ കിട്ടുകയില്ല." ആശയങ്ങൾ വാക്കുകൾ കൂടാതെയിരിക്കയില്ലെന്നു ചിലർ പറയുന്നതു തികച്ചും ശരിയല്ലെന്നു ഇതു തെളിയിക്കുന്നു.

മിസ്സിസ് വില്ലററ് അവരുടെ ഒരു അനുഭൂതിവേളയിൽ പറഞ്ഞുകൊടുത്ത കാര്യങ്ങൾ താഴെചേർക്കുന്നു:—

1913 ഡിസംബർ 17. "അതൊരു ചിത്രമാണു്......ഞാൻ പലപ്പോഴും കാണാറുണ്ടു്. എല്ലായിടത്തും മാർബിൾ തൂണുകൾ. സ്വർഗ്ഗീയമായ ഒരു രംഗം. ഭൂമിയിലുള്ള സകല വിഷയങ്ങളേയും ചർച്ചചെയ്യുന്ന ഒരു പെരിയസംഘം ആളുകൾ......അതാ, ആ ആളുകൾ പണ്ടേ മരിച്ചുപോയ ചരിത്രപുരുഷന്മാരാണു്. പക്ഷേ ഞാൻ അവരെ കാണുന്നു. മഹത്വത്തിനു മരണമില്ല. മററമില്ലാത്ത കേവലതത്വത്തിൽനിന്നാണു് സകല മഹത്വവും പുറപ്പെടുന്നതു്. അതുകൊണ്ടാണു് അവരെ ഞാൻ ഇപ്പോൾ ജീവിച്ചിരിക്കുന്നവരേപ്പോലെ അറിയുന്നതു്. അവരെ വിശേഷിച്ചു്, പ്രായംകൂടിയ ഗുരുവിനെ ഞാൻ ഇന്നത്തെ പലരേയുംകാൾ കൂടുതലായി അറിയും. അദ്ദേഹത്തിനും ശിഷ്യന്മാരുണ്ടായിരുന്നു എന്നറിയാമല്ലോ......ഇടയ്ക്കൊരു ബഹളം. അതു കഴിഞ്ഞപ്പോൾ കേവലം ശാന്തത, അദ്ദേഹം അതാ ഇരിക്കുന്നു. എനിക്കു തൊട്ടുനോക്കത്തക്കവിധം ആ മനുഷ്യൻ അത്ര യഥാർത്ഥഭാവത്തിലാണു കാണുന്നതെന്നു നിങ്ങൾക്കറിയാമോ? ആൾ ഒരു വിരൂപനാണു. പക്ഷെ അലൗകികമായ ഒരു മഹത്വം എനിക്കു് അനുഭൂതമായിത്തീരുന്നു. ഞാൻ എന്നിൽതന്നെ കുടുങ്ങിയിരിക്കുകയല്ല. മററു ലോകങ്ങളിലും എനിക്കു യഥേഷ്ടം സഞ്ചരിക്കാം. ഈ രംഗം നടന്ന മുറിയിൽ നടക്കാൻ എനിക്കു വളരെ സന്തോഷം തോന്നാറുണ്ടു്."

ഇത്രയുമായപ്പോൾ ഈ വർണ്ണനയ്ക്കു ഒരു വിഘ്നം നേരിട്ടു. മിസ്സിസ് വില്ലററ് പറഞ്ഞവസാനിപ്പിച്ചതു് ഇങ്ങനെയാണു്:—"കാലം എന്നു പറയുന്നതു് എത്ര അർത്ഥശൂന്യം. സകല അനുഭവങ്ങളും ഒന്നുതന്നെയാണു്. നാം വെറും നിഴലല്ല. നിഴലിനെ പിൻതുടരുകയുമല്ല. നിത്യതയിലെ തീർത്ഥയാത്രക്കാർ—ഈ അല്പം ചിലരായ നാം, സന്തുഷ്ടസഹോദരരായ നാം."

ഈ വിവരണത്തിൽ മാർബിൾതൂണുകൾ ധാരാളമുള്ള ഗ്രീക്ക് ഹർമ്മ്യങ്ങളിലൊന്നിൽ പ്രാചീനകാലത്തു നടന്ന ഒരു രംഗമാണു് കാണുന്നതു്. ഭൂലോകത്തിലുള്ള സകല വിഷയങ്ങളെയുംപററി ചർച്ചകൾ നടത്തിയിരുന്ന ഒരു സംഘം മഹാന്മാർ അന്നുണ്ടായിരുന്നു. അവരുടെ ഗുരു ഏററവും മഹത്വമുള്ള ഒരു വിരൂപനായിരുന്നു. അതു സോക്രട്ടീസല്ലാതെ മററാരുമല്ല. ഒരു പക്ഷേ മരണത്തിനുമുൻപു സോക്രട്ടീസ് ആഗ്രഹിച്ചതുപോലെ ഹോമർ ഹെസിയോഡ് മുതലായവരുമായി ഒത്തുചേർന്നു ഉല്ലാസമായി മരണാനന്തരലോകത്തിൽ അദ്ദേഹം കഴിഞ്ഞുകൂടുന്നതാണോ മിസിസ് വില്ലററ് തന്റെ ലോകാന്തരപര്യടനത്തിനിടയിൽ കണ്ടതു്!

—൦—

ബാലപംക്തി

## വിസ്മരിക്കുമോ

—൦—

എസ്. അജ്ജുനൻ വിദ്യാർത്ഥി

തൂമധുസ്വദിച്ചുകൊണ്ടാലോലഗാനംതൂകും
തോഴനാംമിളിന്ദത്തെ താരുകൾമറന്നാലും,
വെണ്ണിലാവൊളിചിന്നിമിന്നുന്നശശാങ്കനെ-
യെണ്ണിയാലൊടുങ്ങാത്ത താരകൾമറന്നാലും,
തൂവെള്ളപ്പളിനത്തിൽ പുളകംപുരട്ടുന്ന
സാഗരതരംഗത്തെ പുളിനംമറന്നാലും,
വെൺമണിമുത്തുകൾ തൂക്കംപ്പവച്ചീടുന്ന-
മഞ്ഞിന്റെകണികയെ പത്രങ്ങൾമറന്നാലും,
ഉന്നതശൃംഗങ്ങളെ തഴുകിത്താലോലിക്കും-
നിർമ്മലഘനങ്ങളാ ശൃംഗങ്ങൾമറന്നാലും,
വാനിനു ചന്തംചാർത്തും തൂമാരിവില്ലിൻവർണ്ണ-
ഭാവങ്ങൾ വിരവോടെ ഗഗനംമറന്നാലും,
ജ്യോതിസ്സുവരുന്നേരം തങ്ങൾക്കുമുതിയെന്ന-
ഹേതുവൊ മഹാതമസ്സല്പമായ് മറന്നാലും
ശാശ്വതസ്നേഹത്തിന്റെ പൊൻദീപനാളം (മിന്നു
മാശകൾപരസ്പരം 'വിസ്മരിക്കുമോ' സഖേ?



# സ്വർഗ്ഗരാജ്യം അവർക്ക്

നാനാ

ജീവിതത്തിൽ പറയത്തക്ക സുഖമൊന്നു മനുഭവിക്കാനിടകിട്ടിയിട്ടില്ലാത്ത എനിക്ക് ഈ മുരടൻ ജീവിതം ഉന്തിക്കൊണ്ടുപോകാൻ സാധിക്കുന്നതു ഞാൻ തന്നെയുണ്ടാക്കിയെടുത്തു പോരുന്ന ചില ചില്ലറ സുഖങ്ങളെക്കൊണ്ടാണ്. അവയിലധികവും ഒരുതരത്തിലും സുഖങ്ങളായി ആരും കരുതുകയില്ലതന്നെ. നല്ല വെളുത്ത വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് നടക്കുക, കുളത്തിൽനിന്നും കുളിച്ചു പല്ലുവാക്കാതെ ദിവസംതോറും അഞ്ചാറുകപ്പ കാപ്പി കുടിക്കാനൊക്കുക, രാത്രി മൂന്നുമണിമുതൽ രാവിലെ ഒമ്പതുമണിവരെ മുടക്കംകൂടാതെ ഉറങ്ങാൻ സാധിക്കുക — ഇവയൊക്കെയാണ് എന്റെ ചില അല്പസുഖങ്ങൾ. അവയിൽ ഏറ്റവും മികച്ചതായി ഞാൻ കരുതുന്നതു് അവസാനത്തേതാണ്. പൊങ്ങുന്ന ചിന്തകൾകൊണ്ടു നീറുന്ന ഹൃദയവുമായി രാത്രിയിൽ കിടക്കയിൽപോയി വീഴുന്ന എനിക്ക് ഉറക്കം വന്നുതുടങ്ങുന്നതുതന്നെ മൂന്നുമണിയോടടുപ്പിച്ചായിരിക്കും. അപ്പോൾമുതൽ രാവിലെ ഒമ്പതുമണിവരെ ഉറങ്ങാൻ കഴിഞ്ഞെങ്കിൽ ഏതു തളർന്ന പകലും എനിക്ക് പ്രകാശമയമായിത്തീരുകയുള്ളു. അഞ്ചുമണിക്കൂർ നേരത്തെ ഈ സുഖസുഷുപ്തിക്ക് വിഘ്നം തട്ടാതിരിക്കാൻ ഞാൻ വളരെ കരുതലെടുക്കാറുണ്ട്. ഈ ഉറക്കംകൊണ്ടു ആരുടെയെല്ലാം മുഷിച്ചിൽ ഞാൻ സമ്പാദിച്ചെന്നോ! അയൽപക്കത്തെ വിവാഹത്തിനു ക്ഷണിക്കാൻ അയൽക്കാർ വന്നിരിക്കുന്നു എന്നെന്നെ അറിയിച്ച എന്റെ വീട്ടുകാരോട്, ഞാൻ പകുതി ഉറക്കത്തിൽ കിടന്നുകൊണ്ടു 'അവന്മാരോട് പിന്നെപ്പോഴെങ്കിലും വരാൻപറ' എന്നു പറഞ്ഞതുകേട്ട അയൽക്കാർക്ക് അവരുടെ വീട്ടിലെ വിവാഹം ഞാനില്ലാതെയും നടക്കുമെന്ന് എന്നെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചു. നാട്ടുകാരുടെയും വീട്ടുകാരുടെയും അപ്രീതിയും സമ്പാദിച്ചുകൊണ്ടു എന്റെ ചില്ലറ സുഖങ്ങളിലൊന്നു് അനുഭവിച്ചു കഴിഞ്ഞുവന്ന എനിക്ക് ഒരു സുപ്രഭാതം എങ്ങിനെ ദുസ്സഹമായിത്തീർന്നു എന്ന കഥയാണ് ഞാൻ പറയാൻപോകുന്നതു.

ഞാനുറങ്ങുന്ന മുറിയുടെ തൊട്ടടുത്തുള്ള തിണ്ണയിൽ കാലത്തു് ആറുമണിയോടടുത്തു ഒരു കോലാഹലമാരംഭിച്ചു.

'ഡും ഡും ഡും; ഡും ഡും ഡും—'
'പീ പീ പീ; പീ പീ പീ—'

തലേന്നു രാത്രിവണ്ടിക്കു വന്നെത്തിയ മൂന്നാലു കുഞ്ഞുങ്ങളും അവരുടെ മാതാപിതാക്കന്മാരും എന്റെ വീട്ടിൽതന്നെ താമസിക്കുന്നു, പോയിട്ടില്ല എന്നു ഞാൻ, ഈ കോലാഹലം കേട്ടപ്പോൾ മനസ്സിലാക്കി. പത്തിനു താഴെയുള്ള മൂന്നെണ്ണം കൂടിക്കൊണ്ടു്, അപ്പുറത്തെ തിണ്ണയിൽ നടത്തുന്നതു്, അവരെവിടെയോ കണ്ട ഒരാനപ്പുറമെഴുന്നള്ളിപ്പിന്റെ അനുകരണമാണ്. ഇരുമ്പുപിടിച്ച ഒരു തകരപ്പാട്ടയിന്മേൽ ഒരാറുവയസ്സൻ കോലിട്ടുകൊട്ടുമ്പോൾ കേൾക്കുന്ന ശബ്ദമാണ് 'ഡും ഡും ഡും'. ആനപ്പുറത്തു സവാരിചെയ്യുന്ന നാലുവയസ്സിയാണ് 'പീ പീ പീ' യെന്നു 'നാഗസ്വരം' വായിക്കുന്നതു്. അവരെ കളിപ്പിക്കാനായിരിക്കണം, ഒരേഴുവയസ്സുകാരൻ ചെറുക്കനാണ് ആന.

മേളം കൊഴുക്കുന്തോറും ഞാൻ കിടക്കയിൽ കിടന്നുരുണ്ടു.

പെട്ടെന്നു് ചെണ്ടക്കാരൻ നാഗസ്വരക്കാരിയോടാരാഞ്ഞു: "ഞാൻ കൊട്ടുമ്പം നീ ഊതരുതു്. കൊട്ടും ഊത്തും ഒന്നിച്ചുവേണ്ട.''

അവൾക്ക് അഭിപ്രായവ്യത്യാസമുണ്ട്.

"ആങ്ങ്ഹാ, ഞാൻ കൊട്ടുമ്പം നീ ഊതുമോടീ?''

"ഊതും.''

ചെണ്ടയും നാഗസ്വരവും ഒന്നിച്ചുകേൾക്കുന്നു. ചെണ്ടയുടെ ശബ്ദം നിലച്ചു. നാഗസ്വരത്തിനുപകരം ആകാശം പിളർക്കുന്ന നിലവിളി — നാഗസ്വരം കുഴൽ വായിലേക്ക് അത്ര വളരെ തള്ളിക്കേറ്റപ്പെട്ടാൽ നാഗസ്വരത്തിനുപകരം കേൾക്കുന്ന ശബ്ദവിശേഷമാണതു്. നാഗസ്വരക്കാരി താഴെ വീണെങ്കിലോ എന്നു ഭയന്നു്, ആന അനങ്ങാതെ ഈ പുതിയ സംഗീതവും കേട്ടുകൊണ്ടു് അങ്ങിനെ അങ്ങു് നില്ക്കുന്നു. 'ഉം! ആനപ്പുറത്തിരിക്കുന്ന ആളിന്റെ കാൽ ചെണ്ടക്കാരന്റെ വയറ്റിൽ പതിച്ചപ്പോൾ കേൾക്കാറുള്ള ശബ്ദം. ചെണ്ടക്കാരൻ നിലവിളി ഏറ്റെടുക്കുന്നു. അതിനു ശമനമുണ്ടാകുന്നതു് അവന്റെ ശ്രമത്തിന്റെ ഫലമായി നാഗസ്വരക്കാരി ആനപ്പുറത്തുനിന്നു താഴെ വീഴുമ്പോഴാണ്. വീഴുമ്പോൾ നാഗസ്വരക്കാരി വായ് വലിച്ചു കീറുന്നു. അതിനൊപ്പിച്ചു. പൊടിതട്ടിക്കളഞ്ഞുകൊണ്ടു് ആന എഴുന്നേൽക്കുന്നു. ഞാൻ കിടക്കയിൽ എഴുന്നേറ്റിരുന്നുകൊണ്ടു് റിക്ഷാക്കാരും തെണ്ടിപ്പിള്ളേരും കൈകാര്യം ചെയ്യുന്നഭാഷയിലെ അരഡസൻ വാക്കുകൾ ഉരുവിട്ടു!

"ചിന്താശതം ചേർന്നു സരോഷ്മാനം
വെന്താളുമീ പ്രാണനിരയ്ക്കു് പാരിൽ
സന്താനസൌഖ്യത്തോടുതുല്യമായി-
ട്ടെന്താണു നിർവ്വാണമെന്നവോ?''

ശരിയായ ഉത്തരം കിട്ടണമെന്നു് ആഗ്രഹിച്ചുകൊണ്ടാണു ഞാനീച്ചോദ്യം ചോദിക്കുന്നതു്. വള്ളത്തോളിന്റെ ബാധിര്യംബാധിച്ചതു ഈ വരികളെഴുതുന്നതിന്നു മുൻപോ, പിൻപോ?

ഇനി എനിക്കുണ്ടായ വേറൊരനുഭവത്തെപ്പറ്റിപ്പറയാം. വൈകുന്നേരത്തെ കാപ്പിസമയത്തു കയറിച്ചെന്നാൽ ഒരു കപ്പു് കാപ്പികിട്ടുമെന്നുള്ള ആശയോടെ ഞാനെന്റെ ഒരു സ്നേഹിതന്റെ വീട്ടിൽ കേറിച്ചെന്നു. സ്നേഹിതനൊത്തു വരാന്തയിൽ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അടുക്കളയിൽനിന്നു കാപ്പിയുടെ മണം ഞങ്ങളുടെയടുത്തേക്കു തിരിച്ചു. എന്റെ വർത്തമാനത്തിനു ശീഘ്രം കൂടി. പക്ഷേ എന്റെ സ്നേഹിതന്റെ ഭാര്യ അവളുടെ കുഞ്ഞിനേയുമെടുത്തുകൊണ്ടു ആ മന്ദിരത്തിന്റെ പൂമുഖവാതില്ക്കൽ നിൽപ്പായപ്പോൾതൊട്ടുകൂടി എനിക്ക് അസുഖം തട്ടിത്തുടങ്ങി. ഞാൻ അങ്ങോട്ടു നോക്കിയതേയില്ല. സ്ത്രീകളെ എനിക്കു വലിയ കാര്യമാണ്. ഒരൊറ്റ സ്ത്രീയെയും ഞാൻ നോക്കാതെവിട്ടിട്ടില്ല. എന്നാൽ, ഒരു സ്ത്രീയുടെ കയ്യിൽ കുഞ്ഞുണ്ടെങ്കിൽ ആ സ്ത്രീ നില്ക്കുന്നതിന്റെ എതിർവശത്തുള്ള സംഗതികളേ എന്നെ ആകർഷിക്കു! സ്നേഹിതന്റെ ഭാര്യയുടെ കുഞ്ഞോടുകൂടിയുള്ള പ്രവേശമാണ് ൧൧൨൦-ൽ, എന്നെ, ൧൧൨൮-ലെ ഒരു കലണ്ടറിൽ, ബലാല്ക്കാരം കയറ്റിത്തീർത്തു!

സ്നേഹിതന്റെ ഭാര്യ സംസാരിക്കാൻതുടങ്ങി: "നോക്കണം, അവൻ നല്ല പരിചയമാണെന്നു തോന്നുന്നല്ലോ'' അവൾ പറഞ്ഞ ആ വാചകത്തിന്റെ അർത്ഥം, 'എന്താഹേ, നിർഗ്ഗുണനായ താൻ ഇക്കുഞ്ഞിനെ ഒന്നു നോക്കുകപോലുംചെയ്യാത്തതു്' എന്നാണ്. അപ്പോൾ ഞാനാക്കുഞ്ഞിനെ ഒന്നു നോക്കി. അവൻ കൈ നീട്ടി. വിഴുങ്ങിയ ഉരുള ഇറങ്ങാതെ ഒരുവന്റെ തൊണ്ടയിലിരുന്നാൽ അവൻ കാട്ടുന്ന പരവശഭാവം എന്റെ മുഖത്തുദിച്ചുയരുന്നതുമില്ല. കുഞ്ഞിനെ രസിപ്പിച്ചുനിർത്താമെന്നു വിചാരിച്ചു് ഞാൻ നാക്കുകൊണ്ടൊരു 'ക്ഡ്ള്' പ്രയോഗിച്ചു. അവനു രസിച്ചു. ഞാൻ നിർഗ്ഗുണനാണെന്നുമല്ല, രസികനാണ്, സഹൃദയനാണ് എന്നൊക്കെ അറിയാനിടയായതിന്റെ സന്തോഷമാണ് ആ കുഞ്ഞിന്റെ അമ്മയുടെ മുഖത്തു കണ്ടൊന്ന ചിരി. അവൾ അവനെയുംകൊണ്ടു്, എന്റെ അടുത്തേക്കു് ഒരു രണ്ടുമൂന്നു ചുവടുവച്ചു! കുഞ്ഞിനെ എന്നെ ഏല്പിച്ചേക്കുമോ എന്നു ഭയന്നു്, അന്നു് ഇസ്തിരിയിട്ടെടുത്ത എന്റെ വെളുത്ത പോപ്ലീൻ ഷർട്ടിനെയും സ്മരിച്ചുകൊണ്ടു്, ഞാൻ എന്റെ സ്നേഹിതനോടു്, അയാളുടെ മുഖത്തുതന്നെ ഉറ്റുനോക്കിക്കൊണ്ടു്, പറഞ്ഞു: "പക്ഷേ, മുക്കർജിയുടെയും നായിഡുവിന്റെയും ഉദ്ദേശ്യങ്ങളാണു് ചോദ്യംചെയ്യപ്പെടേണ്ടതാണ്.'' മുക്കർജിയുടേയും നായിഡുവിന്റെയും രാഷ്ട്രീയത്തിനും അതു പറയുന്നതിനുമുമ്പു് ഞങ്ങൾ സംസാരിച്ചിരുന്ന സംഗതിയുംതമ്മിൽ ബന്ധമൊന്നുമില്ലെന്നു് എന്റെ സ്നേഹിതനറിയാം. അയാളുടെ മനസ്സിനു് എന്റെ ചിന്തകളുടെ തത്രപ്പാടോടൊത്തു നടന്നെത്താൻ കഴിയാതിരുന്നിട്ടുണ്ട്. പഠിക്കുന്നകാലത്തെ അയാൾ മണ്ടനായിരുന്നു. 'മച്ചു' എന്നാണു് സാർ അയാളെ വിളിച്ചുവന്നിരുന്നതും.

മുഖവുംവീർപ്പിച്ചു തലയുംകുടഞ്ഞു അവൾ അകത്തേയ്ക്കു തിരിഞ്ഞുകൊണ്ടു് സ്നേഹിതന്റെ ഭാര്യ മാഞ്ഞു. നല്ല ഒരു കപ്പു കാപ്പി പോയി. ഇല്ല. അവൾ വീണ്ടും കുഞ്ഞുമായി പ്രത്യക്ഷപ്പെടുന്നു. രണ്ടുകപ്പു കാപ്പിയുമായി. അവളുടെ പുറകെവന്ന വാല്യക്കാരൻ ഒരുകപ്പു കാപ്പി അവന്റെ അങ്ങുന്നിന്റെ കയ്യിൽ കൊടുത്തതിനുശേഷം മറ്റേ കപ്പ് എന്റെ അടുക്കലും നീക്കിവച്ചിട്ടു പോകുന്നു. കപ്പുയർത്തി കാപ്പികുടിക്കാൻതുടങ്ങുന്ന എന്നെ — സംഭ്രമിപ്പിക്കേണ്ടേ എന്ന സദുദ്ദേശത്തോടുകൂടിയായിരിക്കണം — അവൾ മുമ്പെക്കൂട്ടി ധരിപ്പിക്കുന്നു, "ഒരുതരി പഞ്ചസാരയില്ല കാപ്പിയിലിടാൻ. പഞ്ചസാരയിടാത്ത കാപ്പികുടിച്ചു പരിചയം കാണുകയില്ലായിരിക്കാം?''

"എന്നാലെന്താ?'' ഞാൻ ചോദിച്ചു. "പഞ്ചസാരയിടാത്ത കാപ്പിയും എനിക്കു പലതവണ കുടിക്കേണ്ടിവന്നിട്ടുണ്ട്.'' ഒരു ചിരി മുഖത്തു വരുത്തിക്കൊണ്ടു ഞാൻ അവളുടെ ചോദ്യത്തിനുത്തരം നൽകി. മുഖത്തു വന്നതു ചിരിയായിരുന്നില്ലെന്നു് എന്റെ സ്നേഹിതന്റെ പുറകിൽ ഇരുന്നിരുന്ന ഒരു വലിയ നിലക്കണ്ണാടി എനിക്കു പറഞ്ഞുതന്നു.

* കുഞ്ഞിന്റെ അപ്പൻ ഒരു വിഷമവും കൂടാതെയാണു് അയാളുടെ കാപ്പി കുടിച്ചുതീർത്തതു്. ആ കാപ്പിയിൽ പഞ്ചസാരയില്ലാത്തയാതൊരു ലക്ഷണവും അയാളുടെ മുഖത്തു കാണാനുണ്ടായിരുന്നില്ല. അവളുടെ കുഞ്ഞിനെയെടുത്തു കൊഞ്ചിക്കാത്തതിനു് അവളെനിക്കു തന്ന ശിക്ഷയാണീക്കയ്പൻകാപ്പിയെന്നെനിക്കു മനസ്സിലായി. 'എ', 'ബീ'യ്ക്കു സമമാണെങ്കിൽ, 'ബീ', 'എ'യ്ക്കു സമമായിരിക്കണമല്ലോ. കുഞ്ഞിനെയെടുക്കാഞ്ഞതുകൊണ്ടല്ലേ അവൾ കാപ്പിയിൽ പഞ്ചസാരയിട്ടുതരാഞ്ഞതു്? അതുകൊണ്ടു 'കുഞ്ഞിനെ ഇങ്ങോട്ടുതന്നേക്കൂ' എന്നു ഞാനവളോടു പറഞ്ഞു. ഉടനേതന്നെ അകത്തുപോയ അവൾക്കു് ഒരു തകരത്തിന്റെ അടിയിൽ അല്പം പഞ്ചസാര കാണാൻ കഴിഞ്ഞു! അങ്ങനെയുണ്ടായ പഞ്ചസാരച്ചേർത്ത കാപ്പികുടിക്കാനായ ഞാൻ കപ്പുയർത്തുന്നതോ മന്ദം, എന്റെ മടിയിൽ, എന്റെ ഷർട്ടും ഉടച്ചു നാശമാക്കിക്കൊണ്ടിരിക്കുന്ന തെമ്മാടിക്ക, എന്റെ മേശമീശയിൽ ഒരു വെളുത്ത രോമമുണ്ടെന്നു ബോധ്യമുണ്ടാകാൻ! എന്തിനു? പഞ്ചസാരയിട്ട കാപ്പി കുടിക്കാൻ ഭാഗ്യം അവന്റെ അപ്പനും, എന്റെ പോപ്ലീൻഷർട്ടിനും മാത്രം! 'വേർഡ്സ്വർത്ത്' പറയുന്നു ശിശുക്കൾക്ക് പൂർവ്വജന്മബോധമുണ്ടെന്നു്, അവർക്കു ദിവ്യദൃഷ്ടിയും ദിവ്യജ്ഞാനവുമുണ്ടെന്നു്. പക്ഷേ എന്താണു ഇതൊക്കെക്കൊണ്ടുള്ളഫലം? ഒരു തടിയൻ കപ്പു് കാണാൻ വയ്യ, ഒരു വെളുത്ത രോമം കാണാം! ഇവരാണു്, ഇനി ഇവരുടെ വരുംകാലത്തു ഒരു കൊല്ലം ചാലുകണ്ടു ഒഴിഞ്ഞു ൨൦റി വൻകയത്തിൽ പതിക്കുവാൻ പോകുന്നതു്.

എന്റെ ചില്ലറ സുഖങ്ങളിൽ രണ്ടെണ്ണം ഒന്നിച്ചു നശിപ്പിച്ച ആ മക്കടനെ എന്റെ മടിയിൽനിന്നെടുത്തൊരേറു് എറിയുവാൻ ഞാനാശിച്ചു. ഇരുന്നൂറാത്തൽ ഭാരംവരുന്ന ഒരാട്ടുകല്ലു് നാലഞ്ചു ചുമട്ടുകാരെക്കൊണ്ടെടുപ്പിച്ചു എന്റെ സ്നേഹിതൻ ആ വീട്ടിന്റെ അടുക്കളത്തിണ്ണയിൽ കയറിവച്ചപ്പോൾ അതിനു വില കൂടിപ്പോയെന്നു പറഞ്ഞു അയാളുടെ ഭാര്യ അതു രണ്ടുകൈകൊണ്ടുംകൂടിയെടുത്തു മുറ്റത്തെക്കെറിഞ്ഞതായിട്ടു അവിടുത്തെ ഭൃത്യൻ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ചെരിപ്പുംധരിച്ചു, കുടയുംപിടിച്ചു തുള്ളിനടക്കാറുണ്ടെങ്കിലും എൺപതിനാലുറാത്തലിൽ കൂടുതൽ ഭാരമില്ലാത്ത ഞാൻ, പിന്നെ, അവളുടെ മകനെ വല്ലതും ചെയ്യുമോ, പറയുമോ?

സ്ത്രീ നല്ല ബലമാണ്, അവൾക്കൊരു ഭർത്താവുണ്ടാകുന്നതുവരെ; സ്ത്രീ ചീത്തയാണ് അവൾക്കൊരു കുഞ്ഞുകൂടി ഉണ്ടായിക്കഴിഞ്ഞാൽ. തന്റെ കുഞ്ഞുങ്ങളെ എടുത്തു് ലാളിപ്പിക്കാത്തവർക്കു അവൾ നൽകുന്ന സ്വഭാവദൃശ്യങ്ങൾ! എന്നെക്കുറിച്ചു പെണ്ണുങ്ങൾ പറയുന്നതു കേട്ടാൽമതി. പക്ഷേ ഒരു സ്ത്രീതന്നെയാണ് കുഞ്ഞുങ്ങളെ എടുത്തുനീട്ടുന്ന അമ്മമാരെ പാറിക്കാനൊരു പണി എനിക്ക പഠിപ്പിച്ചുതന്നതു എന്നു ഞാൻ മറക്കുകയില്ല. കുഞ്ഞിനെ കൈനീട്ടി വാങ്ങുമ്പോൾ അതിന്റെ കക്ഷത്തിൽ നുള്ളിയാൽ ആരും അതു കാണുകയുമില്ല, കുഞ്ഞിനെ നമുക്കു അകറ്റുകയും ചെയ്യാം എന്നാണുപദേശം. ശരിയാണോ എന്നു കാണുകയില്ല. ചെയ്തുനോക്കിയതിനുശേഷമാണ് ഞാൻ പറയുന്നതു്.

അമ്മമാരുടെ കാര്യമല്ലല്ലോ പറയുവാനുള്ളതു്. കുഞ്ഞുങ്ങളെപ്പറ്റിയല്ലേ? നമുക്കവരെക്കുറിച്ചു തെറ്റായധാരണയാണുള്ളതു്. കവികൾ പാടിപ്പാടി ശൈശവത്തിനൊരാമന്ദത്തം നൽകിയിട്ടുണ്ട്. അതു ശരിയാണെന്നു ലോകം കണ്ണടച്ചു വിശ്വസിക്കുകയും ചെയ്യുന്നു. വല്ലപ്പോഴും കണ്ണുതുറന്നു നോക്കുവാൻ തയാറുള്ളവരെ ലോകം വെറുക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളുടെ ഇറച്ചിയുടെ സ്വാദിനെപ്പറ്റിയും അതു ഭക്ഷിക്കേണ്ട ആവശ്യകതയേയും പറ്റിപ്പറഞ്ഞ സ്വിഫ്റ്റിനെ ഇന്നും ലോകം ഒരു രാക്ഷസനായിമാത്രമേ കരുതുന്നുള്ളു.

ഞാനൊരു പിതാവല്ല. പിതാവാകുന്നവരാകു കുഞ്ഞുങ്ങളെ സ്നേഹിച്ചുതുടങ്ങുംപോലും! മൂന്നാലു കുഞ്ഞുങ്ങളുടെ പിതാവായ എന്റെ ഒരു ബന്ധുവിന്റെ വീട്ടിൽ ഞാനൊരുദിവസം ഉച്ചയ്ക്കു കയറിച്ചെന്നു. പുറത്തെങ്ങും ആരെയും കാണാനില്ലായിരുന്നു. ഞാനൊന്നു ചുമച്ചു. ഉടനെ, രണ്ടു് മൂന്നു് കുഞ്ഞുങ്ങൾ ചിരിതൂകുന്ന മുഖങ്ങളോടെ, എന്റെ മുമ്പിൽ വന്നുനിന്നു.

"അപ്പനുണ്ടോ?'' ഞാൻ ചോദിച്ചു

"ഉണ്ട്.''

"ഉറങ്ങുകയാണോ?''

"അല്ല. ഞങ്ങളിപ്പത്തന്നെ വിളിച്ചോണ്ടുവരാം.''

കുറച്ചുകഴിഞ്ഞു അവരുടെ അപ്പൻ തൊഴുതുകൊണ്ടു വന്നെന്നെ സ്വീകരിച്ചു. "എപ്പോൾവന്നു? എത്ര നാളായി കണ്ടിട്ടു? എന്താ നിങ്ങളിങ്ങോട്ടു തിരിച്ചു നോക്കാത്തതു? എന്റെ വണ്ണം കണ്ടിട്ടായിരിക്കും. അത്രയ്ക്കു വണ്ണമുണ്ടോ എനിക്ക്? ഞാനാളാകപ്പാടെ മാറിപ്പോയി, ഇല്ലേ?''

"ഉണ്ട്, വളരെ മാറിയിരിക്കുന്നു!''

"ഇരിക്കൂ.''

* എന്റെ അത്ഭുതം ശമിച്ചിട്ടില്ല. തലമുടിയിൽ ചെന്നുമുട്ടിയ പുരികങ്ങൾ മടങ്ങിവന്നിട്ടില്ല. ഒരു വിധം സംഗതി മനസ്സിലായമട്ടിൽ ഞാൻ ചോദിച്ചു, "എന്താ, ചേട്ടൻ കുഞ്ഞുങ്ങളെ കളിപ്പിക്കുകയായിരിക്കും, അല്ലേ? ദേഹം മുഴുവൻ പിടിപ്പിക്കാനെന്തുണ്ടാക്കുകയായിരുന്നു?''

"മനസ്സിലായില്ല,'' ദേശപ്പറ്റു കൈമുട്ടുകുത്തി മുഖം കൈകൊണ്ടു താങ്ങിക്കൊണ്ടദ്ദേഹം പറഞ്ഞു. പെട്ടെന്നു ഞെട്ടി, മുഖത്തു ഒട്ടിനിന്നിരുന്ന ഒരു വെളുത്ത സാധനം വലിച്ചെടുത്തുകൊണ്ടദ്ദേഹം ചോദിച്ചു 'ഇതെന്താണ്? എന്റെ മുഖത്തൊക്കെ. പഞ്ഞിയോ?. അതെ, പഞ്ഞിയാണല്ലോ. ഒട്ടിച്ചുവച്ചിരിക്കുന്നോ? ചക്കയരക്കുകൊണ്ടോ?'' പഴയകിടക്കയഴിച്ചു അതിലെ പഞ്ഞി പുതിയ ഉറയിലാക്കാൻ തന്റെ ഭാര്യ ഭൃത്യനോടാജ്ഞാപിച്ചതു് അദ്ദേഹം ഓർത്തു. കാലമോ, ചക്കപഴുക്കുന്ന ഇടവമാസം. എന്നാലായിട്ടു അദ്ദേഹം ഇങ്ങിനെ കുറ്റപ്പെടുത്തി, "അവന്മാരോടു ഞാനിങ്ങനെ ചെയ്യണമെന്നൊന്നുമല്ല പറഞ്ഞിരുന്നതു്. ഒരുത്തനെന്റെ ഇടത്തേക്കാലും മറ്റേവനെന്റെ വലത്തേക്കാലും ഞാനുറങ്ങുന്നതുവരെ തടവണമെന്നായിരുന്നു ഞാൻ അവരോടു പറഞ്ഞതു്...... അവന്മാരെവിടെ? എടാ ഗോപീ! ഭാസീ!'' അതുവരെ ജനലിനടക്കൽ, വായുംപൊത്തി പരസ്പരം നോക്കിച്ചിരിച്ചുകൊണ്ടിരുന്ന ആ രണ്ടു വീരന്മാരും അകത്തേയ്ക്കോടി. അപ്പന്റെ സ്ഥിതിയോ? അദ്ദേഹത്തിന്റെ മുഖത്തു കണ്ണുതൊട്ടു താടിക്കിടയിലെല്ലാം അരക്കും പഞ്ഞിയുംകൊണ്ടു നിറച്ചുവച്ചിട്ടുണ്ട്. അവധിക്കാലമായിരുന്നതിനാൽ ഒരാഴ്ചയായി ക്ഷൗരംചെയ്യാതെ വിട്ടിരുന്ന അദ്ദേഹത്തിന്റെ മുഖത്തുനിന്നും പഞ്ഞി വലിച്ചെടുക്കുമ്പോൾ അരക്കും രോമവും തമ്മിലുള്ള അടുപ്പം മാറി അകന്നുവരുന്നതാൽ ദേഹത്തിന്റെ നെറ്റിയും, കണ്ണും, കവിളും, ചുണ്ടുമെല്ലാം നിന്നും, ഇരുന്നും ചെയ്യുന്നപാടു് ഒന്നുകാണേണ്ടതുതന്നെ. പെട്ടെന്നു ഗോപിയും ഭാസിയും മുറിയിൽപ്രവേശിച്ചു. ജനലിൽകൂടി കൈനീട്ടിക്കൊണ്ടു ഗോപി പറഞ്ഞു, "അപ്പാ ഇതാ വെളിച്ചെണ്ണ ഇതുപുരട്ടിയാൽ മതി'' അവരെ സംഹരിക്കാൻ പാഞ്ഞെടുത്ത അദ്ദേഹം ഒടിഞ്ഞു മടങ്ങിയിരുന്നുപോയതെന്താണെന്നറിയാതെ നാലുപാടും നോക്കിയ ഞാൻ കണ്ടതു അദ്ദേഹത്തിന്റെ ഭാര്യയുടെ, ജനലിൽകൂടിയുള്ള, അർത്ഥവത്തായ, ഒരു നോട്ടമായിരുന്നു. പിതാവായാൽ കുഞ്ഞുങ്ങളെ സ്നേഹിച്ചുതുടങ്ങുമെന്നു പറയുന്നതു് കാരണം കൂടാതെയല്ല.

കുഞ്ഞുങ്ങൾക്കുറങ്ങുന്നവരോടിത്ര വൈരാഗ്യമെന്തുകൊണ്ട്? അവർക്കു വൈരാഗ്യമുണ്ടെന്നു് കുഞ്ഞുങ്ങളുള്ള വീട്ടിൽകിടന്നുറങ്ങിയിട്ടുള്ള ആരും സമ്മതിക്കും. താഴെ കിടക്കുന്ന ഈർക്കിൽകഷണങ്ങളും ചകിരിനാരുകളും സൂക്ഷിച്ചുവയ്ക്കാൻ ഉറങ്ങുന്നവന്റെ മൂക്കിനുള്ളിൽ മാത്രമേ സ്ഥലമുള്ളു എന്നവർക്കു തോന്നാൻ കാരണം? വെയിലുകൊണ്ടു വാടിവീണുറങ്ങിപ്പോകുന്ന ഒരുവന്റെ ചെവിയ്ക്കടുത്തു ഒരു കാരണവുംകൂടാതെ കോഴി വന്നിരുന്നു്, 'നട്ടുച്ചയ്ക്കു്', കൂകാൻതുടങ്ങിയാൽ! കോഴിമാറി കഴുതയാകും, പട്ടിയാകും, ഊളനാകും, മറു പച്ചുമാകും! ഈ മാതിരി ശബ്ദങ്ങൾ എല്ലായ്പോഴും ഉറങ്ങുന്നവന്റെ ചെവിക്കടുത്തു കേൾക്കാറുള്ളതു കാലുവാക്കിനായിരുന്നെങ്കിൽ!

ഇങ്ങിനെയാൽ രക്ഷകിട്ടുമെന്നു വിചാരിച്ചു കുഞ്ഞുങ്ങളോടു ഞാനിണങ്ങിനോക്കീട്ടുണ്ട്. അവർ നക്കിക്കൊന്നുകളയും! ഒരു ബാലനെയുംകൊണ്ടു് സന്ധ്യയ്ക്കു് കാറ്റുകൊള്ളാനിറങ്ങിയ ഞാൻ പെട്ടപാടു്! വേർഡ്സ്വർത്തും പ്ലേറ്റോയുംപറയുന്നതുപോലെ ശിശുവിനു പൂർവ്വജന്മബോധമുള്ളതുകൊണ്ടായിരിക്കണം, അവനു്, ഈ ജന്മത്തു്, ചുറ്റുമുള്ളതൊക്കെയെന്താണെന്നു നാം പറഞ്ഞുകൊടുക്കേണ്ടിവരുന്നതു്. പകലായിരുന്നു ഞാനാ ബാലനെയുംകൊണ്ടിറങ്ങിയതെന്നു വരികിൽ അവന്റെ ചോദ്യങ്ങൾ എന്തെല്ലാമായിരിക്കുമായിരുന്നു! രാത്രിയിൽ അത്രയ്ക്കൊന്നും കാഴ്ചകൾ അവന്റെ കണ്ണിൽ പെടുകയില്ലെന്നു വിചാരിച്ചാണ് ഞാനവനെയുംകൊണ്ടു് സന്ധ്യയ്ക്കിറങ്ങിയതു്. പക്ഷേ ആകാശത്തു നക്ഷത്രമുണ്ടായിരുന്നതു് ഞാൻ ഓർത്തില്ല. അവൻ ചോദിച്ചു, "ചേട്ടാ നക്ഷത്രമോ ചന്ദ്രനോ വലുതു്?''

ലോകത്തു് അസംഖ്യമായിട്ടുള്ള കാര്യങ്ങളിലൊന്നു്, ഈ ചോദ്യത്തിന്റെ ശരിയായ ഉത്തരം പറഞ്ഞുകൊടുത്തു ഒരു ശിശുവിനെക്കൊണ്ടതു സമ്മതിപ്പിക്കുകയാകുന്നു.

മുക്കാൽമണിക്കൂർ ശ്രമിച്ചതിന്റെ ഫലമായി ഞാൻ വിജയിയായി — ചന്ദ്രനാണു് നക്ഷത്രത്തെക്കാൾ വലുതെന്നു സമ്മതിപ്പിച്ചുകൊണ്ടു്.

അവന്റെ വേറൊരു ചോദ്യം "ആകാശത്തു എത്ര നക്ഷത്രങ്ങളുണ്ടു്?'' എന്നായിരുന്നു. എണ്ണിത്തീർക്കാനൊക്കാത്തിടത്തോളം നക്ഷത്രങ്ങൾ ആകാശത്തുണ്ടെന്നു നാം പറയുന്നതു് മനസ്സിലാക്കിത്തീർക്കാൻ അവനു മൂന്നുമണിക്കൂർ സമയം പോരാ!

രസംകെടുത്തുന്ന മറ്റൊരുകൂട്ടരാണു കുഞ്ഞുങ്ങളുടെയിടയിലെ കഥികർ. അവർ പറയുന്ന കഥയ്ക്കു് ആദ്യം മൂളിയില്ലെങ്കിൽ അവർ കഥ ആദ്യംമുതലാരംഭിക്കും. ഞാൻ 'മൂളിക്കേട്ട ഒരു കഥ ഇതാ — രസിക്കാവുന്നവരുണ്ടെങ്കിൽ രസിച്ചുകൊള്ളുക.

ഒരിക്കലൊരിടത്തൊരു കാട്ടുബംഗ്ലാവുണ്ടായിരുന്നു. അവിടെ വലിയ ഒരു കൂട്ടിൽ വലിയൊരു കരടിയുണ്ടായിരുന്നു. ഒരുത്തൻ കൂട്ടിനുപുറത്തുനിന്നുകൊണ്ടു് ഒരു തടിയൻകമ്പി

* "ഈ ഭാഗംതൊട്ടു് ലേഖനം ചുകന്ന മഷിയിലാണെഴുതപ്പെട്ടിട്ടുള്ളതു്. മ: രാ: പ.''

* ഇവിടംതൊട്ടു് ഈ ലേഖനം പെൻസിൽകൊണ്ടാണു് എഴുതപ്പെട്ടിട്ടുള്ളതു്. (മ: രാ: പ.)

# ഗ്രന്ഥവിഹാരം

## ലുബ്ധൻ

—൦—

(ഒരു സാമുദായികഗദ്യനാടകം)

ഗ്രന്ഥകർത്താ:

വി. നീലകണ്ഠപ്പിള്ള

വില ത്രു: ൧ അ: ൮.

വേലുത്തമ്പിദളവാ, ഇരവിക്കുട്ടിപ്പിള്ള തുടങ്ങിയ ചരിത്രനാടകസൃഷ്ടികൊണ്ടു സുപരിചിതനായ ശ്രീ: വി. നീലകണ്ഠപ്പിള്ളയുടെ ഒരു സാമുദായികഗദ്യനാടകമാണു ലുബ്ധൻ. ചരിത്രനാടകങ്ങൾക്കു പ്രഖ്യാതമായ ഒരു ഇതിവൃത്തമുണ്ടെങ്കിലും ഗ്രന്ഥകാരനെ അസ്വതന്ത്രനാക്കുന്ന പ്രതിബന്ധങ്ങളും പലതാണു്. സ്വകപോലകല്പിതമായ കഥാഗുംഫനം സ്വാതന്ത്ര്യമായ പാത്രസൃഷ്ടി തുടങ്ങിയ പല എളുപ്പമാർഗ്ഗങ്ങളും ഒറ്റനോട്ടത്തിൽ കാണാമെന്നിരുന്നാലും സാമുദായികനാടകരംഗത്തിൽ പ്രവേശിച്ചു് ആരും അങ്ങനെ വിജയംവരിച്ചതായി അനുഭവപ്പെട്ടിട്ടില്ല. നാടകത്തിൽമാത്രമല്ല ആഖ്യായികകളിലും ഈ അനുഭവംതന്നെയാണു പ്രായേണ കണ്ടുവരാറുള്ളതു്. ശ്രീ: സി. വി രാമൻപിള്ള അവർകളുടെ ചരിത്രാഖ്യായികകൾ നിത്യഭാസുരങ്ങളല്ലേ. അദ്ദേഹത്തിന്റെ സാമുദായികാഖ്യായികയായ പ്രേമാമൃതമോ?

ചരിത്രനാടകസൃഷ്ടിയിൽ പ്രഥിതമായ ശ്രീ: നീലകണ്ഠപ്പിള്ളയുടെ ഹസ്തങ്ങൾ സമുദായരംഗത്തു പതിച്ചുകാണുന്നതിലും ഈ അവിഭഗ്ദ്ധതതന്നെയാണു ദർശിക്കാൻസാധിക്കുന്നതു്. ലുബ്ധനിലെ കഥാപാത്രങ്ങളെല്ലാംതന്നെ നായർസമുദായത്തിൽപ്പെട്ടവർ. ഇന്നത്തെ, എന്നുപറഞ്ഞാൽ ൧൧൦൦-നു മുമ്പുള്ള സാമുദായികജീവിതത്തെ ചിത്രീകരിക്കുന്നതാണു പ്രസ്തുതഗ്രന്ഥമെന്നു് ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള അവതാരികകൊണ്ടു് അവകാശപ്പെടുത്തുന്നുണ്ടു്. എന്നാൽ സമുദായജീവിതത്തെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നതും അനുനിമിഷം അസംതൃപ്തിയും അസ്വസ്ഥതയും വളർത്തി വരുന്നതുമായ ജീവൽപ്രശ്നങ്ങളിലേതിലെങ്കിലും ഒന്നിനെ എടുത്തു ഇതിൽ കൈകാര്യം ചെയ്യുന്നില്ല. അങ്ങനെ ഒരു കാലഘട്ടമാണെന്ന സൂചനപോലും ഇതു നൽകുന്നില്ല. കഥാപാത്രങ്ങളുടെ സംഭാഷണരീതിയിൽനിന്നു രംഗസ്ഥലം തിരുവനന്തപുരമാണെന്നു് ഊഹിക്കാൻസാധിക്കും. അവതാരികാകാരൻ ഇതുറപ്പിക്കുന്നു. എന്നാൽ തിരുവനന്തപുരത്തെ ഒരു ഗൃഹനാഥനായി കമുകറവീട്ടിലെ ലുബ്ധൻമൂപ്പിലെ നമുക്കു സങ്കല്പിക്കാൻസാധിക്കാതെപോകുന്നു. ആ പാത്രത്തിനു വേണ്ടത്ര സ്വാഭാവികതയുണ്ടു്. നമ്മിൽപലരുടെയും സ്മരണയെപിടിച്ചുകുലുക്കത്തക്കവിധം ആ സൃഷ്ടി സജീവമായിട്ടുണ്ടു്. ഒരു നാടൻ കൃഷിക്കാരന്റെ നാളികേരപ്രായമാണു് നാം ആ മൂപ്പിലിൽ ദർശിക്കുക. അങ്ങനെ ഒരു സ്ഥലഭ്രമം സംഭവിച്ചുപോകുന്നുണ്ടു്. ആ മൂപ്പിലാണെങ്കിൽ പത്തായത്തിൽ നെല്ലിട്ടുകൊണ്ടു അതിന്റെ പുറത്തുകിടന്നു കയ്യുംകാലും അടിക്കുന്ന പരമലുബ്ധൻ കരിഞ്ചെന്തവ്യാപാരി. ഈ സംഭവകഥനങ്ങൾ തിരുവനന്തപുരത്തെ ഗൃഹസ്ഥജീവിതത്തിൽ എങ്ങനെ സംക്രമിക്കുന്നുവെന്നുള്ളതും ആലോചനാർഹമാണു്. എന്തായാലും അവിടത്തെ ജീവിതത്തിൽ അതിനു് സാധാരണതപമില്ലെന്നുള്ളതു് തീർച്ചയാണു്. എങ്കിലും നാടകകൃത്തിന്റെ പാത്രസൃഷ്ടിയിലുള്ള പ്രഗത്ഭതയും പ്രയോഗകുശലതയും സ്വഭാവാലോകനചതുരതയും കമുകറമൂപ്പിലിൽ മുൽപെട്ടനിൽക്കുന്നുണ്ടെന്നു പറയണം. അടുത്തതായി നമ്മുടെ പരിചയചക്രത്തെ പ്രവർത്തിപ്പിക്കുന്നതു് കരപ്പാശാനാണു്. അഞ്ചാംപുരസ്കൃസ്തിവരമായിട്ടുള്ള തന്ത്രങ്ങളെല്ലാം തികഞ്ഞിട്ടുള്ള ഈ പഞ്ചപാതകിയെക്കൊണ്ടു് ഒരു കാരിവലച്ചുരിച്ചു മലയാളനാടകലക്ഷണങ്ങളിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ചടങ്ങായിത്തീർന്നിട്ടുള്ള ആ ക്രിയ നടത്തിക്കുന്നതിനോടുകൂടി അസ്വാഭാവികമായി ആ പാത്രത്തിന്റെ സാധാരണസ്ഥിതി നശിപ്പിച്ചുകളയുന്നു. കമുകറവീട്ടിൽനിന്നു അടിച്ചിറക്കപ്പെടുന്ന ബാലൻ പതിനഞ്ചുകൊല്ലക്കാലത്തിന്റെ പകച്ചുകൂട്ടിയിൽ ഹൈക്കോർട്ടുജഡ്ജിയായി പ്രത്യക്ഷനാകുന്നതു് അല്പവൃത്തിന്റെ അത്ഭുതവിളക്കിനെക്കൂടി അമ്പരപ്പിക്കുന്ന ഒരു അസംഭാവ്യമായി നിലകൊള്ളുന്നു. തച്ചോളിക്കഥാകാലത്തിനു മുൻപുതന്നെ നമ്മുടെ കുടുംബങ്ങളിൽ കുടികൊള്ളുന്ന കുടിപ്പകയാണു് ഇതിലെ ഇതിവൃത്തം. വിമർശകദൃഷ്ടി തദ്ദേശമായ ചില ദോഷങ്ങളെ ഉന്നയിച്ചേക്കാമെങ്കിലും ഒരു നാടകത്തിന്റെ വിജയം അതിന്റെ അഭിനയവിധാനതയെ പ്രധാനമാക്കി ചിന്തിക്കേണ്ടതാണല്ലോ. ആ നിലയിൽ ഈ നാടകം തികച്ചും വിജയപൂർണ്ണമായിട്ടുണ്ടു്. നാടകരചനയിലും അഭിനയവിധാനതയിലും ചിരപരിചയം സമ്പാദിച്ചിട്ടുള്ള ഗ്രന്ഥകർത്താവിന്റെ കലാവബോധവും ലോകാവലോകനകുശലതയും ഇതിന്റെ രംഗയോഗ്യതയെ ചമൽക്കാരതരംഗിതമാക്കി പരിപുഷ്ടിപ്പെടുത്തുന്നു. സംഭാഷണങ്ങളിലും രംഗവിധാനങ്ങളിലും ഔചിത്യദീക്ഷയോടുകൂടി ആ കലാവിചക്ഷണത പരിരക്ഷിക്കപ്പെട്ടിട്ടുണ്ടു്.

—൦—

## സഹോദരി

—൦—

വൈക്കം എസ്സ്. പങ്കജാക്ഷൻനായർ

വി. അ. ൧൨

അഞ്ചു കഥാപാത്രങ്ങളും എട്ടു രംഗങ്ങളും ആയി പരിമിതിപ്പെടുത്തി നാടകലോകത്തിൽ ഒരു പരിവർത്തനത്തെ സൃഷ്ടിച്ചിരിക്കയാണു സഹോദരി. രചനാപരമായി ഗ്രന്ഥകർത്താവു് ഒരു നവീനമാതൃക വരുത്തിവച്ചിട്ടുണ്ടെന്നല്ലാതെ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ആ തത്വം ദീക്ഷിക്കപ്പെട്ടു കാണുന്നില്ല. കാളേജുവിദ്യാർത്ഥി ജീവിതത്തിലെ പ്രേമത്തിന്റെ വീമ്പിളക്കത്തിന്റെ പ്രതിധ്വനിയല്ലാതെ ഇന്നത്തെ സാർവലൗകികപ്രശ്നങ്ങളുടെ നേരിയ ഒച്ചപോലും ഇതിൽ കേൾക്കപ്പെടുന്നില്ല. അതും സഹിക്കാം. പൂമംഗലത്തു കേശവപ്പണിക്കരുടെ രാത്രിഞ്ചരതപത്തിൽനിന്നു ജന്മമെടുത്ത രാഗിണിയുടെ ആ ജന്മരഹസ്യമാണു ഈ നാടകീയ ഇതിവൃത്തത്തിന്റെ പശ്ചാത്തലം. കേശവപ്പണിക്കരുടെ പുത്രനായ സുധാകരൻ ഈ അജ്ഞാതസഹോദരിയെ അഭിലഷിക്കുന്നു. ഒരു പുരുഷൻ മക്കൾക്കു ആവിധം ഒരു ബാഹ്യബാധത്തിനു സംഗതിയാകുന്നില്ലെങ്കിലും അപരിജ്ഞാതമായ ഒരു പ്രതിബോധം അന്തഃകരണവ്യാപാരത്തിന്റെ അതിസൂക്ഷ്മതന്ത്രികളെ മീട്ടാതെ വരികയില്ല. എന്തായാലും ഗ്രന്ഥകർത്താവു് ആ ദുർഘടവശങ്ങളിലേക്കു ഒന്നും നടത്താൻ നിശ്ചയിച്ചില്ല. ഭാവസ്ഥിരാണി ജനാന്തരസൗഹൃദാനി, എന്നൊന്നും ആ ഉപബോധമനസ്സിനെ ദർശിക്കാനും പോകുന്നില്ല. ആ സഹോദരിയെയും സഹോദരനെയും കാമിനിയും കാമുകനുമാക്കി അരങ്ങേറിച്ചു പ്രേക്ഷകരെ കബളിപ്പിക്കുകയും കളിയാക്കുകയും ചെയ്തിട്ടു ഒടുവിൽ രഹസ്യം വെളിപ്പെടുത്തി ആ സഹോദരിയെ അകാലമൃത്യുവിനിരയാക്കിയും സഹോദരനെ ഭ്രാന്തനാക്കിയും സന്മാർഗ്ഗവ്യവസ്ഥിതിയെ പാലിക്കയാണു ചെയ്തിട്ടുള്ളതു്. ഇതിലും മലയാളനാടകലക്ഷണമായ കാരി വലിച്ചുരാതിരിക്കുന്നില്ല. ഇതിലെ ആദ്യഘട്ടങ്ങൾ ഒരു മഴച്ചാറൽപോലെ തോന്നുമെങ്കിലും കടന്നുകടന്നു പോകുന്തോറും കോളും പിശറും വർദ്ധിച്ചു ഒരു പേമാരിയുടെ സംഭ്രമദശ വരുത്തുന്നു. അങ്ങനെ രസപുഷ്ടിയിലും വികാരാവിഷ്കരണത്തിലും വിദഗ്ദ്ധമായ ഒരു നില ഗ്രന്ഥകർത്താവിനു സ്വാതന്ത്ര്യമായി അദ്ദേഹത്തിന്റെ നാടകനിർമ്മാണക്രമത്തിന്റെ ഭാവിവിജയത്തെ പ്രഖ്യാപനം ചെയ്യുന്നതായി കാണാം. ആ സാഹിത്യസിദ്ധിയെ സമുചിതമായ സപര്യകൊണ്ടു് അദ്ദേഹം സമ്പുഷ്ടമാക്കേണമെന്നു നമുക്കു വിശ്വസിക്കാം.

— സി. എം. പി.



മഹാമണ്ഡലസമ്മേളനത്തിൽ ഹിന്ദുമതസിദ്ധാന്തങ്ങളെ പരാമർശിച്ചു് പ്രഭാഷണങ്ങൾനടത്തിയ ശ്രീ: നാവലർ ആറുമുഖംപിള്ള

ഹാസ്യപംക്തി

## കുട്ടിരാമന്റെ തെറവുതീക്കൽ

ശൂലവള്ളൂർ ക. ഖ. ഗ.

ചുവന്ന താടി കുട്ടിരാമപ്പണിക്കരുടെ സ്വദേശം ഒളപ്പമണ്ണമനയ്ക്കൽനിന്നു സുമാറു് അഞ്ചാറുനാഴിക ദൂരത്താണു്. പണിക്കരു് മനയ്ക്കലെ കുടിയാനാണു്.

മനയ്ക്കൽ ഇടയ്ക്കിടെ കഥകളി പതിവാണു്. രാത്രി കളിയാണെന്നു് ഉച്ചയ്ക്കാണു തീർച്ചയാക്കുക, ഉടനെ അടുത്തുള്ള വേഷക്കാർക്കു തിരുവെഴുത്തയയ്ക്കും. വേഷക്കാർ കല്പനപ്രകാരം വന്നോളണം. കളികഴിഞ്ഞു മുഖംകഴുകുമ്പോൾ പ്രതിഫലം കിട്ടിയാൽ കൈ നീട്ടി വാങ്ങാം. ഇല്ലെങ്കിൽ കമ്പിട്ടു യാത്രപറഞ്ഞു പോകയുംചെയ്യാം. എന്നാൽ വെറുതെ അയയ്ക്കുന്ന സമ്പ്രദായം എവിടെയും ഇല്ലതാനും.

ഒരുദിവസം ഉച്ചയ്ക്കു് പണിക്കർക്കു തിരുവെഴുത്തുകിട്ടി മനയ്ക്കൽനിന്നു്. രാത്രി കളി നിശ്ചയിച്ചിരിക്കയാൽ വൈകുന്നേരം നേരത്തെ എത്തിക്കൊള്ളണമെന്നു്. കത്തുകിട്ടുന്നസമയം പണിക്കരുടെ നില പന്തിയായിരുന്നില്ല. "മധുരതരമന്നാഞ്ഞതും പായയിൽ താപചപീതാം" എന്നുള്ള നിലയിലായിരുന്നു. കല്പിച്ചു കത്തയയ്ക്കുമ്പോൾ ഒഴികെയും കുട്ടിരാമനു വരാൻസാധിക്കില്ല. അഞ്ചുറുപ്പികയുടെ ചെമ്പുകാശുണ്ടെങ്കിൽ അടിയൻ വരും എന്നു മറുപടിപറഞ്ഞയച്ചു. ഇതു കേൾക്കേണ്ടതാമസം, നമ്പൂതിരിപ്പാട്ടു വീരഭദ്രനെപ്പോലെ വിറച്ചുതുടങ്ങി. "ഓ അഞ്ചുറുപ്പികയല്ല, എന്തു വേണമെങ്കിലും തരാമെന്നു പറഞ്ഞേക്കൂ" എന്നുപറഞ്ഞു വീണ്ടും ആളയച്ചു.

കളി കേമമായി കഴിഞ്ഞു പണിക്കരുടെ ചുവന്ന താടിയും പൊടിപൊടിച്ചു. രാവിലെ വിടകൊള്ളാൻ തെയ്യാറായി, മുമ്പിൽവന്നു് ഓച്ഛാനിച്ചു കൈകെട്ടി വായ്പൊത്തിനിന്നു.

തമ്പുരാൻ മാറുവേഷക്കാർക്കു പതിവുപടിയാം സമ്മാനംകൊടുത്തു പറഞ്ഞയച്ചു. പണിക്കർ ബാക്കിയായി. "പണിക്കരുടെ വേഷം കേമായി—ട്ടോ—അഭിനയം അതിലും അതിശയം. ചോദിച്ച അഞ്ചുറുപ്പികയല്ല തരാൻ നിരീക്കണെതു്. വലിയൊരു സമ്മാനമാ. മിച്ചവാരബാക്കി നൂററിൽപരം ബാക്കി കണക്കിൽ ഉണ്ടെന്നു് ഇട്ടീണാൻ പറഞ്ഞു. അതിൽ അഞ്ചുറുപ്പികകഴിച്ചു ബാക്കി ഇപ്പോൾ തരണം. ഉടനെ വസ്തു ഒഴിഞ്ഞുതരികയുംവേണം." എന്നരുളിച്ചെയ്തു.

സംബുദ്ധിയോടുകൂടിയല്ലാ തലേദിവസം പറഞ്ഞതെന്നു പണിക്കർ കേണുവീണപേക്ഷിച്ചു കിംഫലം? നമയം നട്ടുച്ചയായി. പണിക്കർ നിന്നനിലയിൽ തന്നേയും.

നമ്പൂതിരി കുളിയും ഉണ്ണുംകഴിഞ്ഞു് കാവിൻമത്രധാരികളായി വട്ടമിട്ടു പുമുഖത്തു് ഇലത്താളത്തിനം ആരംഭിച്ചു. പണിക്കർ രാവണനാതടുത്തിലുള്ള നാരദനെപ്പോലെയും വിറച്ചുതുടങ്ങി. പണിക്കരുടെ ക്ഷീണഭാവം കണ്ടപ്പോൾ മനസ്സലിഞ്ഞ നമ്പൂതിരിപ്പാട്ടു് പണിക്കർക്കു ഒരു പ്രായശ്ചിത്തം നിശ്ചയിച്ചു.

പണിക്കരുടെ അലച്ച ഇന്നലെ വേണ്ടപോലെ ആയില്ല എന്നു ലക്ഷ്മിക്കുട്ടി പറഞ്ഞു. അതിശയിട്ടു മുന്നലച്ച് ഇപ്പം അലറുമെങ്കിൽ മാപ്പുതരാം എന്നായിരുന്നു വിധിയുടെ സാരം.

ഇന്നുരാത്രി ഒരു അരങ്ങു് കല്പിച്ചുനടവിക്കാമെങ്കിൽ അലച്ച അതിശാക്കാം എന്നു പണിക്കരു പറഞ്ഞതിനെന്നും ശരിയായ സമാധാനമുണ്ടായില്ല. കുംഭമാസക്കാലത്തു നട്ടുച്ചസമയത്തു് പച്ചവെള്ളംകൂടി കഴിച്ചിട്ടില്ലാത്ത കുട്ടിരാമൻ ഗത്യന്തരമില്ലായ്കയാൽ ആ തിരുമുററത്തുവച്ചു് ഗാ—ഗാാ—ഗാ-ാ-ാ—എന്നു അലറി. മനയ്ക്കലിന്നുചുററും അരമൈൽദൂരത്തുള്ള കുടികളിലെ ജനങ്ങൾ ഈ അസാധാരണ സംഭവംകേട്ടു പരിഭ്രാന്തചിത്തരായി. പണിക്കരുടെ തെറവുതീക്കലും കഴിഞ്ഞുകൂടി.

—൦—

## ശ്രീരാമവിലാസം

ടൈപ്പ് ഫൗണ്ടറി

28-പായിൻറു്, 18-പായിൻറു്, 14-പായിൻറു്, 12-പായിൻറു്, 10-പായിൻറു് ഈ അഞ്ചിനം മലയാളം ടൈപ്പുകളും ഇംഗ്ലീഷിലും, തമിഴിലും ഉള്ള അനവധി ഇനം ഹെഡിംഗു ടൈപ്പുകളും ടി പായിൻറുകളിലുള്ള പലയിനം റോമൻടൈപ്പുകളും അനേകംജാതി ബാർഡറുകളും ഇവിടെ എപ്പോഴും കിട്ടുന്നതാണു്.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

Reg: No. M. 2689 THE MALAYALA RAJYAM T. 19. Licence No. 427




# സ്ത്രീകളും കലയും

മിസ്സിസ് സരോജാനായർ

സ്ത്രീതന്നെയാണ് കല. സ്രഷ്ടാവിന്റെ കലാപാടവം മുഴുവനും പ്രദർശിപ്പിച്ചിട്ടുള്ളത് സ്ത്രീയെ സൃഷ്ടിച്ചിട്ടാണെന്നു പൊതുവേ ഒരഭിപ്രായംതന്നെയുണ്ട്. പ്രകൃതിയിൽ കലാപരമായിക്കണ്ട വസ്തുക്കളെയെല്ലാം ഏകത്രീകരിച്ച്, "കൂട്ടിക്കുഴച്ച്, കുഴക്കിക്കാച്ചി, അരിച്ചുകുറുക്കി, മെഴുപ്പുരുവത്തിലാക്കി," അതുകൊണ്ടാണ് ദൈവം സ്ത്രീയെ സൃഷ്ടിച്ചു പുരുഷനുകൊടുത്തതെന്നും മററും വളരെ രസകരമായി—ഒട്ടുള്ളതും ഒട്ടില്ലാത്തതും എന്ന മട്ടിൽ—സുന്ദരമായ ഒരു രചന 'സ്ത്രീയെങ്ങിനെയുണ്ടായി' എന്ന തലക്കെട്ടിൽ ഞാനീയിടെ മലയാളരാജ്യത്തിൽ കാണുകയുണ്ടായി. ബൈബിളിലുള്ള ഒരു അപൂർണ്ണകഥയെ ആധാരമാക്കി ഒരു മാന്യൻ സഹൃദയർക്കു സമ്മാനിച്ച ഒരു ഗദ്യകവിതയുടെ ഓർമ്മവച്ചുകൊണ്ട്, അതിനെ മനോധർമ്മംചേർത്തു മോടിപിടിപ്പിച്ച് പഞ്ചസാരപൊതിഞ്ഞ മീൻനെയ്ഗുളികയെപ്പോലാക്കി, പണ്ഡിതവരേണ്യനായ ഒരു സഹോദരൻ സാഹിത്യലോകത്തിന് കാണിക്കയിട്ടതത്രേ ആ ചെറുകഥ. സഹോദരിമാരെ ഒട്ടാക്ഷേപിച്ചും ഒട്ടുപ്രശംസിച്ചും—എന്നാൽ രണ്ടും കൂടാതെയും—ഭംഗിയായി എഴുതിയ ആ ലേഖനം വായിച്ചപ്പോൾ ശ്രീഹർഷന്റെ നൈഷധീയചരിതമാണ് എന്റെ സ്മൃതിപഥത്തിൽ ആദ്യമായി വന്നുമുട്ടിയത്. ഏകദേശം മേൽപറഞ്ഞ പ്രകാരം ഉണ്ടാക്കിയ ദമയന്തിയുടെ രൂപത്തിൽ കല പരിപൂർണ്ണമായും തികഞ്ഞിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ ബ്രഹ്മാവ് അവളെ നടുമദ്ധ്യത്തു ഒററക്കൈകൊണ്ടു പിടിച്ചു തൂക്കിനോക്കിയെന്നും, പിടിയുടെ ശക്തികൊണ്ടു കടിപ്രദേശം അതികൃശമായിത്തീർന്നുവെന്നും, കരാംഗുലിയുടെ സമ്മർദ്ദംകൊണ്ടു ഉദരഭാഗത്തിൽ ത്രിവലികളുണ്ടായിപ്പോയെന്നും മററും ശ്രീഹർഷനും അദ്ദേഹത്തെയനുകരിച്ചു മററുചില കവികളും പറഞ്ഞിട്ടുണ്ട്. ഇതെല്ലാംകൂടി ആയപ്പോൾ എനിക്കും ചില ഊഹങ്ങളെല്ലാം തോന്നുന്നുണ്ട്. സ്ത്രീയും കലയുംതമ്മിൽ ഇത്ര വലിയ ഐകമത്യത്തിനുകാരണം ഇവവിധമാകരുതോ? —

സൃഷ്ടിയുടെ ആദികാലത്തു ദൈവം പ്രാകൃതികപദാർത്ഥങ്ങൾ സംഭരിച്ചുവച്ചു പ്രപഞ്ചസൃഷ്ടിതുടങ്ങി. പെണ്ണും ആണും ആയി പക്ഷിമൃഗാദിജന്തുക്കളേയും, മററു സ്ഥാവരജംഗമവസ്തുക്കളേയും, എല്ലാംസൃഷ്ടിച്ചുതീർത്തു മനുഷ്യനുമാത്രം ഒരു ഇണയുണ്ടാക്കാൻ അദ്ദേഹം വിട്ടുപോയി. മനുഷ്യൻ വിടുമോ? ദൈവവും മനുഷ്യനും ഏററവും അടുത്തിരുന്ന അക്കാലത്തു് ദൈവം മറെഞ്ഞാനുമല്ല വർത്തിച്ചിരുന്നതു്. മനുഷ്യൻ ദൈവത്തിനോടു നേരിൽചെന്നു ചോദ്യംചെയ്തു. "എനിക്കിണയെവിടെ ? എന്നു്. ദൈവം ഒന്നമ്പരന്നു. തനിക്കുപററിയ അബദ്ധത്തിൽ അദ്ദേഹം സ്വല്പമൊന്നുലജ്ജിച്ചു. 'ഉടൻതരാം' എന്നു വാഗ്ദാനംചെയ്തിട്ട് പ്രപഞ്ചം മുഴുവൻ ഒന്നു ചുററിനോക്കി. മറവിക്കു പരിഹാരമായി തന്റെ കലാചാതുരിയത്രയുമുപയോഗിച്ചു അതിസുന്ദരിയായ ഒരു പെണ്ണിനെത്തന്നെ സൃഷ്ടിക്കുവാൻ ദൈവം നിശ്ചയിച്ചു. പക്ഷെ ഒരു പദാർത്ഥവും മിച്ചംകണ്ടില്ല. അദ്ദേഹം നിരാശപ്പെട്ടില്ല, പ്രാകൃതികവസ്തുക്കളിൽനിന്നെല്ലാം കലാപരമായി ഉള്ളതൊക്കെ അപഹരിക്കതന്നെചെയ്തു — സൂര്യന്റെ ശോഭ, ചന്ദ്രന്റെ മനോഹാരിത, മാരുതന്റെ മാദകത്വം, ഭൂമിയുടെ ക്ഷമ, ആകാശത്തിന്റെ വിശാലത, ജലത്തിന്റെ ശീതളത്വം, പുഷ്പത്തിന്റെ സൗരഭ്യം, മധുവിന്റെ മാധുര്യം, തത്തക്കഴുത്തിന്റെ മാർദ്ദവം, വിഹഗത്തിന്റെ ചാപലത്വം, ലില്ലിപ്പുഷ്പത്തിന്റെ നിഷ്കളങ്കത, ചെമ്പകമൊട്ടിന്റെ നിറം, ഗജേന്ദ്രന്റെ ഗമനം, മൃഗേന്ദ്രന്റെ മദ്ധ്യം, ഹംസത്തിന്റെ ശൃംഗാരം, മയിലിന്റെ നൃത്തകൗശലം, കുയിലിന്റെ നാദം, മാനിന്റെ വീക്ഷണം, കിളിയുടെ കൊഞ്ചൽ, എന്നിവയെല്ലാം എടുത്തു. കബരീകേശം, പഞ്ചമിച്ചന്ദ്രൻ, കരിംകൂവളദളങ്ങൾ, മാരബാണം, എള്ളിൻപൂവ്, മുല്ലമൊട്ടുകൾ, തളിരുകൾ, ശംഖ്, ലതകൾ, കൂവളക്കായ്കൾ, വാഴത്തടി, തൂണീരം, താമരപ്പൂക്കൾ, മുതലായവയും വാങ്ങിച്ചു. വേണ്ടസ്ഥലത്തു് ഉചിതരീതിയിൽ സാമഗ്രികൾ ഓരോന്നും ശരിപ്പെടുത്തിവച്ചുണ്ടാക്കിയ പെൺരൂപത്തിൽ സൗന്ദര്യവും ആകർഷകത്വവും—അതുതന്നെയാണല്ലോ കല—പൂർണ്ണമായിക്കണ്ടിട്ടു ദൈവം സന്തുഷ്ടനായി ഭവിച്ചു. സത്വരജസ്തമോഗുണമയമായ പ്രകൃതിയുടെ സമസ്തഭാഗങ്ങളും ചേർത്തു കടഞ്ഞെടുത്തു വാർത്തുവച്ചു അവൾക്കു അദ്ദേഹം സ്ത്രീ എന്ന സാർത്ഥകനാമധേയംതന്നെ നൽകി. അദ്ദേഹം അവളോടു പറഞ്ഞു: 'ഹേ, കലാരൂപിണി, പുരുഷനു് ഉത്സാഹവും ശക്തിയും കൊടുത്തുകൊണ്ടു നീ അവനോടൊത്തു പ്രപഞ്ചം നടത്തുക' എന്നു്.

പുരുഷനും സ്ത്രീയുംകൂടി ജീവിച്ചു. സ്ത്രീയുടെ സാമർത്ഥ്യവും ബുദ്ധിയും സൗന്ദര്യവും കണ്ടു പുരുഷനു അല്പമൊരസൂയ തോന്നിത്തുടങ്ങി. അവളെക്കാണുമ്പോൾ സന്തോഷത്തോടുകൂടിത്തന്നെ ഈർഷ്യയും അവനെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അവളെ എപ്പോഴും ഇടിച്ചു സംസാരിക്കുന്നതു അവനൊരു രസമായിത്തീർന്നു. ചലിതയായ അവളെ ബന്ധിച്ചടക്കിയിരുത്താൻ പുരുഷനു് ഒരഭിവാഞ്ഛതോന്നി. അവളുടെ വിശാലദൃശ്യത പരനേത്രങ്ങളിൽനിന്നും മറയ്ക്കുവാൻ അവനു് എന്തെന്നില്ലാത്തൊരു മോഹം ജനിച്ചു. എന്തിനധികം സ്ത്രീ പുരുഷനൊരു 'കണ്ണിലെ കരട്'തന്നെയായി. പുരുഷനു് സ്ത്രീയെ വേണം, അവനവളുടെ മഹിമയൊട്ടു സഹിക്കാനും വയ്യ. ഇങ്ങനെ ഒരിണയെ കൊടുത്ത ദൈവത്തിനെപ്പോലും മനുഷ്യൻ വെറുക്കാൻ തുടങ്ങി. ദൈവമോ അവന്റെ പരാതിയും പരിഭവവും സഹിക്കവയ്യാതെ തിരോധാനംചെയ്തു കളഞ്ഞു.

അതാണത്രേ ദൈവം ഇന്നും മനുഷ്യരുടെമുമ്പിൽ വരാൻ വളരെ മടിക്കുന്നതു്. സ്ത്രീയെ ഉപേക്ഷിക്കുകയോ, അഥവാ അമ്മയെപ്പോലെ കരുതി അവളെ ബഹുമാനിക്കുകയോ ചെയ്യുന്നവന്റെമുമ്പിൽമാത്രമേ അതിനുശേഷം ദൈവം പ്രത്യക്ഷീഭവിക്കാറുള്ളുവല്ലോ.

ഇക്കഥ എന്റെ മനോധർമ്മംമാത്രമാണ്. പക്ഷെ ഒരു കാര്യം ശരിതന്നെ. പുരുഷന്മാർക്ക് സ്ത്രീകളെക്കൂടാതെ യാതൊരുനിവൃത്തിയും ഇല്ലെങ്കിലും അവൾക്കവരെ വലിയ ആക്ഷേപംതന്നെയാണ്. കലാഭക്തരായ സഹൃദയന്മാർപോലും കലാനികേതനമായ സ്ത്രീയെ മനസാ ബഹുമാനിച്ചാലും വചസാ ദുഷിക്കുന്നതായിട്ടാണ് കണ്ടുവരുന്നതു്. കലാനിധിയായ സരസ്വതീദേവിയുടെ സ്തനാദ്യവയവങ്ങളെ സംഗീതസാഹിത്യാദി കലാശാഖകളോടുപമിച്ചു വർണ്ണിക്കുന്ന മഹാവിദ്വാന്മാർപോലും സ്ത്രീക്ക് അവളർഹിക്കുന്ന മാഹാത്മ്യം കൊടുക്കാൻ മടിക്കുന്നുണ്ട്. കലാസേവകരായി, കലാകാരന്മാരായി, ലോകത്തിന്റെ വിലമതിക്കാത്ത മാണിക്യങ്ങളായി പ്രശോഭിക്കുന്ന പുരുഷന്മാർ അവരുടെ കലാവാസനയ്ക്കും കലാവിജയത്തിനും സ്ത്രീയോടാണ് കടപ്പെട്ടിരിക്കുന്നതെന്ന പരമാർത്ഥം ഓർക്കാറില്ല. പുരുഷന്മാർ അപഹരിച്ചിട്ടോ, അവരുടെ മർദ്ദനമേററോ, എങ്ങിനെയായാലും സ്ത്രീയിലുള്ള കലാംശം അനുദിനം കുറഞ്ഞു കുറഞ്ഞുവരുന്നതായിട്ടാണ് ഇന്നു കാണുന്നതു്. സംഗീതം സാഹിത്യം, പ്രഭാഷണം, ചിത്രമെഴുത്ത്, നാട്യം, നടനം, പാചകം എന്നീ കലകളിലും തയ്യൽ മുതലായ കരകൗശലവേലകളിലും, കൂടാതെ ഗേഹാലങ്കാരം, വീടൊരുക്കൽ മുതലായ കലയുടെ വിവിധഭാഗങ്ങളിലും ഇപ്പോൾ പുരുഷൻ സ്ത്രീയെ ജയിച്ചുനിൽക്കുന്നുണ്ട്. സ്ത്രീക്കു ക്ഷീണമല്ലേ? ജന്മനാ കലയ്ക്കാസ്ഥാനമായ സ്ത്രീ തന്റെ പാരമ്പര്യം പുനഃസ്ഥാപിക്കുകതന്നെ വേണം. തന്റെ അവകാശസ്വത്തിനു തനിക്കു പൂർണ്ണാധികാരം ഉണ്ടായിരിക്കതന്നെ വേണം. സ്ത്രീയുടെ കലാധിനാഥത്വം പുനഃസ്ഥാപിതമാകാൻ താമസമില്ല. കലയ്ക്കു സ്ത്രീരൂപം കൊടുത്താരാധിക്കുന്ന പുരുഷൻ സ്ത്രീയുടെ കലാവാസനയെ പരിപുഷ്ടപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്. കലാദേവിക്കധികാരിണിയായ ശ്രീശാരദതന്നെയാണ് കലാസർവ്വജ്ഞതയ്ക്കു വിധികല്പിക്കേണ്ടതെന്നു ശാസ്ത്രം പറയുന്നു. കാശ്മീരത്തിലെ ശാരദാപീഠം അതിനുത്തമദൃഷ്ടാന്തമല്ലേ. അങ്ങനെ പാരമ്പര്യക്രമം അനുസരിച്ചു കലാമയികളായ സ്ത്രീകളും കലകളും തമ്മിൽ എന്തു ബന്ധമാണുള്ളതു എന്നിനി പ്രത്യേകം പറയേണ്ടതില്ലല്ലോ.

ശക്തനായ പുരുഷന്റെ സഹായസഹകരണങ്ങളോടുകൂടി പൂർവ്വസ്വത്തായ കലയെ കൈവശപ്പെടുത്താൻ സ്ത്രീ ശ്രമിച്ചാൽ ഭാവിലോകത്തിനതൊരു ഉപകാരമായിരിക്കും. കലയ്ക്കുടമസ്ഥയായ സ്ത്രീയിലെന്നതുപോലെ അതു പുരുഷനിൽ ശോഭിക്കുമോ? കലാവിദഗ്ദ്ധകളായ സ്ത്രീകളുള്ള വീടും നാടും മേൽക്കുമേൽ അഭിവൃദ്ധിയെ പ്രാപിക്കുമെന്നുള്ളതു് നിശ്ചയമാണ്. അങ്ങനെയുള്ള സ്ത്രീജനങ്ങളാൽ അലംകൃതമായ രാഷ്ട്രം പ്രകൃതിസൗന്ദര്യംകൊണ്ടു മനുഷ്യവംശത്തിന്റെയെന്നല്ല സകല ചരാചരജീവികളുടെയും കണ്ണും കരളും കവരും. ഇന്നത്തെ അധഃപതിതപരിതഃസ്ഥിതിയിൽ സ്ത്രീജനങ്ങൾക്കു കലകളിൽ വീണ്ടും അഭിരുചിയും പ്രാവീണ്യവും വർദ്ധിപ്പിക്കുവാൻ ഗവൺമെൻറ് വേണ്ട നടപടികളെടുത്തു വിദ്യാഭ്യാസപദ്ധതി ഒന്നു വ്യത്യസ്തമാക്കിയാൽ അതൊരു രാഷ്ട്രോദ്ധാരണമായിരിക്കും എന്നാണ് എന്റെ എളിയ അഭിപ്രായം. കലാദേവി പ്രസാദിച്ചാൽ ഭാവിലോകം സമൃദ്ധമാകും.

മതവും കലയും ഒന്നാണെന്നു പണ്ഡിതാഭിപ്രായമുണ്ട്. മതപരമായ പ്രവർത്തനങ്ങളും അതിനാൽ സ്ത്രീകൾതന്നെ മുന്നിട്ടു നടത്തണം. ജാതിവ്യത്യാസം, മതസ്പർദ്ധ, അസമത്വം, ക്ഷാമം, അശാന്തി, എന്നീ ദുർഭൂതങ്ങളെ നിരോധനം ചെയ്യിച്ചിട്ട് ഏകജാതി, ഏകമതം, സമത്വം, സാഹോദര്യം, സമഭാവന എന്നീദേവതകളെ പ്രപഞ്ചവേദിയിൽ വേഷം കെട്ടിയിറക്കേണ്ട ഭാരം സ്ത്രീകളിലാണ് ഇന്നു പലരും നിക്ഷേപിച്ചു കാണുന്നതു്. അതിനു സ്ത്രീകളുടെ സ്വതഃസിദ്ധമായ കലാനൈപുണ്യം പ്രകാശിക്കേണ്ടതു ഏററവും അത്യാവശ്യമത്രേ.

സ്നേഹനിധികളും ത്യാഗമൂർത്തികളും ആയ സ്ത്രീകൾ കലാകൗശലതയോടെ ലോകരംഗത്തിൽനിന്നും വൈരം, സ്വാർത്ഥത എന്നിവയെ ആട്ടിപ്പായിക്കണം. ക്ഷമാശീലരായ അവർതന്നെ മനുഷ്യരിൽനിന്നും മദമാത്സര്യാദികളെ തുരത്തണം. ശക്തിസ്വരൂപിണികളായ സ്ത്രീകൾതന്നെ പുരുഷന്റെ ദൗർബ്ബല്യം പാടേ നീക്കണം. മനുഷ്യവംശത്തെ ആപൽഗർത്തത്തിലേക്കു തള്ളിവീഴ്ത്തുന്ന ദുർഗ്ഗുണങ്ങളെ പാടേ ദൂരത്തു മാററി, മാനവലോകത്തെ ആദർശശിഖരത്തിലെത്തിക്കത്തക്ക സൽഗുണങ്ങളെ ലോകത്തിലുൽഭവിപ്പിക്കാൻ സ്ത്രീകളിൽ കലാകൗശലത അത്യന്താപേക്ഷിതമാണ്.

കലാവതികളായ ഭാരതീയ സ്ത്രീകളുടെ ആത്മശക്തി പ്രചോദനഫലമായി ഭാരതീയസംസ്കാരവും ഭാരതീയാത്മചൈതന്യവും ഭാരതീയകലകളും വീണ്ടും ലോകത്തിനു മാർഗ്ഗദീപങ്ങളായി പ്രശോഭിക്കുവാൻ പ്രകൃതിമാതാവു വരം തരട്ടെ.

തിരുവനന്തപുരം റേഡിയോനിലയനക്കാരുടെ അനുവാദത്തോടുകൂടി.

—o—



ഹിന്ദുമഹാമണ്ഡലസമ്മേളനത്തോടനുബന്ധിച്ച് ശ്രീമതി താരാചൗധുരിയുടെയും സംഘത്തിന്റെയും നൃത്തം നടക്കുകയുണ്ടായി. ഇടത്തുവശംനില്ക്കുന്നതു താരാചൗധുരിയാണ്. വലത്തു് രാധിക നില്ക്കുന്നു.

HINDU MAHA MANDALAM
Complete Photos By,
SHUNMUGAM STUDIO, QUILON
ഹിന്ദുമഹാമണ്ഡല
ഫോട്ടോകൾ
BY
ഷൺമുഖം സ്ററുഡിയോ, കൊല്ലം.

ഹിന്ദീ സ്വയം
ശിക്ഷക്
പരസഹായംകൂടാതെ ഹിന്ദിപഠിക്കാവുന്ന ഒരു ഉത്തമഗ്രന്ഥം
വില രൂ. 1. ണ. 8.
മാനേജർ, ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.